LIGHTED TO LIGHTEN

പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക

MALANKARA SABHA THARAKA

October 2022 Volume 130 Issue 10 വില: 8.50



## കുടുംബം

### അർത്ഥം മെനയുന്ന സ്നേഹയിടം







**സഭാപ്രതിനിധി മണ്ഡലം 2022**



**അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്തയ്ക്ക് അമേരിക്കയിൽ നൽകിയ ഊഷ്മള സ്വീകരണം**



**മേൽപ്പാടം ആറ്റുമാലിൽ ജോർജ്ജുകുട്ടി മെരിറ്റ് അവാർഡ്ദാന ചടങ്ങിൽ നിന്നും**



**WCC യുടെ എക്സിക്യുട്ടീവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അഭി. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിക്ക്**

**ആശംസകൾ...**

# മലങ്കര സഭാതാരക

പുസ്തകം 130 ലക്കം 10 ഒക്ടോബർ 2022

പ്രകാശനായ
പ്രകാശിതഃ





## ഉള്ളടക്കം


04 മെത്രാപ്പോലീത്തായുടെ കത്ത്

05 മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷപ്രസംഗം

11 വിചാരദീപ്തി

12 എഡിറ്റോറിയൽ

13 ക്രിസ്തീയ ഭവനം ഒരു ദൃശ്യവിസ്മയം
റവ. സി. കെ. റ്റൈറ്റസ്

15 കുടുംബം: വേദപുസ്തക ഉൾക്കാഴ്ചകൾ
റവ. ബോബി മാത്യു

19 ദാമ്പത്യത്തെ തകർക്കുന്ന പത്തു ശൈലികൾ
ഡോ. സി. ജെ. ജോൺ

21 കുടുംബം: സ്നേഹത്തിന്റെ തണലിടം
റവ. ഡോ. കെ. തോമസ്

24 കുടുംബവും കുട്ടികളുടെ ആളത്ത വികാസവും
റവ. എബ്രഹാം സ്കറിയ

27 കുടുംബ സങ്കൽപം നേരിടുന്ന ഭീഷണികളും പരിവർത്തനത്തിന്റെ പുത്തൻ പാതകളും
ചെറിയാൻ സി. ജോൺ

30 സാമൂഹ്യ മാധ്യമങ്ങളും സമകാലിക കുടുംബ ബന്ധങ്ങളും
റവ. ആൻസൻ തോമസ്

33 ആളാംപ്രതി സുവിശേഷവേല സഭയുടെ ദൗത്യം
റവ. പി. സി. സജി

36 അയൽപക്ക നിർമ്മിതിയും ക്രിസ്തീയ ശുശ്രൂഷയും
റവ. അനിൽ ഏബ്രഹാം



## പത്രാധിപസമിതി

ചെയർമാൻ: **റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**
ചീഫ് എഡിറ്റർ: **റവ. ഡോ. രഞ്ജൻ ജോൺ നെല്ലിമൂട്ടിൽ**
മാനേജർ: **റവ. ഡോ. റ്റി. റ്റി. സഖറിയ**
**പത്രാധിപസമിതി:** റവ. പി. ജെ. വർഗ്ഗീസ്, ശ്രീ. തോമസ് അലക്സാണ്ടർ (സാം ചെമ്പകത്തിൽ)
ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര, ഡോ. മേരി ഏബ്രഹാം മാത്യൂസ്

**മാനേജിംഗ് കമ്മിറ്റി**
ഡോ. ജോൺ മാത്യു, ശ്രീ. മോഡി പി. ജോർജ്ജ് പത്തിയൂർ, ശ്രീ. റെജി ജോർജ്ജ്, യുഎസ്എ
ശ്രീ. ഷാജി തങ്കച്ചൻ, ശ്രീ. ടിറ്റി എം. വർഗ്ഗീസ്



**വരിസംഖ്യ ഇന്ത്യയിൽ**
(തപാൽ ചെലവ് ഉൾപ്പെടെ) വാർഷികം ₹ **200.00**
ആയുഷ്ക്കാലം ₹ **3500.00** (25 വർഷം)
സ്ഥിരകാലം (സ്ഥാപനങ്ങൾക്ക്) ₹ **5000.00** (40 വർഷം)
**വിദേശങ്ങളിൽ**: Air Mail Charge ₹ **1500/-**
ഒരുവർഷത്തേയ്ക്ക് (വരിസംഖ്യ കൂടാതെ)

പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം:
**റവ. ഡോ. രഞ്ജൻ ജോൺ നെല്ലിമൂട്ടിൽ, ചീഫ് എഡിറ്റർ, സഭാതാരക, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101,**
**Ph: 0469 - 2630968 (OFFICE)**
tharakachiefeditor@gmail.com • sabhatharaka@yahoo.com

സഭാതാരകയ്ക്കുള്ള വരിസംഖ്യ, മാസിക സംബന്ധമായ കത്തുകൾ, ഇവ അയയ്ക്കുമ്പോൾ സബ്സ്ക്രൈബർ നമ്പർ കാണിച്ചിരിക്കണം. പണവും, കത്തുകളും, **റവ. ഡോ. റ്റി. റ്റി. സഖറിയ, മാനേജർ, സഭാതാരക, തിരുവല്ല,** കേരളം, പിൻ: 689 101. ഫോൺ: 0469 - 2630968 (0) എന്ന വിലാസത്തിൽ അയയ്ക്കുക.

പ്രിന്റിംഗ്: മാർത്തോമ്മാ പ്രസ്സ്
Cover Design & Layout: Crayons Media, +91 9495901381

Mar Thoma Syrian Church: www.marthomasyrianchurch.org
www.tharakaonline.org



## ഒക്ടോബർ – 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലം 2022 സെപ്തംബർ 13,14,15 തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് അനുഗ്രഹപ്രദമായി നടത്തുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. അർത്ഥവത്തായ സാന്നിദ്ധ്യവും പങ്കാളിത്തവും നല്കി മണ്ഡലയോഗ നടപടികൾ ഭംഗിയായി പൂർത്തീകരിക്കുവാൻ സഹകരിച്ച മണ്ഡലാംഗങ്ങളെ എല്ലാവരെയും അഭിനന്ദിക്കുകയും ഏവരോടുമുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു. എപ്പിസ്ക്കോപ്പൽ സിനഡ് സെപ്തംബർ 16, 17 തീയതികളിൽ കൂടി മണ്ഡല തീരുമാനങ്ങൾക്ക് അംഗീകാരം നല്കുകയും, മണ്ഡലം – സിനഡ് തീരുമാനങ്ങൾ സർക്കുലർ കല്പനകൾ മൂലം ഏവരെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ താൽപര്യങ്ങൾക്കനുസരിച്ച് എല്ലാവരും പ്രവർത്തിക്കുകയും സഭയുടെ ശുശ്രൂഷകൾ ദൈവനാമ മഹത്വത്തിനായിത്തീരുവാൻ പ്രാർത്ഥിക്കുകയും ചെയ്യണം.

സെപ്തംബർ 16–ാം തീയതി രാവിലെ 7 മണിക്ക് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് മൂറോൻ കൂദാശ നടത്തി. സഭയിലെ തിരുമേനിമാരും, വൈദിക– അത്മായ പ്രതിനിധികളും, സഭാ ഔദ്യോഗിക ചുമതലക്കാരും ഈ കൂദാശയിൽ പങ്കാളികളായി. പ്രത്യേക സുഗന്ധവർഗ്ഗങ്ങൾ നിശ്ചിത അളവിൽ ചേർത്ത് പ്രാർത്ഥനകളോടെ തയ്യാറാക്കുന്നതാണ് വി. മൂറോൻ. വി. മാമോദീസ ശുശ്രൂഷയിൽ പരിശുദ്ധാത്മ നൽവരത്തിന്റെ അടയാളമായി സ്നാപനാർത്ഥിയെ അഭിഷേകം ചെയ്യുന്നതിനും, ദൈവാലയകൂദാശയിലും വി. മുറോൻ ഉപയോഗിക്കുന്നു. ആദിമ സഭയിൽ ശ്ലീഹന്മാരാണ് സ്നാനവും കൈവെയ്പ്പും നൽകി വിശ്വാസികളെ സഭയോട് ചേർത്തിരുന്നത് (അപ്പോ. പ്ര. 2: 4, 38, 41, 4:31). ക്രമേണ സ്നാപനാർത്ഥികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ശ്ലീഹന്മാർക്ക് എല്ലായിടത്തും ചെന്നുചേരുക അസാദ്ധ്യമായതിനാൽ വി. ശ്ലീഹന്മാർ വി. അഭിഷേക തൈലം ആശീർവ്വദിച്ച് പ്രാദേശിക സഭാദ്ധ്യക്ഷന്മാരെ ഭരമേല്പിച്ചു. ശ്ലൈഹിക പിൻതുടർച്ച അനുസ്മരിപ്പിക്കുവാൻ ഓരോ പ്രാവശ്യവും മൂറോൻ കൂദാശ നടത്തുമ്പോഴും അതിന് മുൻപ് കൂദാശചെയ്ത തൈലത്തിൽ നിന്നും അല്പം പുതിയ തൈലത്തിൽ കലർത്താറുണ്ട്.

നമ്മുടെ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ തിരുമേനി വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (WCC) എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും, നമ്മുടെ സഭാംഗങ്ങളായ, ശ്രീമതി. ഏലിയാമ്മ തോമസ് (ലീന) നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ (NCCI) പ്രസിഡന്റായും, ഡോ. അശ്വതി ജോൺ (സെറാമ്പൂർ കോളേജ് വൈസ് പ്രിൻസിപ്പാൾ) സെറാംപൂർ കോളേജിന്റെ ഗവേഷണവിഭാഗമായ സത്രി (SATHRI) യുടെ ഡീൻ ഓഫ് റിസേർച്ച് ആയും തിരഞ്ഞെടുക്കപ്പെട്ടു. സഭൈക്യപ്രസ്ഥാനങ്ങളുടെയും ദൈവശാസ്ത്ര സ്ഥാപനകളുടെയും സമുന്നത നേതൃത്വത്തിലേക്ക് നിയോഗിതരാകുന്ന ഇവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുകയും ചെയ്യുന്നു.

വികാരി ജനറാൾ വെരി. റവ. ഡോ. പി. പി. ഏബ്രഹാം (അടൂർ), റവ. വി. ജോർജ്ജ് മാത്യു (നെല്ലിക്കാല) എന്നീ സീനിയർ വൈദീകർ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സഭയിലും സമൂഹത്തിലും ഇടവകകളിലൂടെയും സ്ഥാപനകളിലൂടെയും ദീർഘവർഷങ്ങൾ ഇവർ കുടുംബമായി നല്കിയ ധന്യനേതൃത്വത്തിനായി ദൈവത്തെ സ്തുതിക്കുന്നു. കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. തിരുവനന്തപുരം പേരൂർക്കട എബനേസർ മാർത്തോമ്മാ ഇടവകാംഗം അഡ്വ. പി. എ. സൈറസ് നിര്യാതനായി. ക്രിസ്തീയ ശിഷ്യത്വത്തിന്റെ വ്യത്യസ്ഥമായ ശൈലിയിലൂടെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ മോചനത്തിനായി ജീവിതം സമർപ്പിക്കുകയും, ദരിദ്രരുടെ വിമോചനം സ്വപ്നം കാണുകയും ചെയ്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. കഴിഞ്ഞ സഭാ പ്രതിനിധി മണ്ഡലത്തിൽ മാനവ സേവാ അവാർഡ് നല്കി അദ്ദേഹത്തെ സഭയായി ആദരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിസ്വാർത്ഥവും വിശ്രമരഹിതവുമായ സുവിശേഷ ദൗത്യനിർവ്വഹണത്തിനായി ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു ●

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
26. 09. 2022

ഡോ. തിയഡോഷ്യസ്
മാർത്തോമ്മാ മെത്രാപ്പോലീത്താ

മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# പ്രതിനിധി മണ്ഡലം – 2022

# അദ്ധ്യക്ഷപ്രസംഗം

അഭിവന്ദ്യരായ തിരുമേനിമാർ, ബഹുമാനപ്പെട്ട വികാരി ജനറാൾ അച്ചന്മാർ, ആദരണീയരായ വൈദികർ, പ്രിയപ്പെട്ട മണ്ഡലാംഗങ്ങളെ നിങ്ങൾക്കേവർക്കും സ്നേഹവന്ദനം. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പ്രതിനിധിസഭയായ മണ്ഡല യോഗത്തിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ഒരു മഹാമാരിയുണ്ടാക്കിയ നീണ്ട ഇടവേളയ്ക്ക് ശേഷം നാം ഒരുമിച്ച് ചേരുകയാണിന്ന്. 2019 ലെ മണ്ഡലയോഗത്തിന് ശേഷം, കോവിഡ് – 19 മഹാമാരി മൂലം ഇപ്രകാരം ചേർന്ന് വരുവാൻ നമുക്ക് സാധിച്ചില്ല. 2021 ൽ ഓൺലൈൻ മാധ്യമത്തിലൂടെ സഭാ പ്രതിനിധിമണ്ഡലം ചേരുകയും നടപടി ക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. 2022 ൽ ഇപ്രകാരം നമ്മെ ചേർത്ത് വരുത്തിയ ദൈവകൃപയ്ക്ക് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. സഭയുടെ പ്രവർത്തനങ്ങളെ സംഗതമാക്കുന്ന ചർച്ചകളും ക്രിയാത്മക നിർദ്ദേശങ്ങളും ഉണ്ടാകേണ്ട ഏറ്റം പ്രാധാന്യമുള്ള വാർഷിക കൂടിവരവായി ഇതിനെ കാണണം. അതിന് മണ്ഡലാംഗങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ പങ്കാളിത്തമാണ് ആവശ്യം. അതിനായി നിങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു.

ഈ നാളുകളിൽ ഗൗരവതരമായ അനവധി മാറ്റങ്ങൾക്ക് സഭയും സമൂഹവും സാക്ഷ്യം വഹിച്ചു. കോവിഡിന്റെ ആവർത്തിച്ചുള്ള തരംഗങ്ങളും, കാലാവസ്ഥാവ്യതിയാനവും മൂലം സാമൂഹ്യ, സാമ്പത്തിക, ആദ്ധ്യാത്മിക മേഖലകളിലുണ്ടായ മാറ്റംമറിച്ചിലുകളും വിവരണാതീതമാണ്. ഇനിയും ഒരു മടങ്ങിവരവ് സാധ്യമോ എന്ന് സന്ദേഹിച്ച സാഹചര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽഭീതിജനകമായ സാഹചര്യങ്ങളിൽ പകൽ മേഘസ്തംഭമായും, രാത്രിയിൽ അഗ്നിത്തൂണായും ദൈവം നമ്മെ വഴിനടത്തി. സഭയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞവർഷങ്ങളിൽ അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായും അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയമെത്രാപ്പോലീത്തായും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അവരുടെ നേതൃത്വത്തിനായി ദൈവത്തെ സ്തുതിക്കാം. അവരെക്കുറിച്ചുള്ള നല്ല സ്മരണകൾ നമ്മുടെ കർമ്മമണ്ഡലങ്ങളെ കൂടുതൽ ദീപ്തമാക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

**സഭ – ദൗത്യം, ദർശനം**

യേശു പിന്നെയും അവരോട്: "നിങ്ങൾക്ക് സമാധാനം; പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20: 21) എന്ന് പറഞ്ഞു. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യഗണത്തെ ദൗത്യം ഭരമേല്പിക്കുന്ന നിയോഗ വചനങ്ങളാണിത്. സമൂഹത്തിന്റെ രൂപാന്തരത്തിനായി വിളിച്ച് അയയ്ക്കപ്പെട്ടവരുടെ ഗണമാണ് സഭ. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ദാനമാണ് സഭയുടെ ശുശ്രൂഷ. ഈ ശുശ്രൂഷ ചരിത്രത്തിൽ നിർവ്വഹിക്കുന്നതിനുള്ള ഉത്തരവാദിത്വം നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. സഭ കേവലമൊരു ആൾക്കൂട്ടമല്ല, ലോകത്തിന് ഒരു കൗദാശിക സാന്നിദ്ധ്യമാണ്. ബഹുലതകളുടെ മദ്ധ്യത്തിലാണ് സഭ അയക്കപ്പെട്ടിരിക്കുന്നത്. സമൂഹത്തെ മറന്നും മാറ്റി നിർത്തിയും സഭയുടെശുശ്രൂഷ സാധ്യമല്ല. മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ നാം പങ്ക് ചേരണം. സഹകരണം, സഹവർത്തിത്തം എന്നിവ ഉറപ്പാക്കണം. പൊതുസമൂഹം ഇന്ന് സഭയെ എങ്ങനെ വിലയിരുത്തുന്നു എന്നതും വളരെ അവധാനതയോടെ നാം മനസ്സിലാക്കണം. ക്രിസ്തീയമൂല്യങ്ങൾ സഭയ്ക്ക് കൈമോശം വരരുത്. സുതാര്യമായ ഇടപാടുകളിലൂടെയും, സാക്ഷ്യം നഷ്ടപ്പെടാത്ത പ്രവർത്തനങ്ങളിലൂടെയും,അചഞ്ചലമായ ദൈവബോധത്തിലൂടെയും മാത്രമെ നമുക്ക് മുന്നേറാനാകൂ. സഭ എല്ലാക്കാലവും കടന്നുപോയിട്ടുള്ളത് വെല്ലുവിളികളിലൂടെയാണ്. ക്രൂരമായ പീഡനങ്ങളുടെയും ഒന്നുമില്ലായ്മയുടെയും മദ്ധ്യത്തിലും വിശ്വാസത്തെ മുറുകെപ്പിടിച്ച് തളരാതെ നിലനിൽക്കുവാൻ നമ്മുടെ പൂർവ്വികരെ സഹായിച്ചത്, പ്രർത്ഥനയുടെ പിൻബലമാണ്. ഈ കാലഘട്ടത്തിലും സഭയ്ക്കാവശ്യം അതുതന്നെയാണ്. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന ക്രിസ്തു വചനം നമ്മെ ഭരിക്കണം. ഐഹിക കെട്ടുപണിക്കപ്പുറമുള്ള ദൈവശരീരമാണ് സഭ. സഭാ ഗാത്രത്തിന് നാം ഏല്പിക്കുന്ന ഏതു മുറിവും നമ്മുടെതന്നെ മുറിവായി അവശേഷിക്കും. മറ്റുള്ളവർക്ക് വേണ്ടിയേൽക്കുന്ന മുറിവുകളാണ് സഭാഗാത്രത്തെ അലങ്കരിക്കേണ്ടത്.

**പ്രാദേശിക ഇടവകകളുടെ ശാക്തീകരണം**

പ്രാദേശിക ഇടവകകളുടെ ശാക്തീകരണം വളരെ പ്രാധാന്യം അർഹിക്കുന്നു. സംഘടനകളും പ്രാർത്ഥനാ കൂട്ടങ്ങളും ഇതിൽ തങ്ങളുടെ പങ്ക് കാര്യമായി നിർവ്വഹിക്കണം. കോവിഡ് കാലം വരുത്തിയ മാന്ദ്യം വിട്ട് സഭ ഇനിയും സജീവമാകാനുണ്ട്. ഇടവകജനങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ആകരുത് നമ്മുടെ ദൗത്യം. ജനപങ്കാളിത്തം ഉറപ്പാക്കണം. പരോപകാരപ്രദമായ പരിപാടികൾ ആലോചിച്ച് നടപ്പിലാക്കുകയും, ഓരോപ്രായത്തിലുമുള്ള ജനങ്ങളുടെ ആവശ്യങ്ങൾ അറിയുകയും വേണം. അവശത അനുഭവിക്കുന്നവരുടെ ഉന്നമനത്തിനായി യത്നിക്കണം. കുട്ടികൾ, യുവജനങ്ങൾ എന്നിവർക്ക് പ്രത്യേക ശ്രദ്ധ നല്കി മൂല്യബോധമുള്ള തലമുറയായി അവരെ വളർത്തണം. സണ്ടേസ്ക്കൂൾ അഭ്യസനത്തിലും ആരാധനയിലും നിർബ്ബന്ധമായും ഇളംതലമുറയെ പങ്കെടുപ്പിക്കു

വാൻ മാതാപിതാക്കൾ താല്പര്യപ്പെടണം. അവരുടെ കഴിവുകളെ ക്രിയാത്മകമായി പരിപോഷിപ്പിച്ച്, ആളത്വത്തെ രൂപപ്പെടുത്തി, ഉത്തമസാക്ഷ്യമുള്ള പൗരന്മാരായി വളർത്തിയെടുക്കുന്നതിനുള്ള ഇടപെടലുകൾ സഭയുടെ ഉത്തരവാദിത്വമാണ്. മാർത്തോമ്മാ യുവജനസഖ്യം നവതി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഇന്ന് യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കണ്ടെത്തുവാൻ ഉതകുന്ന പദ്ധതികളാകണം ഈ വേളയിൽ നടപ്പിലാക്കേണ്ടത്. സത്യസന്ധതയും, ദൈവഭക്തിയും, നീതിബോധവുമുള്ള തലമുറയെ രൂപപ്പെടുത്തുന്നതിൽ സഭ ജാഗരൂകരാകണം. സഭയിൽ ഇപ്പോൾ നിലവിലുള്ള ഔദ്യോഗിക സംഘടനകളോടൊപ്പം സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്, വികസനസംഘം എന്നിവയും ഔദ്യോഗികമായി അംഗീകരിക്കപ്പെടണം എന്ന ആവശ്യം ഉയർന്ന് കേൾക്കുന്നു. ഇവയെല്ലാം ഇടവകയെ കൂടുതൽ ചൈതന്യവത്താക്കുവാൻ സഹായകരമാകണം. ഭൂമിക്ക് ഉപ്പും ലോകത്തിന് വെളിച്ചവുമാകുമ്പോഴാണ് ക്രൈസ്തവ സാന്നിദ്ധ്യം അർത്ഥവത്താകുന്നത്.

**ആത്മായ – വൈദിക സാക്ഷ്യം**

ദൈവജനം ലോകത്തിന്റെ എല്ലാരംഗങ്ങളിലേക്കും അയയ്ക്കപ്പെട്ടിരിക്കുന്നു. സഭയുടെ ദൗത്യ നിർവ്വഹണത്തിൽ പൂർണ്ണ പങ്കാളിത്തം വഹിക്കുന്നതിനും, ദൈവരാജ്യത്തിന്റെ പ്രവർത്തനത്തിൽ ജാഗ്രതയോടെ പ്രവർത്തിച്ച് സുവിശേഷഘോഷണത്തിൽ പങ്ക് ചേരുന്നതിനും ആത്മായർക്ക് കടമയുണ്ട്. അനുഗൃഹീത ആത്മായ നേതൃത്വത്താൽ സമ്പന്നമാണ് മാർത്തോമ്മാ സഭ. കേരളത്തിന് പുറത്തേക്ക് സുവിശേഷത്തിന്റെ വ്യാപനവും സഭയുടെ വളർച്ചയും സാധ്യമാക്കുന്നതിനും അതിലൂടെ മിഷൻഫീൽഡുകൾ,ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിനും ആത്മായ പങ്കാളിത്തം ഗണ്യമായ നേതൃത്വം നല്കിയിട്ടുണ്ട്. മലേഷ്യ – സിംഗപ്പൂർ, നോർത്ത് അമേരിക്ക – യൂറോപ്പ്, ഗൾഫ് എന്നീ പ്രവാസ മേഖലകളിൽ സഭയുടെ സാന്നിദ്ധ്യം ആദ്യമായി അറിയിച്ചത് സാക്ഷ്യവത്തായ ആത്മായ നേതൃത്വമാണ്. അവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.അയയ്ക്കപ്പെട്ട ഇടങ്ങളിൽ ക്രൈസ്തവമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും സഭാ പരമ്പര്യങ്ങൾ കൈമോശം വരുത്താതെയും അവർ സഭയെ സജീവമാക്കി.

അതോടൊപ്പം സഭയുടെ പ്രദേശിക സാക്ഷ്യങ്ങളുടെ നേതൃത്വം ഏറ്റെടുക്കേണ്ടവരാണ് വൈദികർ. നിയോഗിതരുടെ ജീവിതം മാതൃകാപരവും, ശിക്ഷണമുള്ളതും, സാക്ഷ്യമുള്ളതും ആയിരിക്കണം. സാമ്പത്തിക കാര്യങ്ങളിൽ മിതത്വം പുലർത്താനും കാര്യവിചാരകത്വം നിർവ്വഹിക്കുവാനും ആത്മായ, പട്ടത്വ, മേല്പട്ടത്വ സ്ഥാനീയർക്കെല്ലാം ഇടയാകണം. നിയോഗങ്ങളെ മറന്നു പോകുന്നതോ ലാഘവത്തോടെ കാണുന്നതോ നല്ലതല്ല. എല്ലാ മേഖലകളിലും ന്യൂനതകളുണ്ട്.അവ പരിഹരിക്കപ്പെടണം. എന്നാൽ അതല്ല ഉയർത്തിക്കാട്ടേണ്ടത്. നല്ലതു ചിന്തിക്കുകയും നല്ലതു പ്രവർത്തിക്കുകയും വേണം. നന്മ ചെയ്യുവാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കണം.

**സഭൈക്യ കൂട്ടായ്മകൾ**

2022 ആഗസ്റ്റ് 31 മുതൽ സെപ്തംബർ 8 വരെ ജർമ്മനിയിലെ കാൾസ്റൂവ പട്ടണത്തിൽ നടന്ന WCC യുടെ 11-ാമത് ജനറൽ അസംബ്ലിയിൽ മാർത്തോമ്മാ സഭയെ പ്രതിനിധീകരിച്ച് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഒരു പ്രതിനിധിസംഘം സംബന്ധിച്ചു. നമ്മുടെ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ തിരുമേനി WCC സെൻട്രൽ കമ്മിറ്റിയിലേക്കും, തുടർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു എന്നത് നമുക്ക് ഏവർക്കും അഭിമാനകരമാണ്. സഭയുടെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കുന്നു. "ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കുന്ന ക്രിസ്തുസ്നേഹം" (Christ's Love Moves the World to Reconciliation and Unity) എന്നതായിരുന്നു ചിന്താവിഷയം. തന്റെ പുത്രനെ നല്കി ലോകത്തെ സനേഹിച്ച ദൈവം, ഇന്നിന്റെ ക്രമരാഹിത്യങ്ങളിൽ നിന്നും ലോകത്തെ വീണ്ടെടുക്കുവാനുള്ള പദ്ധതിയിൽ അണിചേരുവാൻ നമ്മെയും ആഹ്വാനം ചെയ്യുന്നു. ക്രൂശിൽ വെളിപ്പെട്ട ക്രിസ്തുസ്നേഹം നീതിയിലധിഷ്ഠിതമായ ചെറുത്ത് നില്പിന്റെയും, ധാർമ്മികരോഷത്തിന്റെയും, പ്രതിഷേധത്തിന്റെയും, പ്രതിസംസ്കൃതിയുടെയും അടയാളം കൂടിയാണ്. WCCയുടെ ആഹ്വാനം പ്രാദേശിക ഇടങ്ങളിൽ പ്രതിധ്വനിപ്പിക്കുവാനുള്ള കടമ നമുക്കുണ്ട്. പ്രകൃതിയോട് നീതി പുലർത്തുവാനും,അതിജീവന പോരാട്ടങ്ങളിൽ ക്രിസ്തുസ്നേഹത്തെ തിരിച്ചറിയുവാനും വരുനാളുകളിൽ എക്യൂമെനിക്കൽ ഇടപെടലുകളിലൂടെ സാധ്യമാകണം. NCCI, KCC എന്നിവയുടെ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുവാൻ ഈ നാളുകളിൽ നമുക്ക് സാധ്യമാകുന്നു. സി. എസ്. ഐ – സി. എൻ. ഐ – മാർത്തോമ്മാ സഭകളുടെ ഐക്യവേദിയായ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ (സി. സി. ഐ) യുടെ പ്രവർത്തനങ്ങൾ നിലവിൽ സജീവമാണ്. ദേശീയ, അന്തർ ദേശീയ, ആഗോള തലങ്ങളിൽ മാത്രമല്ല പ്രാദേശിക ഇടങ്ങളിലും ഐക്യബോധം വളർത്തിയെടുക്കുവാനുതകുന്ന കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും, നമ്മുടെ അയൽപക്ക കൂട്ടായ്മകൾ ശക്തിപ്പെടുത്തുകയും വേണം.

**മിഷൻ ഫീൽഡുകൾ / പ്രവർത്തനങ്ങൾ**

മാർത്തോമ്മാ സഭ സുവിശേഷവിഹിത സഭയാണ്. നവീകരണാനന്തരം മലങ്കര സഭയിലുണ്ടായ തീക്ഷ്ണമായ സുവിശേഷ താല്പര്യമാണ് മാർത്തോമ്മാ സഭയെ സുവിശേഷ വിഹിതമാക്കിയത്. പൂർവ്വമാതാപിതാക്കളുടെ സമർപ്പണം അതിർവരമ്പുകൾക്കപ്പുറത്തേക്ക് സുവിശേഷത്തിന്റെ വ്യാപനത്തിന് വഴിയൊരുക്കി. പാർശ്വവത്കൃതരേയും തള്ളപ്പെട്ടവരേയും സഭ ചേർത്ത് പിടിച്ചു. ഇന്ന് നാം എത്തപ്പെട്ട് നില്ക്കുന്നത് തികച്ചും വെല്ലുവിളിനിറഞ്ഞ പരിസരങ്ങളിലാണ്. അതുകൊണ്ട് ഈ കാലഘട്ടം ദൗത്യത്തിന്റെ പുനർഭാവന ആവശ്യപ്പെടുന്നു. കാലഘട്ടത്തിന് അനുസൃതമായ പുത്തൻ മാനങ്ങളും മാതൃകകളും നാം കണ്ടെത്തണം. കൂടുതൽ ആളുകൾ ഭാരത സുവിശേഷീകരണത്തിനായി സമർപ്പിക്കപ്പെടണം. സുവിശേഷവേലയിൽ താല്പര്യമുള്ള ആളുകളെ കണ്ടെത്തി തക്കതായ പരിശീലനം നല്കി വയൽപ്രദേശങ്ങളിലേക്കയയ്ക്കുവാൻ വിവിധ ഭാഷാപ്രവിശ്യകളിൽ ഇടവക വികാരിമാരും ട്രയിനിംഗ് ഇൻസ്റ്റിട്യൂട്ടുകളിലെ പ്രവർത്തകരും പ്രത്യേകം താല്പര്യപ്പെടണം.

ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും മതപരിവർത്തന നിരോധിത നിയമം നടപ്പിൽ വരുത്തുവാൻ സർക്കാരുകൾ ശ്രമിക്കുന്നു. കർണ്ണാടകയാണ് ഏറ്റവും പുതിയ പരീക്ഷണ കേന്ദ്രം. ഇത് മതന്യൂനപക്ഷങ്ങളിൽ ഏറെ ഉത്ക്കണ്ഠ

ഉളവാക്കുന്നതാണ്. ജനങ്ങളെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുന്ന വോട്ട് ബാങ്ക് രാഷ്ട്രീയമാണതിന്റെ പിന്നിൽ. ഇത്തരം സാമൂഹിക വിഭജനം ദൂരവ്യാപകങ്ങളായ സാമൂഹിക വിപത്തിലേക്കാണ് ഇന്ത്യയെ കൊണ്ടെത്തിക്കുന്നത്. ഓരോ ഇന്ത്യൻ പൗരനും അവന്റെ തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം ഭരണഘടനാനുസൃതമായി നിയമിച്ചു നല്കിയിട്ടുള്ളതാണ്. ആ അവകാശം ചോദ്യം ചെയ്യുന്ന നിയമങ്ങൾ വിവിധ സംസ്ഥാനങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. രാജ്യത്ത് സ്വാതന്ത്ര്യവും മതേതരത്വവും നിലനിൽക്കുവാൻ നാം ഏവരും പ്രാർത്ഥിക്കണം. മനുഷ്യജീവൻ വിലമതിക്കുന്ന ജനങ്ങൾ കക്ഷിഭേദമെന്യെ ഒരുമിച്ചു വന്ന് ദേശത്തിന്റെ സൗഖ്യത്തിനും സമാധാനത്തിനുമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പ്രയാസകരമായ സാഹചര്യങ്ങളിൽ ശുശ്രൂഷ നിർവ്വഹിക്കുന്ന സുവിശേഷകരെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം. സുവിശേഷപ്രവർത്തകരുടെ ജീവിത നിലവാരം ഉയർത്തേണ്ടതും പരിഗണിക്കപ്പെടേണ്ടതാണ്.

**സ്വതന്ത്ര ഭാരതം / വെല്ലുവിളികൾ**

ഭാരത സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ നാം പിന്നിട്ടിരിക്കുന്നു. സ്വതന്ത്ര ഇൻഡ്യയുടെ കുതിപ്പും കിതപ്പും, ഇന്നനുഭവിക്കുന്ന വേദനകളും നൊമ്പരങ്ങളും അയവിറക്കുന്നതിനും ന്യൂനപക്ഷമായ ക്രൈസ്തവരുടെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചരിത്രവും, ഭാരത ഗ്രാമങ്ങളുടെ പുരോഗതിക്കായി ക്രൈസ്തവ സമൂഹം നൽകിയിട്ടുള്ള സംഭാവനകളും സ്മരിക്കപ്പെടുന്നതിനും സ്വാതന്ത്ര്യത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷം സഹായകരമാകണം. നമ്മുടെ രാജ്യത്ത് എത്രപേർ രാഷ്ട്രീയവും സാമൂഹ്യവുമായ സംതൃപ്തി അനുഭവിക്കുന്നുണ്ട് എന്ന ചോദ്യം ഇത്തരുണത്തിൽ പ്രസക്തമാണ്. ഇന്ത്യയിലെ 130 കോടിയിലേറെ ജനങ്ങളിൽ എത്രപേർക്ക് ശരാശരി ജീവിത നിലവാരത്തിലെത്താനും ഭരണഘടന നൽകുന്ന സ്വാഭാവിക നീതി അനുഭവിക്കാനും കഴിയുന്നുണ്ട്? വിശേഷാൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങളെ സ്വതന്ത്രഭാരതം എങ്ങനെയാണ് പരിഗണിച്ചതെന്ന് പരിശോധിക്കണം. അതിസമ്പന്നരുടെ ആസ്തി കുതിച്ചുയരുകയും അവശ്യവസ്തുക്കളുടെ വില നിരന്തരം വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങൾ എല്ലാം ഒരു വിശ്വാസ സമൂഹമെന്ന നിലയിൽ നമ്മുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായിത്തന്നെ നിലനിൽക്കണം.

ജനാധിപത്യവും, സാമൂഹ്യ നീതിയും, വ്യക്തി സ്വാതന്ത്ര്യവും കോട്ടമില്ലാതെ നിലനില്ക്കുന്ന ഒരു ഇന്ത്യയ്ക്കായുള്ള ജാഗ്രത നമ്മുടെ രാജ്യത്തെ ഓരോ പൗരനുമുണ്ടാകണം. ഇന്ത്യ എന്ന മഹത്തായ ആശയം എല്ലാ മനുഷ്യരുടെയും ശ്രേയസ്സും ഉയർച്ചയും എന്നതിൽ ഊന്നിയുള്ളതാണ്. വിഭാഗീയതകളും അസഹിഷ്ണുതയും നിഷേധിക്കപ്പെടുന്ന നീതിയുമൊക്കെ ആളുകളെ തമ്മിൽ അകറ്റുക മാത്രമല്ല, രാഷ്ട്രത്തിന്റെ വിഘടനത്തിലേക്കു പോലും വഴിയൊരുക്കാം. വൈവിധ്യമാണ് ഇന്ത്യയുടെ ചാരുത. ആ വൈവിധ്യത്തെ നിലനിർത്തിക്കൊണ്ടുതന്നെ ഐക്യത്തിന്റെ കെട്ടുറപ്പിൽ പുലരാം എന്ന വിസ്മയം ഇന്ത്യ ലോകത്തിന് കാണിച്ചു കൊടുത്തതാണ്. അതിൽ വിള്ളൽ വീഴ്ത്തുന്നതൊന്നും സംഭവിച്ചുകൂടാ. തുല്യ നീതി ലംഘിക്കപ്പെടുന്നയിടത്ത്, അതിന്റെ വിവേചനം പേറേണ്ടിവരുന്നവർക്ക് നഷ്ടമാകുന്നത് ഇന്ത്യ എന്ന മഹത്തായ ആശയത്തിലുള്ള വിശ്വാസമാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കുന്ന ക്ഷേമവ്യവസ്ഥകൾ നമ്മുടെ ഭരണഘടന ഉറപ്പ് നൽകുന്നുണ്ട്. അത് യാഥാർത്ഥ്യമാക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം.

**കുടുംബം**

കുടുംബങ്ങളുടെ വീണ്ടെടുപ്പ് സഭയിലൂടെ സാധ്യമാകണം. മാതൃകയുള്ള കുടുംബങ്ങൾ നല്ല സമൂഹത്തിന്റെ കെട്ടുപണിക്ക് അത്യന്താപേക്ഷിതമാണ്. കെട്ടുറപ്പുള്ള ബന്ധങ്ങൾ സൃഷ്ടിച്ചെടുക്കേണ്ടതും നിലനിർത്തേണ്ടതും നമ്മുടെ ഉത്തരവാദിത്വത്തിന്റെ ഭാഗം തന്നെയാണ്. കലഹിക്കുന്ന ദമ്പതികളും, ഉപേക്ഷിക്കപ്പെടുന്ന കുട്ടികളും, ആശ്രയമില്ലാതായിത്തീരുന്ന വിവാഹമോചിതരും വർദ്ധിക്കുന്നത് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കും. ജീവിത പങ്കാളിയെ ഉപയോഗിച്ച് ഉപേക്ഷിക്കേണ്ടതല്ല; സ്നേഹിച്ച് ചേർത്ത് നിർത്തേണ്ടതാണ്. കുടുംബം കാലഹരണപ്പെട്ടതാണെന്നും, വിവാഹം സ്വതന്ത്രജീവിതത്തിന് തടസ്സമാണെന്നും കരുതുന്നവരുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എപ്പോൾ വേണമെങ്കിലും ഗുഡ്ബൈ പറഞ്ഞ് വേർപിരിയുവാൻ കഴിയുന്ന തരത്തിലുള്ള 'ലിവ് ഇൻ റിലേഷൻഷിപ്പ്' വർദ്ധിക്കുന്നുവെന്നും, ഉപഭോക്തൃ സംസ്ക്കാരം കുടുംബബന്ധങ്ങളെ സ്വാധീനിച്ചിട്ടുണ്ടെന്നുമുള്ള കേരളഹൈക്കോടതിയുടെ നിരീക്ഷണം ഗൗരവമായിത്തന്നെ കാണേണ്ടിയിരിക്കുന്നു. ഒഴിവാക്കേണ്ട ആചാരമല്ല വിവാഹം എന്ന് നമ്മുടെ തലമുറകളെ പഠിപ്പിക്കുവാൻ ഇനിയും വൈകരുത്. കുടുംബത്തിൽ നിന്നുള്ള സുഖങ്ങളും സൗകര്യങ്ങളും മറ്റുള്ളവരുടെ ത്യാഗങ്ങളുടെ ഫലങ്ങളും അനുഭവിച്ച് വളർന്നവരാണ് ഇന്നത്തെ തലമുറ. അങ്ങനെയുള്ളവർ ഇനി അതൊന്നും മറ്റുള്ളവർക്ക് നല്കാതിരിക്കുന്നത് പരിഷ്കൃത സമൂഹത്തിന് യോജിക്കുന്നതല്ല.

**സ്ത്രീ ശാക്തീകരണം**

ഭാരതത്തിന്റെ 15-ാമത് പ്രസിഡന്റായി ശ്രീമതി. ദ്രൗപതി മുർമു അധികാരത്തിലെത്തി എന്നത് അഭിമാനിക്കത്തക്ക സംഗതിയാണ്. ഈ കാലയളവിൽ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും ഒട്ടേറെ മുന്നേറ്റങ്ങൾ വനിതകൾ നടത്തിയിട്ടുമുണ്ട്. എന്നിരുന്നാലും സ്വതന്ത്രഭാരതത്തിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒട്ടനവധിയാണ്. വനിതകളോടുള്ള മനോഭാവത്തിലും തുല്യഅവസരങ്ങൾ പങ്കിടുന്നതിലും ഇനിയും തുറവിയുള്ള സമീപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പുരുഷമേധാവിത്വത്തിന്റെ കടന്നാക്രമണങ്ങളിൽ ഇരയാക്കപ്പെടുന്ന സ്ത്രീത്വം സ്വതന്ത്രഭാരതത്തിന് ഭൂഷണമല്ല. അധിനിവേശത്തിന്റെയും അവസരനിഷേധത്തിന്റെയും ഇടങ്ങളെ തിരിച്ചറിഞ്ഞ് തിരുത്തലുകൾ വരുത്തുവാൻ നമുക്ക് കടപ്പാടുണ്ട്. സഭയായി സ്ത്രീശാക്തീകരണത്തിന് കൂടുതൽ ഊന്നൽ നല്കേണ്ടിയിരിക്കുന്നു. സേവികാസംഘത്തിന്റെ ദൗത്യനിർവ്വണത്തിൽ ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കണം. വർദ്ധിച്ച് വരുന്ന മറ്റൊരു സാമൂഹ്യ തിന്മയാണ് ഗാർഹിക പീഡനം. നാഷണൽ ക്രൈംറിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2021ൽ രാജ്യത്ത് ജീവനൊടുക്കിയ സ്ത്രീകളിൽ (1,64,033) പകുതിയിലേറെയും വീട്ടമ്മമാരാണ്. വിവാഹ ജീവിതവുമായി ബന്ധപ്പെട്ടാണ് സ്ത്രീകളുടെ ആത്മഹത്യയിലേറെയും. അതിൽ സ്ത്രീധനവും പ്രധാനവിഷയമായി വരുന്നു. സ്ത്രീധനം മോഹിച്ച് വിവാഹം കഴിക്കുന്ന പുരുഷൻമാർ വിവാഹം എന്ന കൂദാശയെ സാമ്പത്തിക താല്പര്യങ്ങളുമായി

കൂട്ടിക്കെട്ടി സ്ത്രീയുടെ ആളത്വത്തെ ലഘൂകരിച്ച് കാണുകയാണ്. ലിംഗവിവേചനമാണ് പെൺകുട്ടികൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. ഭ്രൂണഹത്യമുതൽ ഈ വിവേചനം ആരംഭിക്കുകയാണ്. ലിംഗവിവേചനത്തിനെതിരെ നിലപാടുകൾ എടുക്കുവാൻ പ്രേരിപ്പിക്കുന്ന ആത്മീയതയുടെ പ്രസക്തി കൂടുതൽ വെളിവാകുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്.പുരുഷാധിപത്യത്തിന്റെ മൂല്യങ്ങളെ വെല്ലുവിളിക്കുന്ന വേദപുസ്തക ദർശനങ്ങളെ പങ്കിടുവാനും പ്രചരിപ്പിക്കാനുമുള്ള ബാധ്യത സഭകൾ ഏറ്റെടുത്തേ മതിയാകൂ. പ്രാദേശിക ഇടവകകൾ ഇത്തരം ദർശനങ്ങൾക്ക് പ്രചാരം നല്കണം. ഒപ്പം കൗൺസിലിംഗ് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പരിഹാരം ഒരു പരിധിവരെ കണ്ടെത്താവുന്നതുമാണ്.

**പൊതുവിദ്യാഭ്യാസ രംഗം / ഉന്നത വിദ്യാഭ്യാസം**

ശാസ്ത്ര സാങ്കേതിക വിദ്യകളുടെ ഉപയോഗം, സ്മാർട്ട് ക്ലാസ്സ് എന്നിവ പൊതുവിദ്യാഭ്യാസത്തെ മികവുറ്റതാക്കി. നമ്മുടെ സ്കൂളുകളുടെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടണം. ഡിവിഷൻ ഫോൾ നിലനിന്നിരുന്ന ചില സ്ക്കൂളുകളെ അതിൽനിന്നും കരകയറ്റി മികവിന്റെ കേന്ദ്രങ്ങളാക്കി പരിവർത്തിപ്പിച്ച പ്രഗത്ഭരായ അദ്ധ്യാപകർ നമുക്കുണ്ട്. എന്നാൽ ഇപ്പോഴും നിലനില്പിന് ഭീഷണി നേരിടുന്ന വിദ്യാലയങ്ങളുമുണ്ട്. എവിടെയാണ് ചികിത്സ ആവശ്യമെന്ന് നാം തിരിച്ചറിയണം. സ്കൂൾ കെട്ടിടങ്ങളും ആസ്ഥിവസ്തുക്കളും അന്യാധീനപ്പെട്ടുപോകരുത്. വിദ്യാലയങ്ങളുടെ ഉദ്ധാരണത്തിന് പ്രാദേശിക ഇടവകകൾ നേതൃത്വം ഏറ്റെടുക്കണം. കഴിഞ്ഞ വിദ്യാലയവർഷം ഹൈസ്ക്കൂൾ - ഹയർ സെക്കൻഡറി തലങ്ങളിൽ നല്ല വിജയശതമാനം കൈവരിച്ച സ്കൂളുകളെയും, അതിന് നേതൃത്വം നല്കിയ കോർപ്പറേറ്റ് മാനേജരേയും, അദ്ധ്യാപക - അനദ്ധ്യാപകരേയും അഭിനന്ദിക്കുന്നു.

ഉന്നതവിദ്യാഭ്യാസത്തിനും മെച്ചമായ തൊഴിലവസരങ്ങൾക്കുമായി കേരളത്തിലെ യുവജനങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറുകയാണ്. വരും നാളുകളിൽ ഒരുപക്ഷേ കേരളം അഭിമുഖീകരിക്കുവാൻ പോകുന്ന ഏറ്റവും വലിയ വിപത്ത് ഇവിടെ യുവതലമുറയുടെ അഭാവമായിരിക്കും. നമ്മുടെ ഉന്നത വിദ്യാഭ്യാസമേഖല ഇനിയും മെച്ചപ്പെടണം. ആകർഷകമാം വിധം മെച്ചമായ കോഴ്സുകളും, നിലവിലുള്ള കോഴ്സുകളുടെ പുനസംഘാടനവും, പഠന സൗകര്യങ്ങളും, വിദേശ സർവ്വകലാശാലകളുമായി നെറ്റ് വർക്കിംഗ് പദ്ധതികളും, ട്വിന്നിംഗ് പ്രോഗ്രാമുകളും ഉണ്ടാകണം.

നാഷണൽ എഡ്യൂക്കേഷൻ പോളിസി 2020 വഴി കേന്ദ്ര സർക്കാരും കേരള സർക്കാരും ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്രമായ പരിഷ്ക്കരണങ്ങൾക്ക് കൈക്കൊള്ളുന്ന തീരുമാനങ്ങളെ അഭിനന്ദിക്കുന്നു. യോഗ്യതയുള്ളതും ഗുണമേന്മയിൽ മുന്നിൽ നില്ക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഓട്ടണോമസ് കോളേജുകളായും യൂണിവേഴ്സിറ്റികളായും മാറ്റുന്നത് എന്തുകൊണ്ടും ഉചിതമായ നടപടിയാണ്. നാഷണൽ എഡ്യൂക്കേഷൻ പോളിസി 2020 ഇതിന് ഊന്നൽ നല്കിയിട്ടുമുണ്ട്. എന്നാൽ, ന്യൂനപക്ഷങ്ങളുടെ സ്വാതന്ത്ര്യത്തെ പ്രതികൂലമായി ബാധിക്കുകയും, 1972 ലെ Direct Payment Agreement നെ ലംഘിക്കുകയും ചെയ്യുന്ന നിർദ്ദേശങ്ങൾ കേരള സർക്കാർ നിയമിച്ച വിദ്യാഭ്യാസ കമ്മീഷൻ ശുപാർശ ചെയ്തതായി കാണുന്നു. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മാനേജുമെന്റുകളുമായി കൂടിയാലോചിക്കാതെ കേരള സർക്കാർ ഈ നിർദ്ദേശങ്ങൾ സ്ഥാപനങ്ങളുടെ നടത്തിപ്പിലോ നിയമനങ്ങളിലോ അടിച്ചേൽപിക്കരുതെന്നാണ് സഭയുടെ നിലപാട്. സംസ്ഥാനതലത്തിലും ദേശീയ തലത്തിലും ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുന്നതിനൊപ്പം തദ്ദേശിയ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും ഗുണപരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം. മെറിറ്റ് അംഗീകരിക്കപ്പെടുന്നിടത്താണ് യുവതയുടെ ആത്മവിശ്വാസം ഉയരുക. മികവിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങളും സ്ഥാനകയറ്റങ്ങളും പരിഗണിക്കപ്പെടണം. അധികാരത്തിന്റെ അടുപ്പമോ, സമ്പത്തിന്റെ ബലമോ ഒന്നും ആകരുത്, പദവികൾക്കും ഉത്തരവാദിത്തങ്ങൾക്കുമായി ആളുകളെ തിരഞ്ഞെടുക്കപ്പെടുന്നതിന്റെ മാനദണ്ഡം.

യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (UGC) നിർദ്ദേശിച്ചിട്ടുള്ള ക്ലസ്റ്റർ സിസ്റ്റത്തിലേക്ക് നമ്മുടെ കോളേജുകളെയും കൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിക്കണം. നമ്മുടെ കോളേജുകളുടെ നാഷണൽ റാങ്കിംഗും അക്രഡിറ്റേഷനും മെച്ചപ്പെടണം. മാർത്തോമ്മാ സഭയുടെ കോളേജുകൾ ഓട്ടോണമസ് കോളേജ് പദവിയിലേക്കും ഡിoമ്ഡ് യൂണിവേഴ്സിറ്റി പദവിയിലേക്കും ഉയർത്തപ്പെടണം.

**ലഹരി ആസക്തി (മദ്യം / മയക്ക് മരുന്ന്)**

മദ്യ ഔട്ട്ലറ്റുകൾ ഇന്ന് കേരള സംസ്ഥാനത്ത് സുലഭമാകുന്നു എന്നത് ഏറെ ഉത്ക്കണ്ഠാജനകമാണ്. മനുഷ്യനേക്കാൾ മദ്യത്തിന് പ്രാധാന്യം നൽകുന്നത് വികലമായ കാഴ്ചപ്പാടാണ്. സാമൂഹ്യ പ്രശ്നങ്ങൾ വർദ്ധിക്കുകയും യുവജനങ്ങൾ മദ്യത്തിന് അടിമകളാകുകയും ചെയ്യുന്നത് സാമൂഹ്യ ഭദ്രത നശിപ്പിക്കും. മദ്യത്തിന്റെ ലഭ്യത കുറച്ചേ മതിയാകു. വരുമാനം മാത്രം നോക്കി മദ്യവിപണിക്ക് സർക്കാർ അവസരമൊരുക്കരുത്. മദ്യവില്പനയിൽ നിയന്ത്രണങ്ങളേർപ്പെടുത്തി തകർച്ചയിലായ ജീവിതങ്ങളെ കൈപിടിച്ചുയർത്തുവാൻ ശ്രമിക്കണം. അതോടൊപ്പം മദ്യവർജ്ജനത്തിന് പ്രോത്സാഹനം നല്കുകയും വേണം.

വിദ്യാർത്ഥികൾ ലഹരിയുടെ വാഹകർ ആയി മാറുകയും, സ്കൂൾകുട്ടികളും യുവാക്കളും ഉൾപ്പെടുന്ന പോക്സോ കേസുകൾ ഈ നാളുകളിൽ വർദ്ധിക്കുകയും ചെയ്യുന്നു. കുട്ടികളെ ലക്ഷ്യമിടുന്ന ലഹരി മാഫിയ കേരളത്തിലും ശക്തമാകുന്നതിന്റെ ഞെട്ടിക്കുന്ന കണക്കുകളാണ് നാം കേൾക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ്സ് തികയാത്ത 3933 ആളുകളെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും, അതിൽ 40% പേർ 18 തികയാത്തവരാണെന്നും ശ്രീ. പി. സി. വിഷ്ണുനാഥ് (എം. എൽ. എ) കേരളാ നിയമസഭയിൽ പറഞ്ഞത് കേരളം എത്തിനില്ക്കുന്ന ഭയാനകമായ അവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു. ഈ പ്രതിസന്ധിയിൽ നിന്നും കരകയറുവാൻ, ഭരണ - പ്രതിപക്ഷങ്ങൾ കാണിക്കുന്ന ഐക്യം മാതൃകാപരമാണ്. ലഹരി - ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുതകുന്ന ബോധവത്ക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ചിരിക്കുന്ന കർമ്മ പദ്ധതികളിൽ കേരളം ഒറ്റക്കെട്ടായി അണിനിരക്കണം. നമ്മുടെ എല്ലാ സ്കൂളകളിലും കോളേജുകളിലും ലഹരി വിരുദ്ധ പ്രവർത്തനവും ബോധവത്ക്കരണവും ശക്തമാക്കുവാൻ നാം ജാഗരൂകരാകണം. ഗവൺമെന്റ് സംവിധാനങ്ങൾക്കൊപ്പം ജനപ്രതിനിധികളും, പൊതുപ്രവർത്തകരും മത-സന്നദ്ധപ്രവർത്തകരും കൈകോർക്കണം. ഒപ്പം നിരീക്ഷണ

ങ്ങളും തിരുത്തലുകളും വീട്ടിൽത്തന്നെ ആരംഭിക്കണം. ചിട്ടയും, നിഷ്ഠയും, ദൈവഭയവും, മൂല്യബോധവും, നല്ലമാതൃകകളും ഭവനാന്തരീക്ഷത്തിൽ നല്കുവാൻ മാതാപിതാക്കൾ ശ്രമിക്കുകയും വേണം.

**ഭക്ഷണം /പാർപ്പിടം / ചികിത്സാ രംഗം**

ഇന്ത്യ, ലോകത്തെ ഏറ്റവും വലിയ അഞ്ചാമത്തെ സാമ്പത്തിക ശക്തിയായി എന്ന ഐ. എം. എഫിന്റെ വിലയിരുത്തൽ, ലോകത്തിന്റെ മുന്നിൽ അഭിമാനാർഹമായ നേട്ടമാണ്. 2029 ൽ ഇന്ത്യ ലോകത്തെ മൂന്നാം സാമ്പത്തിക ശക്തിയാകുമെന്നും കണക്കാക്കുന്നു. ഇന്ത്യാ രാജ്യത്തിന്റെ കുതിപ്പായി ഇവയെ വിശേഷിപ്പിക്കുമ്പോഴും, കിതയ്ക്കുന്ന ഭാരതജനതയെ നമുക്ക് വിസ്മരിക്കാനാവില്ല. ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യ പിന്നിലാണെന്നത് നിരാശാജനകമാണ്. വിശപ്പ് സൂചികയിൽ ഇന്ത്യ 101-ാം സ്ഥാനത്ത് നില്ക്കുന്നു. പോഷക വൈകല്യമുള്ള കുഞ്ഞുങ്ങളുടെ പട്ടികയിൽ ഏറ്റവും മുന്നിലുമാണ് നമ്മുടെ രാജ്യം. ഓക്സ്ഫാം റിപ്പോർട്ടനുസരിച്ച് 2021 ൽ ഇന്ത്യയിലെ 84 ശതമാനം വീടുകളുടെ വരുമാനം കൂപ്പുകുത്തി. അതേസമയം അതിസമ്പന്നരുടെ എണ്ണം 102 ൽ നിന്നും 142 ആയി ഉയർന്നു. ലോക്ഡൗൺകാലത്ത് വണ്ടിക്കൂലിയും ഭക്ഷണവുമില്ലാതെ രാജ്യതലസ്ഥാനത്ത് പോലും നൂറുകണക്കിന് ജനങ്ങൾ കാൽനടയായി യാത്ര ചെയ്ത കാലത്ത് അതിസമ്പന്നർ പണക്കൊയ്ത്ത് നടത്തുകയായിരുന്നു എന്നാണ് മുകളിൽ സൂചിപ്പിച്ച കണക്കുകൾ വെളിവാക്കുന്നത്. വോട്ട് ബാങ്ക് ലക്ഷ്യമാക്കി വികസനത്തെ ദർശിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ ഇത്തരം സ്ഥിതിവിവരക്കണക്കുകൾ മറന്നു പോകുന്നു. സഭകളുടെ ദൗത്യത്തിന്റെ മുമ്പിലെ ചോദ്യമാണ് ഈ വിശക്കുന്ന സമൂഹം.വിശപ്പിന്റെ വിളിയെ തിരിച്ചറിഞ്ഞു വിഭവങ്ങൾ പങ്കുവെയ്ക്കുന്നവരായി നാം മാറിയേ മതിയാകൂ. സമൂഹത്തിലെ നിർദ്ധനരായ കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകരമായ ലൈറ്റ് റ്റു ലൈഫ് പദ്ധതി നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഇൻഡ്യയിലെ വിവിധ ഭദ്രാസനങ്ങളിലൂടെയും കാർഡ്, സ്റ്റാർഡ് എന്നീ സംഘടനകളിലൂടെയും നടത്തി വരുന്നു. ഈ പദ്ധതി ഇൻഡ്യയിലെ ഗ്രാമങ്ങൾക്ക് സമൂല പരിവർത്തനം നടത്തുവാനുതകുന്ന ഒരു സാമൂഹ്യ പദ്ധതിയായി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കാം. വിശപ്പിന്റെ വിളിയോട് ക്രിയാത്മകമായി പ്രതികരിക്കുന്ന പ്രവർത്തനങ്ങൾ ഭദ്രാസന തലങ്ങളിലും സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും നടക്കുന്നു എന്നത് ശ്ലാഘനീയം തന്നെയാണ്. പോഷകാഹാരക്കുറവ് അനുഭവിക്കുന്ന അമ്മമാരിലേക്കും കുഞ്ഞുങ്ങളിലേക്കും കൂടുതലായി പ്രവർത്തിക്കുവാൻ നമുക്ക് തീരുമാനമെടുക്കാം. വിശക്കപ്പടക്കാൻ അന്നമില്ലാത്തവർ നമുക്ക് ചുറ്റും ഇനി ഉണ്ടാകരുത്.

കോവിഡനന്തര കാലത്ത് സാമ്പത്തിക പരാധീനതകളിലൂടെയും കടക്കെണിയിലൂടെയും അനേകർ കടന്നു പോകുന്നു. പ്രവാസികളായ നമ്മുടെ സഭാംഗങ്ങളിൽ ജോലി നഷ്ടപ്പെട്ടവരും വരുമാനത്തിൽ കുറവു വന്നവരുമായ അനേകരുണ്ട്. അവരുടെ പ്രശ്നങ്ങൾ വളരെ വലുതാണ്. ജീവിതം വഴിമുട്ടിയ പലരും ആത്മഹത്യയിൽ പരിഹാരം കാണുന്നു എന്നത് ഏറെദുഃഖകരമത്രെ. ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല, പകരം നിശ്ചയദാർഢ്യത്തോട് പ്രതിസന്ധികളെനേരിടണം. മാരകരോഗത്തിന് അടിമപ്പെട്ട് ആരോഗ്യവും സമ്പത്തും നഷ്ടമായി കടക്കെണിയിലകപ്പെട്ട അനേക കുടുംബങ്ങളുണ്ട്. അനുദിനം വർദ്ധിക്കുന്ന ചികിത്സാ ചെലവ് സാധാരണക്കാർക്ക് താങ്ങാവുന്നതിലധികമാണ്. സഭയുടെ സ്നേഹകരം പദ്ധതിയിലൂടെ റിപ്പോർട്ട് വർഷത്തിൽ ഇങ്ങനെയുള്ള 302 അപേക്ഷകരെ സഹായിക്കുവാൻ സാധിച്ചു. സ്വന്തമായി വീടും സ്ഥലവുമില്ലാത്ത ആളുകൾ ഇനിയും നമ്മുടെ ചുറ്റുമുണ്ട്. സുരക്ഷിതത്വമുള്ള ഭവനം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായി കരുതി, അങ്ങനെയുള്ളവരെ സഹായിക്കുവാൻ സുമനസ്സുകൾ മുന്നോട്ട് വരണം. 2021 ൽ സഭയായി ആരംഭിച്ച 100 വീടുകളുടെ നിർമ്മാണം ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഇനിയും കൂടുതൽ ആവശ്യക്കാർ നമ്മുടെ സമീപത്തുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾ തുടർന്നും അനേകർക്ക് ആശ്വാസമാകട്ടെയെന്ന് പ്രാർത്ഥിക്കാം, അതിനായി പ്രവർത്തിക്കാം.

**യുദ്ധം**

ഒരു സമൂഹം വേറൊരു സമൂഹത്തിന് മേൽ ആധിപത്യം സ്ഥാപിക്കുന്നതിന് വേണ്ടി നടത്തുന്ന വിധ്വംസക പ്രവർത്തനങ്ങളെയാണ് പൊതുവെ യുദ്ധം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ലോകരാഷ്ട്രങ്ങളിൽ യുദ്ധത്തിന്റെ ദാരുണമായ തിരിച്ചുവരവാണ് കഴിഞ്ഞ കുറെ മാസങ്ങളായി കാണുന്നത്. കെടുതികളുമായി യുക്രൈൻ - റഷ്യ യുദ്ധം നീളുന്നതിനിടെ, തയ്വാൻ ഇപ്പോൾ ഒരു യുദ്ധ നിഴലിലാണ്. ഇത് അമേരിക്കയും ചൈനയും തമ്മിലുള്ള ഒരു ശീതയുദ്ധത്തിലേക്ക് വഴിമാറുന്നുവോ എന്ന് സംശയിക്കുന്നവരുണ്ട്. ഈ ലോകത്തെയാകെ ഭസ്മമാക്കാനുള്ള സംഹാര ശേഷിയുള്ള ആണവശക്തികൾ തമ്മിലാണ് ഏറ്റുമുട്ടൽ സാധ്യത എന്നത് അത്യന്തം ഭീതിജനകമാണ്.സംവാദത്തിലുടെയും സൗഹൃദത്തിലൂടെയും സമാധാനം കെട്ടിപ്പടുക്കുന്നതിന് രാഷ്ട്രനേതാക്കൾ ജാഗരൂകരാവുകയാണ് ഇപ്പോഴത്തെ ആവശ്യം. ലോക സമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

**പരിസ്ഥിതി**

ആധുനിക മനുഷ്യന്റെ ജീവിത ശൈലിയുമായി ബന്ധപ്പെട്ട കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ ഇതിനകം ലോകം അനുഭവിച്ചു തുടങ്ങിയിരിക്കുകയാണ്. കനത്ത മഴ പെയ്യുന്ന ദിവസങ്ങളും, അത്യുഷ്ണം അനുഭവപ്പെടുന്ന ദിനങ്ങളും വർധിച്ചുവരുന്നു. മൺസൂണിന്റെ ഘടനയിൽത്തന്നെ മാറ്റം വന്നു. 2018 ലെ പ്രളയത്തിൽ പോലും വെള്ളം കയറാത്ത ഇടങ്ങൾ നിമിഷനേരത്തിനുള്ളിൽ മിന്നൽ പ്രളയത്തിന് വിധേയപ്പെടുകയാണ്. പ്രളയഭൂപടത്തിൽ ഇടംപിടിക്കാത്തതും, ആറുമായി ബന്ധമില്ലാത്തതുമായ ഉൾപ്രദേശങ്ങളിലേക്കു പോലും തോടുവഴി പ്രളയം എത്തുന്നത് ദുരന്തസാധ്യയുടെ പുത്തൻ പാഠമാണ്. ന്യൂനമർദ്ദവും, കടലിന്റെ അതിതാപനവും, കൂമ്പാരമേഘങ്ങളും, മേഘവിസ്ഫോടനവും ഒക്കെ പുതിയ അനുഭവങ്ങളായി വരുന്നു. പ്രകൃതി നിരന്തരം തരുന്ന മുന്നറിയിപ്പുകൾ അവഗണിച്ച് മുന്നോട്ട് പോകുവാൻ ഇനി നമുക്ക് സാധിക്കുകയില്ല. വരൾച്ചയുടെ, വെള്ളപ്പൊക്കത്തിന്റെ, ഉരുൾപ്പൊട്ടലിന്റെ, സമുദ്രതീരശോഷണത്തിന്റെ, മലയുടെയും മണ്ണിന്റെയും ഇടിച്ചിലിന്റെ ലോകം ആവശ്യപ്പെടുന്നത് നമ്മുടെ ജീവിതത്തിന്റെ ശൈലിമാറ്റമാണ്. കീടനാശിനികളുടെ വർദ്ധിത വിനിയോഗം വായുവും വെള്ളവും മണ്ണും വിഷമയമാക്കുന്നു. ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തു

ന്നതും വ്യപകമായ വിപത്തുകൾ വരുത്തുന്നുണ്ട്. വിഷത്തിന്റെ ലോകത്തിൽ മാരകരോഗങ്ങൾ പടർന്ന് പിടിക്കുന്നു. ഭൂമിയിലെ ജീവലോകത്തിന്റെ തന്നെ നില നില്പിനെയാണ് ഇത് ചോദ്യംചെയ്യുന്നത്. വിഷരഹിത കാർഷിക ഉത്പാദനത്തിന് നാം മുൻകൈയെടുക്കണം. സർക്കാർ തലത്തിൽ തരിശു ഭൂമികൾ കൃഷിയിടങ്ങൾ ആക്കുവാനുള്ള പദ്ധതിയെ ത്വരിതപ്പെടുത്തണം. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിലൂടെ പരിസ്ഥിതി സാക്ഷരത ഊർജ്ജിതമാക്കണം. ഉപഭോഗ തൃഷ്ണയിൽ പ്രകൃതിയെ കൂടുതൽ ചൂഷണം ചെയ്യുന്നതും ഉപഭോഗാനന്തരം പുറത്തേക്കുതള്ളുന്ന ഖര, ജല, വാതക മാലിന്യങ്ങളും പ്രകൃതിയുടെ താളം തെറ്റിച്ചു കൊണ്ടിരി ക്കുന്നു. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള നീക്കങ്ങൾ താല്ക്കാലിക ലാഭമേ ആകൂ. നമ്മുടെ ലക്ഷ്യം സുസ്ഥിരവി കസനം (Sustainable Development) ആകണം. അതിനായി ദീർഘവീക്ഷണത്തോടെയും അവധാനതയോടെയും പദ്ധതികൾ ആസൂത്രണം ചെയ്യണം. സഭയ്ക്കും ഇതിൽ ശക്തമായ നിലപാടുകൾ സ്വീകരിക്കുവാൻ സാധിക്കും. പ്രകൃതിയോടുള്ള നീതിപൂർവക സമീപനം നമ്മുടെ വിശ്വാസ പ്രഖ്യാപനമായി കണ്ട് ഭൂമിക്ക് ആവശ്യമായ വിശ്രമവും വീണ്ടെടുപ്പും നല്കണം. ജൈവകേന്ദ്രീകൃത ജീവിതശൈലിയാണ് ഇന്നിന്റെ ആവശ്യം. അതിലേക്കൊരു തിരിച്ചുപോക്കിനും നാം തയ്യാറാകണം. ഒപ്പം സംഭവി ച്ചുപോയ കാലാവസ്ഥാവ്യതിയാനവുമായി പൊരുത്ത പ്പെടാനുള്ള നടപടികളും അനിവാര്യം.

**തീരദേശം / വനമേഖല**

കേരളത്തിന്റെതുൾപ്പെടെയുള്ള തീരപ്രദേശങ്ങൾ ശോഷിക്കുന്നുവെന്നും ജനങ്ങളുടെ ആവാസമേഖല കുറഞ്ഞുവരുന്നുവെന്നുമുള്ള ആശങ്ക തീരവാസികളിൽ വർദ്ധിക്കുന്നു. ഇതോടൊപ്പം കടലിലെ വലിയ നിർമ്മാണ പ്രവർത്തനങ്ങൾ തീരശോഷണത്തിന് ആക്കം കൂട്ടുന്നുമുണ്ട്. ഇത് കേവലം വികസനത്തിന്റെ കണ്ണാടിയിലൂടെ മാത്രമല്ല കാണേണ്ടത്. കിടപ്പാടം ന ഷ്ടപ്പെടുന്ന ഒരു കൂട്ടം ആളുകളുടെ രോദനം അവി ടെയുണ്ട്. വിഴിഞ്ഞം തുറമുഖകവാടത്തിൽ മത്സ്യ ത്തൊഴിലാളികൾ നടത്തുന്ന 'അതിജീവന സമരം' ഇതിനുദാഹരണമാണ്. അതോടൊപ്പം ബഫർസോൺ, പരിസ്ഥിതി ലോലമേഖലാ വിഷയങ്ങൾ മലയോര കർഷകരുടെ ജീവിതം അസ്വസ്ഥമാക്കുന്നു. വൻകിട പദ്ധതികൾ നടപ്പിലാക്കുമ്പോൾ മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്നവന്റെ നിലവിളിയാണിതിലുള്ളത്. ഇതിന് ശാശ്വത പരിഹാരം കണ്ടെത്തണം. ഇവിടെ ചർച്ചകൾക്കാണ് പ്രാധാന്യം. തീരപ്രദേശത്തായാലും മല യോരമേഖലയിലായാലും ജനവാസമേഖലകൾ കുറയു ന്നതിന് കാരണം കണ്ടെത്തുന്നതിനുതകുന്ന പഠനങ്ങൾ ഉണ്ടാകണം. ഇരകളാകുന്നവർക്ക് നഷ്ടപരിഹാരമോ പുനരധിവാസമോ നല്കേണ്ടത് അടിയന്തിര ആവശ്യമാണ്. കേരളം പോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലത്തുണ്ടാകേണ്ട എല്ലാ മാറ്റങ്ങളും വികസന പ്ര ക്രിയകളും അടിച്ചേൽപ്പിക്കുന്നതിന് പകരം ജനങ്ങളെ വിശ്വാസത്തിലെടുത്തുള്ളതാക്കുവാൻ കഴിയേണ്ടതാണ്.

**എപ്പിസ്ക്കോപ്പൽ തെരഞ്ഞെടുപ്പ്**

സഭയുടെ ആകമാന വളർച്ച ത്വരിതപ്പെടുത്തുന്നതിനും പ്ര വർത്തനങ്ങളെ ഭദ്രാസന തലത്തിൽ ഏകോപിപ്പിക്കുന്ന തിനും എപ്പിസ്ക്കോപ്പാമാരുടെ പങ്ക് വളരെ വലുതാണ്. ഭാഗ്യസ്മരണീയരായ അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാരായിരുന്ന അഭി. ഡോ. സഖറിയാസ് മാർ തെയോഫിലോസ്, അഭി. ഗീവർഗീസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരുടെ ദേഹ വിയോഗത്തെ തുടർന്ന് അവർ വഹിച്ചു കൊണ്ടിരുന്ന ചുമതലകൾ കൂടി മറ്റ് തിരുമേനിമാർ ചേർന്ന് ഇപ്പോൾ നിർവ്വഹിച്ചുവരുന്നു. ഓരോ ഭദ്രാസനത്തിനും ഒരോ ഭദ്രാസന എപ്പിസ്ക്കോപ്പായുടെ നേതൃത്വം ലഭിക്കത്ത ക്കവിധം സഭയിൽ തിരുമേനിമാർ ഉണ്ടാകുന്നത് സഭ യുടെ ആത്മീക വളർച്ചയ്ക്കും ഭരണനിർവ്വഹണത്തിനും സഹായകരമാണ്. കൂടുതൽ എപ്പിസ്ക്കോപ്പാമാരെ തിരഞ്ഞെടുത്ത് സഭയുടെ ശുശ്രൂഷാ സ്ഥാനങ്ങളിലേക്ക് നിയോഗിക്കേണ്ട ആവശ്യം കണക്കിലെടുത്ത്, "മലങ്കര മാർത്തോമ്മാ സഭയിൽ എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്ക് 4 പേരെ തെരഞ്ഞെടുക്കണമെന്ന" സഭാകൗൺസിലിന്റെ ഔദ്യോഗിക പ്രമേയം ഈ സഭാപ്രതിനിധി മണ്ഡല ത്തിന്റെ കാര്യപരിപാടികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സഭയുടെ ആവശ്യം മനസ്സിലാക്കി പ്രാർത്ഥനാപൂർവ്വം തീരുമാനം കൈക്കൊള്ളണമെന്ന് മണ്ഡലാംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

**മണ്ഡലം പഠനവിഷയം**

ഈ വർഷത്തെ സഭാമണ്ഡലം പഠന വിഷയമായി "സഭ യുടെ സാക്ഷ്യം: മാറുന്ന ലോകത്തിൽ" (The Witness of the Church: In the Changing World) എന്നത് തിരഞ്ഞെ ടുത്തിരിക്കുന്നു. മഹാമാരിയാൽ മാറ്റിമറിക്കപ്പെട്ടതും, മാധ്യമ തന്ത്രങ്ങളാൽ സ്വാധീനക്കപ്പെട്ടതും, മേധാവിത്ത ഘടനകളാൽ അടിച്ചമർത്തപ്പെട്ടതുമായ സമകാലിക പ രിസരങ്ങളിൽ സഭയുടെ സാക്ഷ്യം ഒളിമങ്ങാതെ കാക്കുക എന്നതാണ് നമ്മുടെ ദൗത്യം. മണ്ഡലം പഠനവിഷയം ഭദ്രാസന- സെന്റർ - ഇടവക തലങ്ങളിൽ തുടർ പഠന ത്തിനായി വിഷയീഭവിപ്പിക്കുകയും അതിന്റെ വിവിധ അർത്ഥതലങ്ങൾ മനസ്സിലാക്കി അവ പ്രായോഗിക തല ത്തിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യണം.

അപ്പോസ്തോല പ്രവൃത്തികൾ 20 ന്റെ 32 ൽ ഇപ്ര കാരം രേഖപ്പെടുത്തിയിരിക്കുന്നു; "നിങ്ങൾക്ക് ആത്മീയ വർദ്ധനവ് വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു". യെരുശലേമിലേക്കുള്ള യാത്രാമദ്ധ്യത്തിൽ എഫേസോസിലെ മൂപ്പന്മാർക്ക് മിലത്തോസിൽ വെച്ച്, അപ്പോസ്തോലനായ പൗലോസ് നല്കുന്ന പ്രബോധനത്തിൽ നിന്നാണ് ഈ വാക്യം. സഭ ചൈതന്യവത്താകണമെങ്കിൽ അതിന്റെ അംഗങ്ങൾ ഉണർവ്വുള്ളവരാകണം. പ്രിയരെ, നമ്മുടെ വാക്കുകൾ കൃപ യോടു കൂടിയതും അന്യോന്യം ആത്മീയ വർദ്ധനവിനുത കുന്നതുമാകട്ടെ. 'ലോകാവസാനത്തോളം എല്ലാനാളും കൂടെയിരിക്കാമെന്ന്' വാക്ക് പറഞ്ഞ ക്രിസ്തു സാന്നിദ്ധ്യം നമ്മുടെ എല്ലാവ്യവഹാരങ്ങളിലും, വിശേഷാൽ ഈ മണ്ഡലയോഗത്തിലും രുചിച്ചറിയുവാൻ നമുക്കിടയാ കണം. അതിന് സർവ്വേശ്വരൻ നമ്മെ എല്ലാവരെയും സഹായിക്കട്ടെ ●

തിരുവല്ല **ഡോ. തിയഡോഷ്യസ്**
13-09-2022 **മാർത്തോമ്മാ മെത്രോപ്പോലീത്താ**

വിചാരദീപ്തി

# കുടുംബം: ബന്ധങ്ങളുടെ പറുദീസ

കുടുംബം ദൈവത്തിന്റെ പ്രതീക്ഷയാണ്. ദൈവരാജ്യത്തിന്റെ പതിപ്പുകളെ ലോകത്തിനു വെളിപ്പെടുത്തുവാനുള്ള ദൈവത്തിന്റെ പദ്ധതിയാണത്. അന്യോന്യമുള്ളതായ ബന്ധത്തിലാണ് അത് അടിസ്ഥാനമിട്ടിരിക്കുന്നത്. ആ ബന്ധത്തിന്റെ സമഗ്രത ദൈവവുമായുള്ള ഇഴയടുപ്പത്തിലാണ് സാധ്യമാകുന്നത്. "വീട്" എന്ന 'കൂട്' ഏതൊരുവന്റെയും നൊമ്പരങ്ങൾ പങ്കുവയ്ക്കുവാൻ കഴിയുന്ന ഇടവും, സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും കഴിയേണ്ടുന്ന ഇടവുമാണ്. അതുകൊണ്ടുതന്നെയാണ് ഭവനത്തിൽ നിന്ന് ദൂരെ പോകുന്ന ഓരോ വ്യക്തിയേയും ഗൃഹാതുരത്വം വിടാതെ പിന്തുടരുന്നത്. എല്ലാ ഓട്ടങ്ങൾക്കൊടുവിൽ തനിക്ക് ഓടിയെത്തുവാൻ ഒരു വീടുണ്ടെന്നും, കാത്തിരിക്കുവാനും ചേർത്തുപിടിക്കുവാനും കുറെ ജീവിതങ്ങളുണ്ടെന്നുള്ളതുമാണ് ഓരോ വ്യക്തിജീവിതത്തിന്റെയും യാത്രകൾക്ക് അർത്ഥം നൽകുന്നത്. ബന്ധങ്ങളുടെ ആഘോഷമായി കുടുംബം മാറുന്നത് അതുകൊണ്ടുതന്നെയാണ്. എന്നാൽ ആധുനികതയുടെ അതിപ്രസരം കുടുംബബന്ധങ്ങളെയും കീഴ്പ്പെടുത്തി. വിരൽത്തുമ്പിൽ ലോകത്തെ ഒതുക്കുന്ന ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ ലഭ്യതയും വർദ്ധനവും കുടുംബബന്ധങ്ങളിൽ ചെലുത്തിയിരിക്കുന്ന സ്വാധീനവും സൃഷ്ടിച്ചിരിക്കുന്ന ആഘാതങ്ങളും വളരെയാണ്. ഇവ നമ്മുടെ മഹത്തായ പൈതൃകത്തിന്റെയും സംസ്ക്കാരങ്ങളുടെയും തകർച്ചയും വ്യക്തിഗത സംസ്ക്കാര രൂപീകരണത്തിനും കാരണമാകുന്നു.

സാമൂഹികതയുടെ സ്പന്ദനങ്ങൾ സൃഷ്ടിക്കുന്നത് കുടുംബബന്ധങ്ങളാണ്. അതുകൊണ്ടുതന്നെയാണ് സമൂഹത്തിന്റെ അടിസ്ഥാനഘടകമായി കുടുംബം മാറുന്നതും. കുടുംബബന്ധങ്ങൾക്കുണ്ടാകുന്ന തകർച്ചകളും തളർച്ചകളുമെല്ലാം സമൂഹത്തെ ബാധിക്കുന്നതും അതുകൊണ്ടുതന്നെയാണ്. കുടുംബം സാമൂഹികതയുടെ പ്രചാരകരാകുമ്പോഴാണ് സാമൂഹിക നിർമ്മിതി സാധ്യമാകുന്നത്. സാമൂഹിക മൂല്യങ്ങളുടെ വിത്തുകൾ വിതയ്ക്കപ്പെടുന്നതും, നാമ്പിടുന്നതും, തളിരിടുന്നതും, ഫലദായകമാകുന്നതുമെല്ലാം കുടുംബങ്ങളിലായതുകൊണ്ടുതന്നെ കുടുംബത്തിലുണ്ടാകുന്ന മൂല്യശോഷണം സമൂഹത്തിന്റെ മൂല്യശോഷണത്തിന് നിദാനമാകുന്നു.

യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും കുടുംബങ്ങളുമായുള്ള ബന്ധത്തിലാണ് നാം കൂടുതൽ ഇടങ്ങളിൽ സുവിശേഷങ്ങളിൽ വായിക്കുന്നത്. ദൈവത്തോടുകൂടി കെട്ടുപണി ചെയ്യപ്പെട്ട കുടുംബമാണ് തിരുകുടുംബം. പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിൽ ദൈവികവിളിയുടെ ആഴത്തെയും അനന്തതയെയും കണ്ടെത്തുവാൻ തിരുകുടുംബത്തിനു സാധിച്ചു. അതുകൊണ്ടുതന്നെ



യാണ് ബന്ധങ്ങളുടെ വിള്ളൽ സംഭവിച്ച ഏദനിലെ കുടുംബത്തെക്കാളുപരിയായി ബന്ധങ്ങളുടെ ആഘോഷങ്ങൾക്ക് പ്രാധാന്യം നൽകിയ നസ്രത്തിലെ തിരുകുടുംബം മാതൃകയാകുന്നത്. അന്യോന്യം ഊന്നുവടികളാകുന്ന കുടുംബത്തിന്റെ പവിത്രവും പാവനവുമായ ദർശനങ്ങൾ തിരുകുടുംബത്തിൽ നമുക്കു കാണുവാൻ സാധിക്കും. ഭൗതികതകൾ തീർക്കുന്ന വലിമയുടെ അടിസ്ഥാനത്തിലല്ല കുടുംബബന്ധങ്ങളെ നാം ദർശിക്കേണ്ടത്. മറിച്ച് പരസ്പര ഊന്നുവടികളാകുന്ന സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ദർശനത്തിലാവണം കുടുംബങ്ങൾ മെനയപ്പെടുവാൻ. പ്രിയരെ, കുടുംബം ദൈവത്തിന്റെ സ്വപ്നമാണ്. ദൈവരാജ്യത്തിന്റെ പതിപ്പുകൾ ഭൂമിയിൽ സാധ്യമാക്കുന്ന ദൈവത്തിന്റെ സുന്ദരസ്വപ്നം. ആ സ്വപ്നം സാക്ഷാത്കരിക്കുവാനാണ് ദൈവം കുടുംബജീവിതത്തിലേക്ക് വിളിക്കുന്നതും നിയോഗിക്കുന്നതും. അതുകൊണ്ടുതന്നെ ക്രിസ്തീയ കുടുംബം എന്നത് ഒരു കൗദാശിക അനുഭവമാണ്. തമ്മിൽ വിളക്കിച്ചേർക്കുന്ന പ്രാർത്ഥനയുടെ ദൈവിക കണ്ണികൾ നമ്മുടെ വഴികളെ ദീപ്തമാക്കട്ടെ...

"എല്ലാ യാത്രകൾക്കൊടുവിലും

ഓടിയെത്തുവാനൊരു കൂടും

ചേർത്തുനിർത്തുവാൻ ചുമലുകളുമുണ്ടെന്നതാണ്

യാത്രകളെ അർത്ഥപൂർണ്ണമാക്കുന്നത്.."

**ഡോ. മാത്യൂസ് മാർ മക്കാറിയോസ്**
**എപ്പിസ്കോപ്പാ**

എഡിറ്റോറിയൽ

# വീടിന്റെ ആധ്യാത്മികത

വീട് എന്നത് മനുഷ്യ ജീവിതത്തിന്റെ ഒരു ഭൗതീക തലമായി നാം മനസ്സിലാക്കുന്നു. അതിന്റെ ആധ്യാത്മിക തലം മനസ്സിലാക്കാതെയും ഉൾക്കൊള്ളാതെയും വരുമ്പോൾ വീട് ഒരു കെട്ടിടം മാത്രമായ് തീരും. കേവലം ചില വസ്തുക്കൾ കൊണ്ട് നിർമ്മിക്കുന്നത് ആവരുത് വീട്, അതിലുപരി ചില വസ്തുതകൾ കൊണ്ടും, വ്യതിരിക്ത അനുഭവങ്ങൾ കൊണ്ടും, അതിലൂടെ രൂപപ്പെടുന്ന മനോഭാവങ്ങൾ കൊണ്ടും ഉരുവാകേണ്ടതാണ്. വീടിന് ഒരു ആത്മാവുണ്ട് എന്നത് വിസ്മരിക്കരുത്. 'ഒഴിഞ്ഞ് കിടക്കുന്ന ഇടമാണ് വീടിനെ മനോഹരമാക്കുന്നത്' എന്ന് പറയാറുണ്ട്. പൂർണമായി ഒഴിഞ്ഞ് കിടക്കുന്ന വീട് ഒരിക്കലും മനോഹരമാവില്ല. അവിടെയുള്ള നിശ്ശബ്ദത ശ്മശാന മൂകതക്ക് തുല്യമാണ്. ബന്ധങ്ങളിലാണ് ഒരു വീട് നിർമ്മിക്കപ്പെടുന്നത്. അവിടെ ഉണ്ടാകുന്ന ശബ്ദങ്ങളിലാണ് ബന്ധങ്ങൾ ദൃഢമാകുന്നത്. ആധുനിക ശാസ്ത്ര വൈദഗ്ധ്യം കൊണ്ട് വളരെ കുറച്ച് ലോഹ കഷണങ്ങൾ കൊണ്ട് വീട് നിർമ്മിക്കാം. പക്ഷേ അവയെ കൂട്ടി ഇണക്കുന്ന കണ്ണികളെയോ സംവിധാനങ്ങളെയോ ഒഴിവാക്കാനാവില്ല. ആ കണ്ണികളാണ് വീടിന്റെ ആധ്യാത്മികത നിർമ്മിക്കുന്നത്. മൂർത്തമായ വസ്തുക്കളിൽ അടിസ്ഥാനപ്പെട്ട വീടുകൾ ആണെങ്കിൽ അവക്കുണ്ടാകുന്ന രൂപാന്തരം വീടിന്റെ ഘടനയെ ഉലച്ചുകളയും, ചിലപ്പോൾ തകർത്തു കളയും. അമൂർത്തമായ മൂല്യങ്ങളിലും ആദ്ധ്യാത്മികതയിലും വിളക്കിച്ചേർത്ത വീടുകൾ കാലത്തിന്റെ കുത്തൊഴുക്കിൽ തകർന്നു പോകയില്ല.

അനിവാര്യമായ കാലത്തിന്റെ മാറ്റങ്ങളിൽ രൂപാന്തരം സംഭവിച്ചു കൊണ്ടിരിക്കുന്ന വീടുകളാണ് ഇന്നിന്റെ പ്രത്യേകത. വീടിന്റെ ഘടനകളിൽ മാത്രമല്ല, അതിന് അനുസൃതമായി ബന്ധങ്ങളിലും മാറ്റങ്ങൾ സംഭവിക്കുന്നു. അതിൽ ഭയചകിതരായ് കഴിയുന്ന മുതിർന്ന തലമുറയും മാറ്റത്തിന്റെ ചാലക ശക്തികളായ് ഭവിക്കുന്ന വരും തലമുറയും പുതിയ വീടുകൾ നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്.

'പാറമേൽ അടിസ്ഥാനമിട്ട ഭവനം' എന്ന രൂപകം ബൈബിൾ അവതരിപ്പിക്കുമ്പോൾ 'പാറ പോലെയുള്ള അടിസ്ഥാനം' എന്ന അർത്ഥമുണ്ടോ എന്ന് ചിന്തിക്കണം. വെട്ടുകല്ല് അടിസ്ഥാന ശിലയായി ഉപയോഗിച്ച് വീട് പണിയുന്ന ഇടങ്ങളുണ്ട് എന്നത് വിസ്മരിക്കരുത്. ഭൂമികുലുക്കത്തെ പ്രതിരോധിക്കാൻ ചില ഇടങ്ങളിൽ വ്യത്യസ്തമായ നിർമ്മാണ ശൈലികൾ അനുവർത്തിക്കുന്നത് നമുക്കറിയാം. ദൃഢമായ അടിസ്ഥാനം എന്നത് ധാരാളം ഘടകങ്ങളുടെ സമഞ്ജസമായ സമ്മേളനമാണ്. അത് വിശ്വാസവും, ശീലങ്ങളും, നിരന്തരമായ സാമൂഹ്യ ഇടപെടലുകളും, അവയിലൂടെ ആർജിക്കുന്ന അനുഭവങ്ങളും, തീവ്രമായ സുവിശേഷ സപര്യയിലൂടെ രൂപപ്പെടുന്ന ആദ്ധ്യാത്മികതയും, അതിന് സഹായകരമായ ഊഷ്മളമായ ബന്ധങ്ങളും ആകണം. ഇവയിൽ അടിസ്ഥാനപ്പെട്ട വീടുകൾ സുവിശേഷ അനുസൃതമായി സമൂഹത്തെ രൂപാന്തരപ്പെടുത്തുകയും നിരന്തരം ക്രിസ്താഭിമുഖമായി രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്യും.

'കുടുംബം, അർത്ഥം മെനയുന്ന സ്നേഹയിടം' എന്ന പൊതു വിഷയത്തിൽ ഈ ലക്കം അണിയിച്ചൊരുക്കിയിരിക്കുന്നു. വീടിന്റെ ആധ്യാത്മിക, സാമൂഹ്യ, മാധ്യമ, മനശ്ശാസ്ത്ര തലങ്ങൾ പഠന വിധേയമാക്കിയിരിക്കുന്നു.

സഭാ താരകപ്രസിദ്ധീകരണത്തിന്റെ 130-ാം വർഷം താരക ഇംഗ്ലീഷിൽ പ്രസിദ്ധീകരണം ആരംഭിക്കുവാൻ സാധ്യമായി എന്നതിൽ സന്തോഷമുണ്ട്. ഓൺലൈൻ ആയി ലഭിക്കുവാൻ tharakachiefeditor@gmail.com എന്ന വിലാസത്തിൽ ഒരു മെയിൽ അയച്ചാൽ മതി. പ്രോത്സാഹിപ്പിച്ച അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിക്കും, നേതൃത്വം നൽകിയ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനിക്കും, പങ്ക് ചേർന്ന സഹപ്രവർത്തകർക്കും നന്ദി •




# ക്രിസ്തീയ ഭവനം ഒരു ദൃശ്യവിസ്മയം

സദൃശവാക്യങ്ങൾ 12:7

റവ. സി. കെ. റൈറ്റസ്
തിരുവനന്തപുരം

ഭവനത്തെ സംബന്ധിച്ച് ഒരു കുറിപ്പ് കണ്ടു. 'Home Fragile, Handle with Care (ഭവനം ദുർബലമാണ്, കരുതലോടെ കാക്കുക). നെഞ്ചിലേറ്റി നടക്കേണ്ട താണ് ഭവനം. കളിപ്പാട്ടം പോലെ വീണുടയാം. ഭൂമിയിൽ ദൈവത്തിന്റെ മക്കൾ രൂപപ്പെടേണ്ട ഇട മാണ് ഭവനം. നമ്മുടെ ഭാഷയിലെ ശക്തമായ വാക്കുകളിലൊന്നാണ് ഭവനം. അതിനു ചുറ്റും നമ്മുടെ മധുരസ്മരണകൾ ഓളം തല്ലി നില്ക്കുന്നു. അതിന്റെ ചുവരുകൾ നമുക്ക് അഭയമാണ്. അതിലെ സ്നേഹമാണ് നമ്മുടെ ശക്തി. ലോകം നമ്മുടെ നേർക്ക് നിർവികാരമായി മുഖം തിരിക്കുമ്പോൾ നാം ഓടിയെത്തുന്നത് വീട്ടിലേക്കാണ്. ഭവനമാണ് ഏവർക്കും അത്താണി. The most beautiful experience in human life is Home. ഭൂമിയിലുള്ള സ്വർഗ്ഗത്തിന്റെ പതിപ്പാണ് ഭവനം. സ്വർഗ്ഗം മണ്ണിലേക്ക് ഇറങ്ങി വന്നതാണ് ഭവനം. അതുകൊണ്ട് ഭവനം എന്നത് എല്ലാ നന്മകളുടെയും ഒരു വർണ്ണ പ്രപഞ്ചമാണ്. ക്രിസ്തീയ ഭവനം ദൃശ്യസുന്ദരവും വശ്യ മനോഹരവുമാണ്.

'നീതിമാന്റെ ഭവനമോ നിലനില്ക്കും' എന്നാണ് ജ്ഞാനിയായ ശലോമോൻ സദൃശ്യവാക്യ പുസ്തകത്തിൽ പറയുന്നത്. ആരാണ് നീതിമാൻ? ദൈവത്തിന്റെ മനസ്സിനെ അറിയുകയും അതിനു ചേരും വിധം ജീവിക്കുകയും ചെയ്യുന്നവനാണ് നീതിമാൻ. അങ്ങനെയുള്ള നീതിമാന്റെ ഭവനം ഏതു ജീവിത സാഹചര്യത്തേയും നേരിട്ടു കൊണ്ട് നിലനില്ക്കുമെന്നാണ് സദൃശ്യവാക്യം പറയുന്നത്. ദൈവത്തേയും ദൈവവചനത്തേയും അനുസരിക്കുന്ന ഏതു മനുഷ്യനും, അവന്റെ ഭവനവും ഒരുനാളും തകർന്നു പോകയില്ല. അതു തന്നെയാണ് പർവ്വത പ്രസംഗത്തിന്റെ ഒടുവിലായി യേശു കർത്താവും പറയുന്നത്. 'ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല". (മത്തായി.7:24-25). നീതിമാന്റെ ഭവനത്തിന്റെ സവിശേഷത എന്തെല്ലാമായിരിക്കും? അതിനെ കുറിച്ച് നമുക്ക് അല്പമായി ചിന്തിക്കാം.

### 1. Home - A Sanctuary of Sanctity
(ഭവനം-ഒരു ദേവാലയം)

ദൈവത്തിന്റെ മനസ്സിൽ രൂപപ്പെട്ട ഒരാശയമാണ് കുടുംബം. ആകയാൽ കുടുംബത്തെ സംബന്ധിച്ച് ഒരു രൂപരേഖ (blueprint) ദൈവത്തിന്റെ മനസ്സിലുണ്ട്. അത് എപ്രകാരം ആയിരിക്കണമെന്ന് തിരുവചനം നമുക്ക് വെളിപ്പെടുത്തി തരുന്നു. ദൈവം മനുഷ്യനോടൊത്ത് ഭൂമിയിൽ വസിക്കുന്നതിനുള്ള ഒരു പുണ്യ സ്ഥലമായിട്ടാണ് ഭവനത്തെ രൂപകല്പന ചെയ്തിട്ടുള്ളത്. ആദാമിനോടും ഹവ്വായോടും ഒന്നിച്ച് ഏദൻ തോട്ടത്തിൽ നടക്കുന്നതിന് കൊതിക്കുന്ന ദൈവത്തെ നാം ഉല്പത്തി 3:8 - ൽ വായിക്കുന്നു. വാതിൽ അടച്ച് ഉള്ളിൽ ഇരിക്കുന്ന കുടുംബത്തോടൊപ്പം ഭക്ഷണമേശ പങ്കിടുവാൻ കാംക്ഷിച്ച് വെളിയിൽ നിന്നു കൊണ്ട് വാതിലിൽ മുട്ടുന്ന ക്രിസ്തുവിന്റെ ചിത്രം വെളിപ്പാടു പുസ്തക(3:20)വും പങ്കു വയ്ക്കുന്നു. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്, ഭവനം, ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയുടെ ഇടമാണ് എന്നുള്ളതത്രേ.

ദൈവം വസിക്കുന്ന ഇടത്തെ ദേവാലയം എന്നാണല്ലോ പറയുന്നത്. മനുഷ്യനോടൊത്ത് ദൈവം വസിക്കുന്ന ഇടമാകകൊണ്ട് ഭവനവും ദേവാലയമാണ്.

ഭവനം ഒരു ദേവാലയം എന്ന ദർശനം എത്ര ഉദാത്ത മാണ്. 'അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായ വരോ അവനെ കൈക്കൊണ്ടില്ല' (യോഹ.1:11) എന്ന് വി. യോഹന്നാന്റെ സുവിശേഷത്തിൽ പറയുംവണ്ണം ഇന്ന് അനേക ഭവനങ്ങളിലും ദൈവത്തിന് ഇടമില്ല. ആകയാൽ അങ്ങനെയുള്ള ഭവനങ്ങളെല്ലാം മറിഞ്ഞു വീണ് ഇല്ലാതെയാകും. എന്നാൽ നിതിമാന്മാരുടെ ഭവനത്തിൽ ദൈവം ഉള്ളതു കൊണ്ട് അത് ശാശ്വ തമായി നിലനില്ക്കും.

**2.Home - A Shelter of Serenity**

(ഭവനം-ഒരു സ്വച്ഛ സങ്കേതം)

Christian home is an enchanting place of serenity and tranquility. പ്രശാന്തതയും സ്വച്ഛതയും സമഞ്ജസമായി സമ്മേളിക്കുന്ന അനവദ്യ സുന്ദരമായ ഒരിടമാണ് ക്രിസ്തീയ ഭവനം. ശാന്ത സുന്ദരവും നിർഭയ സങ്കേതവും ആയിരിക്കണം ഭവനങ്ങളെന്ന് യെശയ്യാ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നു. 'എന്റെ ജനം സമാധാന നിവാസത്തിലും നിർഭയ വസതികളിലും സ്വൈരമുള്ള വിശ്രാമസ്ഥലങ്ങളി ലും പാർക്കും' (Isaiah 32:18). 'Home is a shelter from storms-all sorts of storms."-William J. Bennett.

ദൈവം കുടുംബത്തെ സൃഷ്ടിച്ചപ്പോൾ ഒരു ശക്തി ക്കും തകർക്കാൻ കഴിയാത്ത ഒരു കോട്ട കൊത്ത ളം പോലെയാണ് അതിനെ നിർമ്മിച്ചത്. എന്നാൽ കുടുംബങ്ങളുടെ ശൈഥില്യത്തിന് കാരണമാകുന്ന നിരവധി സംഗതികൾ കാലക്രമേണ ഭവനങ്ങളിൽ അതിക്രമിച്ചു കയറുന്ന ദയനീയ കാഴ്ചയാണ് ചരി ത്രത്തിൽ നാം കണ്ടു കൊണ്ടിരിക്കുന്നത്. എക്കാ ലത്തേക്കാളും കൂടുതലായി കുടുംബ ബന്ധങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. തൊഴിൽ മേഖലകൾ സൃഷ്ടിക്കുന്ന അസ്ഥിരത, അതൊഴിവാക്കാൻ വേ ണ്ടിയുള്ള അത്യദ്ധ്വാനം, ജീവിതാവസ്ഥ മെച്ചപ്പെടു ത്തുവാൻ വേണ്ടിയുള്ള കഷ്ടപ്പാടുകൾ, മാനസിക പിരിമുറുക്കങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, അവ രുടെ ഭാവിഎന്നിവ സംബന്ധിച്ച ഉത്ക്കണ്ഠ, പിണ ക്കങ്ങൾ, മത്സരങ്ങൾ, മനോവിഷമങ്ങൾ, സാമൂഹ്യ ജീവിതക്രമത്തിന്റെ ഭാഗമായി വരുന്ന തിരക്കുകൾ, ഇതര പരിപാടികൾ, എല്ലാം കൂടി ആധുനിക ഭവന ങ്ങളുടെ സ്വസ്ഥതയും, സ്വകാര്യതയും, കെട്ടുറപ്പും ഇല്ലാതെയാക്കുന്നു. എല്ലാറ്റിന്റെയും ഒടുവിൽ കുടു ബത്തിനു വേണ്ടി മാറ്റി വയ്ക്കപ്പെടേണ്ട സമയവും അതിൽ നിന്നും ഉളവാകേണ്ട സന്തോഷവും നഷ്ടമാ കുന്നു. മാത്രമല്ല, അതിന്റെ തുടർച്ചയെന്നവണ്ണം കുടുംബത്തിൽ നിലനില്ക്കുന്ന സ്നേഹവും ഐ കൃതയും നഷ്ടമാകുന്നു. തൽഫലമായി കുടുംബം തന്നെ ഇല്ലാതെ ആകുന്നു. അതിനു പരിഹാരമായിട്ട് സങ്കീർത്തനക്കാരൻ പറയുന്നു 'യഹോവേ, നീ എന്റെ സങ്കേതമാകുന്നു; നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കി ഇരിക്കുന്നു. ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാ രത്തിന്നു അടുക്കയില്ല' (സങ്കീ.91:9-10). നീതിമാൻ ദൈവത്തെ ശരണമാക്കിയിരിക്ക കൊണ്ട് അവന്റെ ഭവനം നിലനില്ക്കും.

**3. Home - A School of Sagacity**

(ഭവനം - ഒരു നൈപുണ്യ പാഠശാല)

'Home is where one starts from"-T.S.Eliott. ഭവനത്തിൽ നിന്നാണ് ഒരുവന്റെ ആരംഭം. ഭവനത്തിലാണ് നാം ആദ്യമായി സംഭാഷണം ചെയ്യാൻ പഠിക്കുന്നത്. സ്നേഹം എന്താണെന്ന് നാം ആദ്യം മനസ്സിലാക്കു ന്നത് ഭവനത്തിൽ നിന്നാണ്. ഭവനത്തിലാണ് നാം ആദ്യമായി ദൈവത്തേ കുറിച്ച് കേൾക്കുന്നതും മന സ്സിലാക്കുന്നതും. യേശു ആരാണെന്ന് അറിയുവാനും യേശുവിനെ സ്നേഹിക്കുവാനും നാം പഠിക്കുന്നത് ഭവനത്തിൽ നിന്നും കിട്ടുന്ന സ്വാധീനം മൂലമാണ്. ദൈവത്തോട് പ്രാർത്ഥിക്കാൻ പഠിക്കുന്നതും മറ്റുള്ള വരോട് ക്ഷമിക്കേണ്ടതിനെ കുറിച്ച് പഠിക്കുന്നതും ഭവനത്തിൽ വച്ചാണ്. കുട്ടികളിൽ ജീവിത മൂല്യം വളർത്തി എടുക്കുന്നതിനുള്ള ആദ്യത്തെ പരിശീലന കളരി ഭവനമാണ്. ശരിയും തെറ്റും തിരിച്ചറിയാൻ വേണ്ട ശിക്ഷണം ലഭിക്കേണ്ട സ്ഥലവും അവിടം തന്നെയാണ്.

'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യ സിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറു കയില്ല'(സദൃശ.22:6). മക്കളുടെ ജീവിതോദ്ദേശവും അതിലേക്കുള്ള ശരിയായ മാർഗ്ഗവും കണ്ടെത്തു ന്നതിൽ അവരെ സഹായിക്കേണ്ട ഉത്തരവാദിത്വം മാതാപിതാക്കളുടേതാണ്. അതിനെയാണ് 'ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക' എന്നു പറയുന്നതിൽ നിന്നും നാം ഗ്രഹിക്കേണ്ടത്. ഓരോ കുട്ടിയും അനന്തമായ സാധ്യതകളോടെയാണ് ഭൂമി യിൽ ജനിക്കുന്നത്. അപാരമായ കഴിവുകൾ കുട്ടി കളിൽ നിക്ഷേപിച്ചിട്ടാണ് ദൈവം അവരെ മാതാ പിതാക്കളുടെ കയ്യിൽ വിശ്വസിച്ച് ഭരമേല്പിക്കുന്നത്. ആകയാൽ മാതാപിതാക്കൾ അവരെ സൂക്ഷ്മമായും ക്ഷമാപൂർവ്വവും നിരീക്ഷിച്ച് അവരിലെ സാധ്യത കളെ യാഥാർത്ഥ്യമാക്കാൻ വേണ്ടി അവരെ വളർ ത്തണം. മാതാപിതാക്കൾ ഒരിക്കലും അവരുടെ സ്വപ്നങ്ങളെ മക്കളിൽ അടിച്ചേല്പിക്കരുത്. മറിച്ച് മക്കളെ ദൈവത്തിന്റെ സ്വപ്നത്തിനനുസരിച്ച് വളർ ത്തുകയാണ് വേണ്ടത്. അങ്ങനെയായാൽ അവർ ഭവനത്തിനും സമൂഹത്തിനും അനുഗ്രഹമായിതീരും.

**Family is not an accident. It is God's eternal plan.**

ഭൂമിയിൽ സ്വർഗ്ഗം വിടർത്തുവാൻ ദൈവം അണിയി ച്ചൊരുക്കിയ മനോഹര സംവിധാനമാണ് ഭവനം. ഓരോ ഭവനവും അത്യുദാത്തവും അനന്തര തല മുറകൾ രൂപപ്പെടുവാൻ അനുയോജ്യവുമായ ഇടം ആയിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ആ ആഗ്രഹത്തിന്റെ സഫലീകരണമാവട്ടെ നമ്മുടെ ഓരോ കുടുംബങ്ങളും •

**ബൈബിൾ പഠനം**

# കുടുംബം : വേദപുസ്തക ഉൾക്കാഴ്ചകൾ



റവ. ബോബി മാത്യു

കുടുംബബന്ധങ്ങളിൽ ശിഥിലീകരണ പ്രവണതകൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ കുടുംബത്തെക്കുറിച്ചുള്ള വേദപുസ്തക ദർശനങ്ങളുടെ പുനർവായന സംഗതവും പ്രസക്തവുമാണ്. വേദപുസ്തകത്തിലെ മിക്ക ഭാഗങ്ങളിലും പ്രത്യക്ഷമായോ, പരോക്ഷമായോ കുടുംബങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. വേദപുസ്തക ഗ്രന്ഥങ്ങൾ എഴുതപ്പെട്ട കാലഘട്ടത്തിലെ സാമൂഹിക, സാംസ്കാരിക, മതപരമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം കുടുംബത്തെ ക്കുറിച്ചുള്ള രേഖപ്പെടുത്തലുകൾ വായിക്കുവാൻ.

**1. കുടുംബം – വേദപുസ്തക പദങ്ങൾ**

പഴയ നിയമത്തിൽ 'ബെയ്ത്' എന്ന പദവും 'ബെയ്ത് ആബ്' എന്ന പദവും കുടുംബത്തെയും ഭവനത്തെയും സൂചിപ്പിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ കുടുംബത്തിലെ മാതാപിതാക്കൾ, മക്കൾ, ബന്ധുക്കൾ, വേലക്കാർ എന്നിവർ എല്ലാം ഉൾപ്പെടും. പല ഭവനങ്ങൾ ചേർന്ന കുലത്തെ സൂചിപ്പിക്കുവാൻ 'മിഷ്പഹാ' എന്ന പദവും പലകുലങ്ങൾ ചേർന്ന ഗോത്രത്തെ സൂചിപ്പിക്കുവാൻ 'മഥെഹ്' എന്ന പദവും പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. കുടുംബത്തെ സൂചിപ്പിക്കുവാൻ പുതിയ നിയമത്തിൽ രണ്ട് പദങ്ങൾ ആണ് ഉപയോഗിച്ചിരിക്കുന്നത്. അതിലൊന്ന് ചരിത്രപരമായ പിൻ തുടർച്ചാവകാശികൾ (historical descent) എന്നർത്ഥമുള്ള Patria എന്നതാണ്. മറ്റൊരു പദം ആയ oikos കൂടുതൽ വിശാലമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. പഴയ നിയമത്തിലെ bayit എന്ന പദത്തിനു സമാനമായ പദമാണിത്. ഇതിൽ ഉൾപ്പെടുന്നത് രക്ത ബന്ധത്തിൽ ഉള്ളവർ മാത്രമല്ല, അടിമകൾ, ജോലിക്കാർ, അനുചരന്മാർ (clients) ഇവരെല്ലാം ഭാഗമായ കുടുംബം എന്ന വിശാലമായ അർത്ഥ 'മാണ് ഇതിനുള്ളത്. സഭയെ വിശാല കുടുംബമായി ചിത്രീകരിച്ചിരിക്കുന്ന വേദഭാഗങ്ങളിൽ എല്ലാം ഈ പദമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**2. കുടുംബം – പഴയ നിയമ ദർശനങ്ങൾ**

**a. കുടുംബം : ദൈവീക രക്ഷാ പദ്ധതി ആവിഷ്കരിക്കുന്ന സ്ഥാപനം**

ദൈവീക രക്ഷാ പദ്ധതിയിലെ പ്രഥമ സ്ഥാപനം കുടുംബമാണെന്ന് ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ സ്വന്തം സ്വരൂപത്തിൽ മനുഷ്യനെ ദൈവം സൃഷ്ടിച്ച് ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ടു അവന് തക്ക തുണയെ കൊടുക്കുന്നു (ഉല്പ 2:21–24). ഈ പ്രപഞ്ചത്തെ കാക്കുവാനും സംരക്ഷിക്കുവാനും ഉള്ള ഉത്തരവാദിത്വവും നിയോഗവും ആണും പെണ്ണും ഉൾപ്പെട്ട കുടുംബത്തിന് ദൈവം നൽകിയത്. തലമുറകൾക്ക് ജന്മം നൽകുവാനും



ഈ ഭൂമിയിൽ ചിതറിപ്പോയി പാർത്ത ജനതകൾക്ക് വെളിച്ചമായി നിലനിൽക്കുവാനും ദൈവത്തോടുള്ള വിശ്വാസത്തിലും വിശ്വസ്തതയിലും വളരുവാനും അങ്ങനെ ദൈവീക രക്ഷാ പദ്ധതിയിൽ പങ്കാളികളാകുവാനുമുള്ള ഉത്തരവാദിത്വമാണ് കുടുംബത്തെ ദൈവം ഭരമേൽപ്പിച്ചത്. നോഹയുടെയും അബ്രഹാമിന്റെയും മോശയുടെയും യേശുവിന്റെയും ദാവീദിന്റെയും ഭവനങ്ങൾ ദൈവീക രക്ഷാ പദ്ധതിയിൽ പങ്കുചേർന്ന ചില കുടുംബങ്ങൾക്ക് ഉദാഹരണങ്ങളാണ്.

**b. കുടുംബം : വിശ്വാസ രൂപീകരണത്തിന്റെയും സംവേദനത്തിന്റെയും ഇടം**

കനാൻ നാട്ടിൽ വാസം ആക്കിയ ഇസ്രായേൽ ജനത ദൈവം അവർക്ക് നൽകിയ വിടുതലിന്റെ അനുഭവങ്ങൾ അടുത്ത തലമുറയുമായി പങ്കുവെച്ച് അവരെ ദൈവത്തിലുള്ള വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരണം എന്ന നിർദ്ദേശം ആവർത്തന പുസ്തകത്തിൽ കാണാം. (ആവ. 6:6,7) അടുത്ത തലമുറയിലേക്ക് പകരും വഴി അവരുടെ മത ബോധത്തെയും സാമൂഹിക ബോധത്തെയും രൂപപ്പെടുത്തുകയും അതുവഴി വിശ്വാസത്തിൽ ഉറപ്പുള്ളവരായി തീരുകയും ചെയ്യും എന്നാണ് ആവർത്തന ചരിത്രകാരൻ പറയുന്നത്. 'അപ്പന്റെ പ്രബോധനം കേൾക്കുക, അമ്മയുടെ ഉപദേശം നിരസിക്കരുത് (സ 1:8) എന്നതിലൂടെ ഉത്തമ ശിക്ഷണവും സ്വഭാവ സവിശേഷതകളും മാതാപിതാക്കളെ ബഹുമാനിക്കാനുള്ള ശീലവും പൂർവ്വമാതാപിതാക്കളുടെ വിശ്വാസം ഏറ്റെടുക്കാനുള്ള സന്നദ്ധതയും പുതുതലമുറയ്ക്ക് ഉണ്ടാകണമെന്ന പാഠമാണ് പകരുന്നത്.

**C. കുടുംബം : പ്രതിസന്ധികളെ അതിജീവിക്കുന്നവരുടെ, പ്രലോഭനങ്ങളെ പ്രതിരോധിക്കുന്നവരുടെ സംഘം**

സാമൂഹിക ജീവിതത്തിലും കുടുംബ ജീവിതത്തിലും പ്രതിസന്ധികൾ നേരിട്ടപ്പോൾ അതിനെ എങ്ങനെ കുടുംബമായി അതിജീവിച്ചു എന്ന പഴയ നിയമത്തിന്റെ പല ഭാഗങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. കടബാധ്യതയിലായ സഹോദരന്റെ വീണ്ടെടുപ്പ് കുടുംബാംഗങ്ങളുടെ ചുമതലയാണെന്ന് ലേവ്യ പുസ്തകത്തിൽ (ലേവ്യ 25:35–55) പറയുന്നുണ്ട്. പ്രതിസന്ധികളുടെ മധ്യത്തിൽ അനുഭവിക്കുന്ന ദൈവീക കരുതലിനെ കുറിച്ചും പരിപാലനത്തെക്കുറിച്ചും പുറപ്പാട് പുസ്തകത്തിലും ഇയ്യോബിന്റെ പുസ്തകത്തിലും നാം വായിക്കുന്നു. പ്രതിസന്ധി അനുഭവിക്കുന്നവരെയും ബലഹീനരെയും കരുതുന്ന ഇടം ആയിരിക്കണം ഭവനം എന്നതിന് നിരവധി ഉദാഹരണങ്ങൾ പഴയ നിയമത്തിൽ നമുക്ക് കാണാം. ഈ ലോകം ഉയർത്തുന്ന പ്രലോഭനങ്ങളിൽ വഴുതിവീണ പാപത്തിന്റെ ഘടനകൾക്ക് അടിമപ്പെടുന്ന കുടുംബങ്ങൾക്ക് സംഭവിക്കുന്ന പരാജയത്തെക്കുറിച്ചും (1ശമു 2:12,4:18 യോശു 7:16–26, 2 ശമു 11,12) കുറവുകൾ കണ്ടെത്തി ഏറ്റു പറയുന്ന കുടുംബങ്ങൾക്ക് ലഭിക്കുന്ന രക്ഷയെക്കുറിച്ചും പഴയ നിയമ ഭാഗങ്ങളിൽ കാണാം. മാറുന്ന ലോകം ഉയർത്തുന്ന പ്രലോഭനങ്ങളെ പ്രതിരോധിക്കാൻ കുടുംബങ്ങൾക്ക് സാധിക്കണം എന്ന സന്ദേശം പഴയ നിയമ പുസ്തകങ്ങൾ പങ്കുവയ്ക്കുന്നുണ്ട്.

**3. കുടുംബം – പുതിയ നിയമ ദർശനങ്ങൾ**

**a. യേശുവിന്റെ വിശാല കുടുംബ ദർശനം**

യേശു പുരുഷാരത്തോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ അമ്മയും സഹോദരന്മാരും അവനോടു സംസാരിക്കുവാൻ ആഗ്രഹിച്ചു കൊണ്ട് പുറത്തുനിന്നു. 'എന്റെ അമ്മ ആര്? എന്റെ സഹോദരന്മാർ ആര്? എന്ന യേശുവിന്റെ ചോദ്യവും ശിഷ്യന്മാരുടെ നേരെ കൈ നീട്ടി ഇതാ എന്റെ അമ്മയും സഹോദരന്മാരും, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും' എന്ന യേശുവിന്റെ മറുപടിയും (മത്താ. 12:46–50) യേശുവിന്റെ വിശാല കുടുംബ ദർശനമാണ് വെളിപ്പെടുത്തുന്നത്. ഇത് തന്റെ കുടുംബാംഗങ്ങളെ നിഷേധിക്കലല്ല, മറിച്ച് ദൈവ ഇഷ്ടം ചെയ്ത് ദൈവരാജ്യം എന്ന വിശാലമായ കുടുംബത്തിൽ പ്രവേശിക്കുവാനുള്ള ആഹ്വാനമാണ്. ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കു പ്രവേശിക്കുന്നതിലൂടെ മാത്രമേ ഈ വിശാല കുടുംബത്തിന്റെ ഭാഗമായിത്തീരുവാൻ സാധിക്കുകയുള്ളൂ. There is a new criterion for membership in the people of God, ie. Faith in Jesus, the Son of God, not birth or adoption into the Jewish ethnos, ദൈവഇഷ്ടം ചെയ്യുന്നവരെ എന്റെ സഹോദരനും സഹോദരിയും അമ്മയും എന്ന കുടുംബ പശ്ചാത്തലത്തിലെ സുപരിചിത പദങ്ങൾ ഉപയോഗിച്ച് (familiar terminology) യേശു വിശേഷിപ്പിക്കുന്നതും ദൈവരാജ്യം എന്ന വിശാല കുടുംബത്തെ വെളിപ്പെടുത്തുന്നതാണ്. യഹൂദമതത്തിന്റെ സങ്കുചിത ചിന്താധാരകളുടെ പ്രത്യേകിച്ചും യഹൂദ ദേശീയത എന്ന ദർശനത്തിന്റെ (Jewish Nationalism) പശ്ചാത്തലത്തിലാണ് ദൈവ ഇഷ്ടം ചെയ്യുന്ന ഏവരെയും ഉൾച്ചേർക്കുന്ന യേശുവിന്റെ വിശാല കുടുംബ ദർശനത്തിന്റെ സാംഗത്യത്തെ നാം മനസ്സിലാക്കേണ്ടത്. രക്തബന്ധത്തിൽ ഉള്ളവരെ മാത്രം കുടുംബാംഗങ്ങളായി കാണുന്ന സങ്കുചിത കുടുംബ സങ്കല്പങ്ങളിൽനിന്നും വിശാല കുടുംബ ദർശനത്തിലേക്കുള്ള വളർച്ചയാണ് യേശു ലക്ഷ്യമിടുന്നത്. 'എന്റെ അടുക്കൽ വരികയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്ത ജീവനെയും കൂടി പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല' (ലൂക്കൊ. 14:26) എന്ന യേശുവിന്റെ ആഹ്വാനം ശിഷ്യത്വത്തിനും അതുവഴി ദൈവരാജ്യം എന്ന വിശാലമായ കുടുംബത്തിനും കൊടുക്കേണ്ട മുൻ

ഗണനയാണ് വെളിപ്പെടുത്തുന്നത്.

**b. വിവാഹ ജീവിതം - യേശുവിന്റെ പഠിപ്പിക്കലിൽ**

പരീശന്മാർ യേശുവിന്റെ അരികിൽ എത്തി ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന് അവനെ പരീക്ഷിച്ചു ചോദിച്ച പ്പോഴാണ് വിവാഹജീവിതത്തെക്കുറിച്ചുള്ള ശ്രദ്ധേയ മായ പഠിപ്പിക്കലുകൾ യേശു നടത്തുന്നത്. പുരുഷ കേന്ദ്രീകൃത സമൂഹത്തിന്റെയും യഹൂദാമതത്തിന്റെ ശുദ്ധാശുദ്ധ നിയമങ്ങളുടെയും എല്ലാം പശ്ചാത്തല ത്തിൽ ആണ് യേശു കുടുംബബന്ധങ്ങളുടെ പവിത്ര തയെക്കുറിച്ച് പഠിപ്പിക്കുന്നത്. 'സൃഷ്ടിച്ചവൻ ആദ്യം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെ യും വിട്ട് ഭാര്യയോടു പറ്റിച്ചേരും, അവർ ഇരുവരും ഒരു ദേഹമായി തീരും' (മത്താ. 19:5) എന്ന് മറുപടി പറയുന്നതിലൂടെ കുടുംബം ദൈവോദ്ദേശ്യത്തിന്റെ ഭാഗമാണെന്ന് സൃഷ്ടിവിവരണത്തെ അവലംബിച്ചു കൊണ്ട് അസന്നിഗ്ധമായി പ്രഖ്യാപിക്കുകയാണ് യേശു ചെയ്യുന്നത്. ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന ആഹ്വാനം അന്നു നിലവിലിരുന്ന പുരുഷമേധാവിത്വ യഹൂദാ മത നിയ മങ്ങളുടെ അപ്രമാദിത്വ ചിന്തകൾക്കുള്ള ശക്തമായ താക്കീതായിരുന്നു. കുടുംബ ബന്ധങ്ങൾ ദൈവീക പദ്ധതിയുടെ ഭാഗമാണെന്നും ആയതിനാൽ ബന്ധങ്ങളുടെ ഊഷ്മളതയും സജീവതയും ഇഴപിരി യുവാൻ പറ്റാത്ത ദൃഢതയും കുടുംബബന്ധങ്ങളിൽ സ്ഥായിയായി നില നില്ക്കണമെന്നുമാണ് യേശു പഠിപ്പിക്കുന്നത്.

**c. കുടുംബം - പൗലൊസിന്റെ ദർശനങ്ങൾ**

സഭയുടെ ശില്പിയും പണിക്കാരനുമെന്ന് വിശേഷി പ്പിക്കപ്പെടുന്ന വി. പൗലൊസിന്റെ കുടുംബത്തെക്കു റിച്ചുള്ള പഠിപ്പിക്കലുകൾ ശ്രദ്ധേയമാണ്. കൊരിന്ത്യ ലേഖനത്തിലും എഫെസ്യ ലേഖനത്തിലും ഇടയ ലേഖനങ്ങളിലും കുടുംബ ബന്ധങ്ങൾ, വിവാഹ ജീവിതത്തിന്റെ കൗദാശിക മാനം, വിവാഹമോച നം എന്നീ വിഷയങ്ങൾ പൗലൊസ് അവതരിപ്പി ക്കുന്നുണ്ട്.

പാരസ്പര്യതയിൽ അടിസ്ഥാനപട്ട കുടുംബ ബന്ധ ങ്ങൾ: പുരുഷമേധാവിത്വം ശക്തമായി നിലനിന്ന കാലഘട്ടത്തിലാണ് ബന്ധങ്ങളിലെ പാരസ്പര്യത യ്ക്ക് പൗലൊസ് ശക്തീകരണം കൊടുക്കുന്നത്. 'ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെ ട്ടിരിക്കുവിൻ' (എഫെ. 5:21) എന്ന് പറഞ്ഞതിനു ശേഷമാണ് ഭാര്യയ്ക്കും ഭർത്താവിനും പ്രത്യേകം നിർദ്ദേശങ്ങൾ നൽകുന്നത് (എഫെ. 5:22), ക്രിസ് തുവിനോടുള്ള ബന്ധത്തിൽ ഭാര്യ ഭർത്താവിനും, ഭർത്താവ് ഭാര്യയ്ക്കും വിധേയരാകുമ്പോൾ പാര സ്പര്യതയുടെ അടിസ്ഥാനത്തിൽ ഉടമ്പടി ബന്ധം നിലനിർത്തുവാൻ സഹായകരമാകത്തക്കവണ്ണം ഭാര്യ ഭർത്താവിനു വിധേയ ആകുകയും ഭർത്താവ് ക്രിസ്തുവിന്റെ സ്വയത്യാഗത്തിന്റെ മാതൃകയിൽ ഭാര്യയെ സ്നേഹിക്കുകയും ചെയ്യും. "എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല. സ്ത്രീയെ കൂടാതെ പുരുഷനുമില്ല' (1 കൊരി.11:11), പുരുഷമേധാവിത്വത്തിന്റെ ശക്തീകരണം പരിമിത പ്പെടുത്തുവാൻ പാരസ്പര്യത എന്ന ആശയമാണ് പൗലൊസ് ഉപയോഗിക്കുന്നത്. 1 കൊരി. 14:34-35, 11:73 എന്നീ വേദഭാഗങ്ങളെ കൊരിന്തിലെ പ്രത്യേക പശ്ചാത്തലത്തിലാണ് നാം മനസ്സിലാക്കേണ്ടത്,

ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം കുടുംബ ബന്ധങ്ങൾക്ക് മാതൃക: ക്രിസ്തു സഭയെ തന്റെ ജീവൻ നൽകി സ്നേഹിച്ചു വീണ്ടെടുത്തതുപോലെ യാകണം ഭാര്യാഭർതൃ ബന്ധങ്ങൾ എന്നാണ് പൗലൊസ് വ്യക്തമാക്കുന്നത്. വീണ്ടെടുക്കുന്ന സ്നേഹം (redemptive love) ഉപാധികൾ കൂടാതെ യുള്ള സ്നേഹമാണ് (unconditional love). ക്രിസ്തു മാതൃകയിലുള്ള അധികാരം ശുശ്രൂഷയിലും സ്വ യത്യാഗത്തിൽ അധിഷ്ഠിതമായ സ്നേഹത്തിലൂ ടെയുമാണ് വെളിപ്പെട്ടത്. ക്രിസ്തു സഭയെ വിശു ദ്ധീകരിച്ചതുപോലെ (എഫെ. 5.27) ബന്ധങ്ങളുടെ വിശുദ്ധിയും പരിപാവനതയും കാത്തുസൂക്ഷിക്കു വാൻ കുടുംബാംഗങ്ങൾക്കു സാധിക്കണം.

'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബ ത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ ഞാൻ മുട്ടുകുത്തുന്നു (എഫെ. 1:14) എന്നാണ് പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. കുടുംബം ദൈവീക അടിസ്ഥാനത്തിലാണ് പണിയ പ്പെടേണ്ടത് എന്ന ആശയമാണ് പൗലൊസ് ഇവിടെ ശക്തീകരിക്കുന്നത്.

**വിവാഹം, വിവാഹ മോചനം, ബ്രഹ്മചര്യം**

1 കൊരി. 7:10-11 വാക്യങ്ങളിൽ ഭാര്യ ഭർത്താവിനെ വേർപിരിയരുത്.ഭാര്യയെ പിരിഞ്ഞു എന്നുവരികി ലോ വിവാഹം കൂടാതെ പാർക്കണം അല്ലെന്നുവരി കിൽ ഭർത്താവിനോടു നിരന്നുകൊള്ളണം, ഭർത്താ വ് ഉപേക്ഷിക്കയുമരുത് എന്നത് വിവാഹ ബന്ധം ജീവിതാവസാനം വരെ കാത്തുസൂക്ഷിക്കേണ്ടതാണ് എന്ന സത്യമാണ് വെളിപ്പെടുത്തുന്നത് (Marriage as indivisible and permanent). ഈ വേദഭാഗത്ത് ഭാര്യ 'വേർപിരിയരുത്' (not to separate) എന്നും ഭർത്താവ് ഉപേക്ഷിക്കരുത് (not to divorce) എന്നുമാണ് ഉപ യോഗിച്ചിരിക്കുന്നത്. യവനായ ലോകത്തിൽ സർവ്വ സാധാരണമായി ഉപയോഗിക്കുന്ന പദങ്ങളാണ് പൗലൊസ് ഇവിടെ ഉപയോഗിക്കുന്നത്. 'അവിശ്വാസി വേർപിരിയുന്നു എങ്കിൽ പിരിയട്ടെ' (1 കൊരി. 7:15) എന്നു മാത്രമാണ് പൗലൊസ് ഇവിടെ രേഖ പ്പെടുത്തിയിരിക്കുന്നത് ഒരു വിശ്വാസി ഒരിക്കലും വിവാഹ മോചനത്തിന് തയ്യാറാകരുത് എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. വിവാഹം കഴിച്ച വർ വിവാഹബന്ധത്തിൽ നിലനിൽക്കുവാനും വിവാഹം കഴിക്കാത്തവർ ബ്രഹ്മചര്യം (celibacy)

അനുഷ്ഠിക്കുവാനുമാണ് പൗലൊസിന്റെ പഠിപ്പിക്കൽ. ഏതവസ്ഥയിലായാലും ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകുവിൻ എന്നതാണ്. പൗലൊസിന്റെ ശക്തികരണം.

**വിവാഹവും ലൈംഗികതയും**

1 കൊരി. 7:3–4 ൽ ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നതു ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല, ഭർത്താവിന് അധികാരമുള്ളത്, അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല, ഭാര്യയ്ക്ക് അധികാരം‘ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കർത്താവ് കല്പന നല്കി എന്നു പറഞ്ഞുകൊണ്ടാണ് പൗലൊസ് ‘ഭാര്യ ഭർത്താവിനെ വേർപിരിയരുത്’ എന്ന് (1 കൊരി. 7:11) പഠിപ്പിക്കുന്നത്. ലൈംഗിക ബന്ധം (sexuality) കുടുംബ ബന്ധത്തിനുള്ളിൽ മാത്രമായിരിക്കണം എന്നതാണ് ഇവിടെ ശക്തീകരിക്കുന്നത്. ലൈംഗിക അധാർമ്മികത, വ്യഭിചാരം എന്നിവയെ ശക്തമായി വിമർശിക്കുന്നതിലൂടെ ഭാര്യാഭർതൃബന്ധത്തിലെ ലൈംഗികതയെ പരിപാവനമായി കാണുവാനുള്ള ആഹ്വാനമാണ് പൗലൊസ് നൽകുന്നത്.

കുടുംബബന്ധങ്ങളുടെ ഊഷ്മളതയും സുതാര്യതയും ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പങ്കുവയ്ക്കലും പാരസ്പര്യതയും പരോപകാരസന്നദ്ധതയും ഇന്നു കുറഞ്ഞുവരുന്നു. കുടുംബങ്ങളിലെ സംഭാഷണങ്ങളും അനുഭവങ്ങളുടെ പങ്കുവയ്ക്കലുകളും ഭക്ഷണമേശയിലെ ഒരുമയും കുറഞ്ഞ് എല്ലാവരും സ്വകാര്യതയിലേക്ക് ഉൾവലിയുന്നു. ഈ പശ്ചാത്തലത്തിലാണ് വേദപുസ്തകത്തിലെ കുടുംബ ദർശനം നമുക്ക് ഈ കാലഘട്ടത്തിന് അനിവാര്യമായ ഉൾക്കാഴ്ചകൾ നൽകുന്നത്. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢതയും വിശാലതയും മാതൃകയാക്കി എല്ലാ കുടുംബങ്ങളിലും ബന്ധങ്ങൾ ആഘോഷിക്കപ്പെടുമ്പോഴാണ് കുടുംബത്തെക്കുറിച്ചുള്ള ദൈവോദ്ദേശ്യം യാഥാർത്ഥ്യമായി തീരുന്നത് •


## ADMISSION TO M.TH. & D.TH. COURSES

## THE FEDERATED FACULTY FOR RESEARCH IN RELIGION AND CULTURE (FFRRC)

**An Ecumenical Post-graduate and Research Centre**
**(Affiliated to the Senate of Serampore College)**

Applications are invited from eligible candidates (II Class / Grade B both in aggregate and respective discipline in which the candidate seeks to study) for admission to the Master of Theology / Doctor of Theology courses for the Academic Session beginning in June 2023.

| Master of Theology | Doctor of Theology |
|---|---|
| Old Testament | Old Testament |
| New Testament | New Testament |
| Christian Theology | Christian Theology |
| History of Christianity | History of Christianity |
| Religion | Pastoral Counseling |
| Pastoral Counseling | |

Application forms may be obtained on payment of Rs.500/- by Demand Draft, from Registrar, FFRRC, Mar Thoma Theological Seminary, P.B.No.287, Kottayam 686001, Kerala. The last date of receiving M.Th. application will be 30 November 2022. Candidates must submit their Senate Transcript along with the application form. D.Th. application forms should be submitted to the office on or before 10 Jan 2023.

**Rev. Dr. Koshy P. Varughese**,
Registrar, FFRRC.

Contact Details: Office No :**0481 2304191**, Mobile No: **+91 9971450478**
Email ID : ffrrcktm@gmail.com, Web: www.ffrrc.org

ലേഖനം

# ദാമ്പത്യത്തെ തകർക്കുന്ന പത്തു ശൈലികൾ; പരിഹാരങ്ങളും



**ഡോ. സി.ജെ.ജോൺ**
**സീനിയർ സൈക്യാട്രിസ്റ്റ്**
**എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രി**

സംതൃപ്ത ദാമ്പത്യത്തിലേക്കുള്ള വഴികൾ തേടാനായി കുടുംബ ജീവിതത്തിൽ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത പത്തു കാര്യങ്ങളാണ് പറയുന്നത്.എന്തിനെയൊക്കെയാണ് ഈ വക പെരുമാറ്റങ്ങൾ തകർക്കുന്നതെന്നും, പരിഹാരം എന്തെന്നും പരിശോധിക്കാം.

1. പങ്കാളിയെ വിശ്വസിക്കാനേ പാടില്ല .ആരുടെ കൂടെയാണ് പൊറുതിയെന്ന ചോദ്യം കൊണ്ട് ദിവസവും ശ്വാസം മുട്ടിക്കുക. വിശ്വാസമില്ലാത്ത ബന്ധത്തിൽ ദാമ്പത്യം കഷ്ടപ്പെടും.

**എന്താണ് ചെയ്യേണ്ടത്?**

പരസ്പര വിശ്വാസം നഷ്ടമാകും വിധത്തിലുള്ള ചൊല്ലും ചെയ്തികളും ഉണ്ടായാൽ എങ്ങനെ സമാധാനം ഉണ്ടാകും? അത് കൊണ്ട് പരസ്പര വിശ്വാസവും പ്രതിബദ്ധതയും അനിവാര്യമാണ്. അത് ഇടപെടലുകളിലൂടെ ഉണ്ടാകണം. പങ്കാളിയെ അകാരണമായി സംശയിക്കുകയും അത് ആരോപിച്ചു പീഡിപ്പിക്കുകയും ചെയ്യുന്ന പ്രവണത മാനസികാരോഗ്യ തകർച്ചയുടെ ലക്ഷണമാകാം. അതിന് ശാസ്ത്രീയ പരിഹാരം തേടണം.

2. കേട്ടാൽ മനസ്സു തകർന്നു പോകുന്ന വർത്തമാനമേ പറയാവൂ. പങ്കാളിയെ താഴ്ത്തി പറയാം. നാലാളുടെ മുമ്പിൽ പരിഹസിക്കാം ആശയ വിനിമയ ശുഷ്കമായ ശൈലിയായാലും മതി. ബന്ധങ്ങൾ തകർന്നു തരിപ്പണമായിക്കോളും.

**എന്താണ് ചെയ്യേണ്ടത് ?**

പരസ്പരം ഉള്ള് തുറക്കുകയും, മനസ്സിലാക്കുകയും ചെയ്യാൻ പോന്ന വിധത്തിലുള്ള നല്ല ആശയ വിനിമയം ഉണ്ടെങ്കിലേ കൂട്ടായ്മ ഉണ്ടാകൂ. ആത്മ വിശ്വാസം ഉണർത്തുന്ന വർത്തമാനങ്ങളിലൂടെയാണ് നല്ല ദാമ്പത്യമുണ്ടാകുന്നത്. ആരോഗ്യ കരമായ ആശയ വിനിമയത്തേയും, മനസ്സിലാക്കലിനേയും തകിടംമറിക്കുന്ന ശൈലികൾ വേണ്ട.

3. പങ്കാളിയുടെ മേൽ ഉടയോൻ ചമഞ്ഞു എന്തിനും നിയന്ത്രണം ഏർപ്പെടുത്താം. അടിമയാക്കി സ്വാതന്ത്ര്യം നിഷേധിക്കാം. ഇടുന്ന വസ്ത്രത്തിന്റെ കാര്യം മുതൽ ചെയ്യുന്ന നിസ്സാര കാര്യങ്ങൾക്ക് വരെ അനുവാദം വേണമെന്ന് നിഷ്കർഷിക്കാം സാമ്പത്തികസ്വാതന്ത്ര്യം കൊടുക്കാനേ പാടില്ല. കൈയ്യിലെ ചരടിനൊത്തു തുള്ളുന്ന പാവയാക്കി മാറ്റുവാൻ ശ്രമിച്ചാൽ ദാമ്പത്യം ദുരിതപൂർണ്ണം.

**എന്താണ് ചെയ്യേണ്ടത് ?**

തുല്യതയും, ഓരോ പങ്കാളിക്കും അവരുടേതായ വ്യക്തി സ്വാതന്ത്ര്യവും അനുവദിക്കുമ്പോഴാണ് മികച്ച വിവാഹ ജീവിതമുണ്ടാകുന്നത് .തെറ്റുകൾ വന്നാൽ ശാന്തമായി കാര്യ കാരണ സഹിതം തിരുത്തുകൾ പറയാം. സ്ത്രീക്ക് അത്ര സ്വാതന്ത്ര്യമൊന്നും നൽകേണ്ടതില്ലെന്ന മട്ടിലുള്ള ലിംഗ വിവേചനം അടക്കി പിടിച്ച അശാന്തികൾക്ക് കാരണമാകും.

4. ഓരോ വ്യക്തിക്കും തനതായി വളരാനുള്ള അവകാശമുണ്ട്,ആ ഇടം ഇല്ലാതാക്കിയാൽ പിന്നെ വളരില്ല. കല്യാണം കഴിയുമ്പോൾ പങ്കാളിയുടെ താൽപ്പര്യത്തിന് വിപരീതമായി പണിക്ക് പോകാൻ പാടില്ലെന്ന് പറയുന്നവർ ദാമ്പത്യത്തെ തകർക്കുന്നവരാണ്.

**എന്താണ് ചെയ്യേണ്ടത്?**

സ്വന്തം കഴിവുകൾക്കനുസരിച്ചു വളരുവാനും, ഓരോ കാര്യങ്ങൾ ചെയ്യുവാനുമുള്ള വ്യക്തിപരമായ ഇടം അനുവദിച്ചു വേണം വിവാഹ ജീവിതം മുമ്പോട്ട് പോകാൻ. ഇവിടെയും പെണ്ണായത് കൊണ്ട് ഏകപക്ഷീയമായ വിട്ട് വീഴ്ചയെന്ന നയം പാടില്ല.രണ്ടു പേരും ഒത്തു തീർപ്പുകൾക്ക് സന്നദ്ധരാകണം എങ്കിലേ ദാമ്പത്യത്തിൽ സന്തോഷത്തിന് ഇടം കിട്ടൂ. ഒരാൾ അസംതൃപ്തിയുടെ പടുകുഴിയിൽ എന്നും കഴിഞ്ഞാൽ അതിന്റെ ദോഷകരമായ പ്രതിഫലനം വിവാഹ ജീവിതത്തിൽ എന്നുമുണ്ടാകാം .അത് കൊണ്ട് ഈ ശൈലി വേണ്ട.

5. കുടുംബ ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ നല്ല കാര്യങ്ങളുടെയും ക്രെഡിറ്റ് സ്വയം ഏറ്റെടുക്കുക. പങ്കാളിക്ക് ഒരു പങ്കും നൽകാതിരിക്കുക. മക്കളുടെ കേമത്തം മുതൽ എല്ലാ കാര്യങ്ങളും നേടിയത് ഞാൻ മൂലമാണെന്ന് മേനി പറയുക. പങ്കാളിയെ എന്തിനു കൊള്ളാമെന്ന് കുത്തി പറയുക. വീഴ്ചകൾ ഉണ്ടാകുമ്പോൾ പങ്കാളിയുടെ മേൽ കെട്ടി വച്ച് കുറ്റം പറയുക. ദാമ്പത്യം തകർന്നോളും.

**എന്താണ് ചെയ്യേണ്ടത്?**

ദാമ്പത്യവും ഒരു ടീം വർക്കാണ്. പങ്കാളിയുടെ മനോവീര്യം നില നിർത്തുമ്പോഴാണ് മികച്ച ഫലം കിട്ടുന്നത്. താഴ്ത്തി പറയുമ്പോഴും, അർഹമായ പ്രോത്സാഹനം പരസ്പരം നല്കാതിരിക്കുമ്പോഴും തകരുന്നത് ആ ടീം സ്പിരിറ്റാണ്. കുട്ടികളുടെ മുമ്പിൽ വച്ച് ജീവിത പങ്കാളിയെ പരിഹസിക്കുന്നവർ സ്വന്തം കുടുംബ ജീവിതത്തിന്റെ കെട്ടുറപ്പിലാണ് ബോംബ് വയ്ക്കുന്നത്.

6. കോപം വരുമ്പോൾ പരുഷ വാക്കുകൾ കൊണ്ട് അഭിഷേകം ചെയ്യാം. എന്നിട്ടും കലി തീരുന്നില്ലെങ്കിൽ അടിക്കാം. ശാന്തമായി കാര്യങ്ങൾ ചർച്ച ചെയ്യാനേ പാടില്ല. ബന്ധത്തിന്റെ നൂലിഴകൾ ഓരോ വഴക്കിലും മുറിഞ്ഞോളും.

**എന്താണ് ചെയ്യേണ്ടത് ?**

വിവാഹ ജീവിതത്തിൽ കോപം വരുന്ന സാഹചര്യങ്ങൾ സ്വാഭാവികം. അത് പ്രകടിപ്പിക്കുന്ന ശൈലിയാണ് ദാമ്പത്യത്തിന് വിനയാകുന്നത്. എന്റെ പങ്കാളിയായത് കൊണ്ട് എന്തും ചെയ്യാമെന്ന വിചാരത്തിൽ ചീത്ത പറയലും തല്ലുമൊക്കെയാകാമെന്ന ചിന്ത പാടില്ല.

പങ്കാളിയുടെ പ്രവർത്തി വിഷമമുണ്ടാക്കിയെന്ന് ശാന്തമായി പറഞ്ഞാൽ അത് കേൾക്കപ്പെടാനും തിരുത്താനുമുള്ള സാധ്യത കൂടുതലാണ്.നേരെ മറിച്ചു പരിഹാസ പേരുകൾ വിളിക്കുകയോ, തല്ലുകയോ ചെയ്താൽ വഴക്കിലാകും ഫോക്കസ്. ഇത് ഇഴയടുപ്പത്തെ തകർക്കും. സ്ത്രീകൾ ഇത്തരം സാഹചര്യങ്ങളിൽ പീഡനത്തിന്റെ ഇരകളാകാറുണ്ട്.ഇത് നിയമ വിരുദ്ധമാണെന്നും ഓർക്കണം.

7. ദാമ്പത്യം എല്ലാ കാലത്തും ഒരു പോലെയാവില്ല.പ്ര തിസന്ധികൾ കയറിവരാം. ആദ്യത്തെ പുതുമ പോയി വൈരസ്യം പിടി കൂടാം. അതിനെയൊന്നും നേരിടാതെ പങ്കാളിയെ വെറുതെ പഴി പറയാം. താൻ ജീവിതത്തിലേക്ക് വന്നതിന്റെ കേടാണിതൊക്കെയെന്ന് കുറ്റം പറയാം. മാതാ പിതാക്കളായി മാറുമ്പോൾ പ്രാരാബ്ധ കണക്ക് പറഞ്ഞു സ്വൈര്യം കെടുത്താം. ബന്ധത്തിന്റെ കണ്ണികൾ പോയി കിട്ടും.

**എന്താണ് ചെയ്യേണ്ടത് ?**

ജീവിത മാറ്റങ്ങളുണ്ടാകുമ്പോൾ അതിനനുസരിച്ചുള്ള പൊരുത്തപ്പെടലുകളും പിന്തുണയ്ക്കലുകളുമാണ് നല്ല വിവാഹ ജീവിതത്തിന്റെ ആധാര ശിലകളിൽ ഒന്ന്. അതാണ് ഇവിടെ പൊളിക്കപ്പെടുന്നത്. കെട്ട കാലത്തു കൂട്ടാകാൻ പറ്റിയില്ലെങ്കിൽ പിന്നെ ആ കൂട്ടിനു എന്ത് ഗുണം? മാതൃകാ പങ്കാളികൾ എന്നും ദാമ്പത്യത്തിൽ പുതുമ തേടുന്നവരാണ്. വൈരസ്യം അകറ്റാൻ ശ്രമിക്കുന്നവരാണ്. പ്രതിസന്ധികളെ കൂട്ടായി നേരിടുന്നവരാണ്.ഞാനുണ്ട് ഒപ്പമെന്ന വിശ്വാസം നൽകി പങ്കാളിക്ക് ധൈര്യം നൽകുന്നവരാണ്. സ്നേഹത്തിന്റെ ഊഷ്മളത അങ്ങനെ യാണ് വർധിക്കുന്നത്.

8. ഗാർഹിക തീരുമാനങ്ങളൊന്നും ചർച്ച ചെയ്യരുത്. എല്ലാം സ്വയമേ എടുക്കാം. വീട് പണിയുമ്പോൾ അടുക്കളയുടെ ഡിസൈൻ പോലും ഭാര്യയോട് പറയരുത്. നിനക്കെന്തറിയാമെന്ന പുച്ഛമാകാം. തികച്ചും ഏകാധിപ തിയായി വീട് നടത്താം. പരമ്പരാഗത ലിംഗ റോളുകളിൽ തളച്ചിട്ടു കഷ്ടപ്പെടുത്താം. ദാമ്പത്യത്തിൽ സന്തോഷം കിട്ടാനുള്ള വഴികൾ അടഞ്ഞോളും.

**എന്താണ് ചെയ്യേണ്ടത് ?**

ചർച്ച ചെയ്തും, നിർദ്ദേശങ്ങൾ കേട്ടും, അതിനുള്ള മിടുക്കുണ്ടെന്ന ആദരവ് നൽകിയും ജനാധിപത്യപരമായ നിലപാട് എടുക്കുമ്പോഴാണ് നല്ല വിവാഹ ജീവിതം ഉണ്ടാകുന്നത്. ഈ തത്വം ഇമ്മാതിരി പെരുമാറ്റങ്ങളിൽ തകർന്ന് പോകുന്നു. ലിംഗ റോളുകളെക്കുറിച്ചുള്ള സങ്കല്പങ്ങൾ ആധുനിക കാലത്തു മാറ്റി എഴുതണം ഗാർഹിക .ഉത്തരവാദിത്തങ്ങളിൽ ആൺ റോളുകൾ, പെൺ റോളുകളെന്ന വിഭജനത്തിന്റെ പ്രസക്തി പോവുകയാണെന്ന കാര്യം അംഗീകരിക്കണം. ജീവിതം പുനർ നിർവചിക്കണം.

9. വിവാഹത്തെ ഒരു സാമ്പത്തിക ഇടപാടായി കണക്കാക്കണം. പങ്കാളിയിൽ നിന്നും പണം ഊറ്റാൻ ഏതു തന്ത്രവും പയറ്റാം. സ്ത്രീധനത്തിനായി പീഡനം നടത്താം. ഭർത്താവിന്റെ കാശു കിട്ടാൻ വിരട്ടാം. എതിർത്താൽ ദാമ്പത്യം ഒഴിയുമെന്ന ഭീഷണി മുഴക്കാം. വികലവും സാമൂഹിക നിമിത്തവുമായ ആണവകാശങ്ങൾ കാട്ടി പെണ്ണിനെ മുൾ മുനയിൽ നിർത്താം. അടുപ്പം കുറഞ്ഞോളും.

**എന്താണ് ചെയ്യേണ്ടത് ?**

ഇണയാണ് ധനമെന്ന അടിസ്ഥാന സങ്കല്പത്തെയാണ് സ്ത്രീധനമെന്ന രോഗം അട്ടിമറിക്കുന്നത്. എന്നെയല്ല എന്റെ ധനത്തെയാണ് വിവാഹം കഴിക്കുന്നതെന്ന വിചാരത്തിൽ തുടങ്ങുന്ന ബന്ധത്തിൽ അതിന്റെ കോട്ടങ്ങൾ നിഴലിക്കാം. സാമ്പത്തികം ബന്ധത്തിന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്നതോടെ കൂട്ടായ്മയുടെ മൂല്യം കുറഞ്ഞു വരും. വെറും പണമിടപാടിനുള്ള ബന്ധമായി തരം താഴും. ആണും പെണ്ണും ഒരു പോലെ ഇത് എതിർക്കണം. സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും കുറ്റമാണെന്ന ബോധ്യം വേണം.

10. അഭിപ്രായ വ്യത്യാസങ്ങൾക്കുള്ള പ്രതികാരങ്ങൾ കിടപ്പറയിൽ കാട്ടുക. സെക്സ് നിഷേധിക്കാം. വാശിയോടെ ബലാൽസംഗ സമാനമായ രതി നടത്ത ലാകാം. സ്നേഹമല്ല വിരോധം കാട്ടലാണ് ലക്ഷ്യ മെന്ന തോന്നലുണ്ടാക്കാം. ജീവിത പങ്കാളിയാണെന്ന തോന്നൽ മെല്ലെ അപ്രത്യക്ഷമാകും.

**എന്താണ് ചെയ്യേണ്ടത് ?**

ആരോഗ്യകരമായ ലൈംഗീകത നല്ല വിവാഹ ജീവിതത്തിന് ആവശ്യമാണ്. ഇണയുടെ ഇഷ്ടങ്ങൾ പരിഗണിച്ചും, നിർബന്ധം ചെലുത്താതെയുമുള്ള രതിയാണ് വേണ്ടത്. അത് സ്നേഹത്തിന്റെ ആവിഷ്ക്കാ രവുമാകണം. ലൈംഗീകത നിഷേധിക്കുന്നത് ക്രൂരതയാണ്. ഇപ്പോൾ വേണ്ടെന്ന അപേക്ഷ മാനിക്കാ തെയുള്ള കടന്നാക്രമണവും ക്രൂരതയാണ്. പിണക്കങ്ങളെ കിടപ്പറയിലേക്ക് കൊണ്ട് വരുന്ന അവസ്ഥയിലെത്തിയാൽ തീർച്ചയായും വിദഗ്ധമായ മാനസികാരോഗ്യ സഹായം വേണ്ടി വരും. ലൈംഗീക പ്രശ്നങ്ങൾക്കും സഹായം വേണ്ടി വരും. മാനസികമായ അകൽച്ച ലൈംഗീകതയെ ബാധിക്കാം. ലൈംഗീകമായ ബുദ്ധിമുട്ടുകളും മാനസിക അടുപ്പത്തെ കുറയ്ക്കാം.

**ദാമ്പത്യത്തിന്റെ കെട്ട് ഇങ്ങനെ പൊട്ടിക്കേണ്ട..**

വിവാഹേതര ബന്ധത്തിന്റെ ചുഴിയിൽ പെട്ടും,സ്ത്രീധന പീഡനത്തിന്റെ ശ്വാസം മുട്ടലിൽ വീണും, അസഹനീയ മായ അധീശത്വത്തിന്റെ പിടിയിൽ കഷ്ടപ്പെട്ടുമൊക്കെ എത്തുന്ന ദമ്പതികളിൽ ഇത്തരം ശീലക്കേടുകൾ കാണാം. ഈ ഗണത്തിൽ പെടാതിരിക്കാൻ ശ്രദ്ധിക്കണം. രണ്ടു കുടുംബങ്ങളിൽ നിന്നും വരുന്നവർ ദാമ്പത്യത്തെ കുറിച്ചുള്ള സ്വന്തം തിരക്കഥയുമായി വരുന്നവരാണ്. രണ്ടു സ്ക്രിപ്റ്റ് ഉപയോഗിച്ച് ഒരു സിനിമ എടുക്കാൻ പറ്റില്ലല്ലോ. അത് പോലെയാണ് ബന്ധവും. പ്രതീക്ഷകളിലെ വ്യത്യാസങ്ങൾ ഉണ്ടാകാം. സ്വഭാവത്തിലുമുണ്ടാകാം വ്യത്യസ്തതകൾ. വിവാഹത്തിന് മുമ്പ് ഇതൊക്ക അറിഞ്ഞു അതിന നുസരിച്ചു തിരക്കഥയിൽ മാറ്റം വരുത്താനാകുമോ യെന്നറിയാൻ കഴിഞ്ഞാൽ നല്ലത്. വിവാഹശേഷം തുറന്ന മനസ്സോടെ ആശയ വിനിമയം ചെയ്ത് ഇരുവർക്കും സമ്മതമുള്ള ഒറ്റ സ്ക്രിപ്റ്റുണ്ടാക്കു മ്പോഴാണ് നല്ല ദാമ്പത്യം ഉണ്ടാകുന്നത്. വ്യത്യാസങ്ങളെ ആദരിച്ചു അതുമായി രണ്ടു പേരും ഒരു പോലെ സമരസപ്പെട്ടുണ്ടാക്കുന്നതാണ് നല്ല ദാമ്പത്യം. ആരും ആരെയും തനിക്കു ചേരുന്ന വിധത്തിൽ ബലമായി മാറ്റാൻ ശ്രമിക്കരുത്. വ്യത്യാസങ്ങളെ പക്വമായി കൈകാര്യം ചെയ്യുമ്പോഴാണ് നല്ല കുടുംബങ്ങൾക്ക് അടിത്തറ ഉണ്ടാകുന്നത്. കുട്ടികൾക്ക് വളരാനുള്ള നല്ല അന്തരീക്ഷം ഉണ്ടാകുന്നത്. കഷ്ടപ്പാടുകളിൽ താങ്ങാനുള്ള പിന്തുണയുടെ കരങ്ങൾ ശക്തമാകുന്നത് •

ലേഖനം



# കുടുംബം: സ്നേഹത്തിന്റെ തണലിടം



**റവ. ഡോ. കെ. തോമസ്**
(Karavalur) Family Counsellor

ദൈവീക പദ്ധതിയിൽ കുടുംബത്തിന് ഒരു ദൗത്യമുണ്ട്. അത് നിറവേറ്റപ്പെടുമ്പോൾ മാത്രമേ കുടുംബം അർത്ഥവത്താകൂ. എന്താണീ ദൗത്യം? “ഓരോ കുടുംബവും ജീവന്റേയും സ്നേഹത്തിന്റെയും ഒരു സമൂഹമാണ്” (It is an intimate community of life and Love) ഈ ദൗത്യത്തിൽ വിജയിച്ചാലേ കുടുംബം യഥാർത്ഥത്തിൽ കുടുംബമാകുകയുള്ളൂ. ഓരോ കുടുംബവും ഏറ്റെടുക്കുന്ന ദൗത്യം; സ്നേഹം സംരക്ഷിക്കുക, പ്രകാശിപ്പിക്കുക, പകർന്നു കൊടുക്കുക എന്നതാണ്. പലതരം വ്യക്തികളും, വ്യക്തിബന്ധങ്ങളും കുടുംബത്തിലുണ്ട്. ഭാര്യയും ഭർത്താവും, മാതാപിതാക്കളും മക്കളും, ബന്ധുക്കൾ തുടങ്ങിയവർ തമ്മിൽ വ്യത്യസ്ഥബന്ധങ്ങളുണ്ട്. സ്നേഹമാണ് അവയുടെയെല്ലാം അടിസ്ഥാനം. സ്നേഹമില്ലാത്ത കുടുംബത്തിന് ജീവിക്കാനാവില്ല, വളരാനാവില്ല, പൂർണ്ണത പ്രാപിക്കാനാവില്ല.

ദമ്പതികളുടെ സ്നേഹം, വളരാനും, പ്രകാശിതമാക്കാനുമുള്ള ഒരിടവും (Space) സാഹചര്യവുമായിരിക്കുക (Context) എന്നതാണ് കുടുംബത്തിന്റെ ധർമ്മം, ദമ്പതികൾ വാത്സല്യവും, പരസ്പര ധാരണയും, സഹായവും, പിന്തുണയും നൽകുന്ന സ്ഥാപനമാണ് കുടുംബം, ജീവിതകാലം മുഴുവൻ ഒരാൾക്ക് മറ്റൊരാൾ ആവശ്യമായിരിക്കുന്ന സ്ഥാപനമാണ്. കാരണം അവർ ഒന്നിച്ചല്ലെങ്കിൽ അവർക്ക് വളരാനോ, സന്തുഷ്ടരാകാനോ സാധിക്കുകയില്ല. അതുകൊണ്ട് അവരുടെ കുട്ടികൾ കുടിക്കാനുള്ള ഉറവ അവരുടെ സ്നേഹമാണ്. കുട്ടികൾ ദമ്പതികളുടെ ജീവിതത്തിലെ സുപ്രധാന ഭാഗങ്ങളാണ്. എന്നാൽ അവർ അവരുടെ സ്നേഹത്തിന്റെ കാരണമല്ല. ഫലമാണ്. (Children are not the reason for their love, but the fruit of their love).

**കുടുംബം: മാറുന്ന കാലാവസ്ഥയിലൊരു തണലിടം**

മാറുന്ന കാലങ്ങളും (Changing Seasons) കുടുംബാന്തരീക്ഷത്തിലുണ്ടാക്കുന്ന വ്യതിയാനങ്ങൾ അനവധിയാണ്. ചിലപ്പോൾ അത് കുടംബത്തിന്റെ അടിത്തറ തന്നെ ഇളക്കികളഞ്ഞേക്കാം. അതിനെ പ്രതിരോധിക്കുവാൻ കുടുംബം അതിന്റെ ദീർഘകാല ലക്ഷ്യങ്ങളെ (Long term goals) നിർവ്വചിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന് പരിശ്രമങ്ങളും (Efforts)പദ്ധതികളും (Projects) അനിവാര്യമാണ്.

‘സ്നേഹം, പരസ്പരം അന്വേഷിക്കുമ്പോൾ മാത്രം കണ്ടെത്തുന്നതല്ല. മറിച്ച് ഒരുമിച്ച് ഒരേ ലക്ഷ്യത്തിലേക്ക് നോക്കുമ്പോൾ

ലഭിക്കുന്നതാണ്.' സ്നേഹത്തിന്റെ ആയുസ്സിനെ ദീർഘമാക്കുന്ന ഇടമാണ് വീട്. എന്നാൽ സ്ഥിരതയുള്ള ബന്ധങ്ങൾക്കും, സുപ്രധാനമായ ബന്ധങ്ങൾക്കും അധികമായുസ്സ് ഉണ്ടാകയില്ല എന്ന് വിശ്വസിക്കുവാൻ ഇക്കാലത്ത് നാം പരിശീലിപ്പിക്കപ്പെടുന്നു. "നമ്മൾ സ്നേഹിക്കുന്നിടത്തോളം കാലം നമ്മുടെ വീട് ജീവിക്കും" എന്ന പുതിയ വെല്ലുവിളി അതിജീവിക്കുവാൻ കുടുംബം നന്നേ പാടുപെടുന്നുണ്ട്. ബന്ധങ്ങളിലെ സ്ഥിരത വീടിന്റെ സൗകര്യങ്ങളിലല്ല, സമർപ്പണത്തിലാണ്. അസൗകര്യങ്ങളിൽ ആഴപ്പെടുന്നതാണ് സമർപ്പണം. സൗകര്യങ്ങളേക്കാൾ സമർപ്പണമാണ് വീടിന്റെ ശക്തി. ഈ പോരാട്ടത്തിൽ പിടിച്ചുനിൽക്കാനുള്ള വൈകാരികസ്ഥിരതയും (Emotional Stability) സഹനവും (tolerance) ആത്മനിയന്ത്രണവും (Self control) ഓരോ ഭവനവും കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ യജമാനൻ വീടിന്റെ ഉയരങ്ങളെയല്ല, അതിന്റെ ആഴങ്ങളെ നോക്കി സന്തോഷിക്കുന്നവനാണ്.

**കുടുംബം: വികാരങ്ങളുടെ തണലിടം**

മൂന്ന് വികാരങ്ങൾ കൊണ്ട് സമ്പന്നമാണ് ഭവനം. സന്തോഷം, (glad) ദുഃഖം (sad), ഭ്രമം (mad) എല്ലാ സന്തോഷങ്ങളേയും ആഘോഷമാക്കുന്നിടമാണ് വീട് (All gladness should be celebrated). ദുഃഖങ്ങൾ പങ്കുവയ്ക്കുന്നിടമാണ് ഭവനം. (All sadness should be received). എല്ലാ പരിഭ്രമങ്ങളേയും ബഹുമാനിക്കുന്നിടമാണ് വീട് (All madness should be respected). വികാരങ്ങൾ പ്രകടിപ്പിക്കാനൊരു ഇടമാണ് വീട്, ഒരു വികാരവും മോശമല്ല. മോശമാക്കുന്നതാണ്. പ്രകടിപ്പിക്കാത്ത വികാരങ്ങളാണ് വീടുകളെ പ്രതിസന്ധിയിലാക്കുന്നത്. വികാരങ്ങൾ മരിച്ചു പോകുന്നിടത്ത് (emotional deadness) വീട് മരിച്ചു പോകും. അടക്കിവച്ചിരിക്കുന്ന വികാരങ്ങൾ, ഭവനത്തിനുള്ളിൽ, പൊട്ടിത്തെറിയും, കലഹങ്ങളും, കലാപങ്ങളും സൃഷ്ടിക്കുന്നു. പൂർത്തീകരിക്കാത്ത വികാരങ്ങൾ (unfinished emotions)ഭവനത്തിനുള്ളിൽ വെല്ലുവിളികളുയർത്തുന്നു. വൈകാരികമായ തെറ്റിദ്ധാരണകൾ (misunderstanding) വൈകാരികമായ മുറിവുകൾ സൃഷ്ടിക്കുന്നു, ഹൃദയം വികാരത്തിന്റെ ഇരിപ്പിടമായതുകൊണ്ട് (heart is the seat of emotions) ഹൃദയത്തിന്റെ കഴിവുകൾ (heart skills) മെച്ചപ്പെടുത്തുന്നതിന് പരിശീലനം അനിവാര്യമായിരിക്കുന്നു. വികാരങ്ങളെ തിരിച്ചറിയാനോ, തിരിച്ചറിഞ്ഞ് പ്രകടിപ്പിക്കാനോ കഴിയാത്ത ഭവനവും, ഭവനാന്തരീക്ഷവും കലുഷിതമായിരിക്കും. അവിടെ പ്രകടിപ്പിക്കുന്ന വികാരങ്ങൾ പലപ്പോഴും, തെറ്റായും, സ്വാർത്ഥപരമായും, അനാവശ്യമായും തീർന്നുപോകാറുണ്ട്. വികാരങ്ങളുടെ വീണ്ടെടുപ്പ് വീടിന്റെ ആത്മാവിന്റെ വീണ്ടെടുപ്പാണ്.

**കുടുംബം: ആലോചനകളുടെ തണലിടം**

കുടംബം ചിന്തകൾക്ക് (thought) പ്രേരിപ്പിക്കുന്നിടമായിരിക്കണം. വിവാഹം ഒരു ആലോചനയാണ്, (thought) ഒരു വികാരമല്ല. നല്ല ചിന്തകൾ, നല്ല തീരുമാനങ്ങൾക്ക് വഴിതെളിക്കുന്നു. ആലോചന കേൾക്കാനും, ആലോചന ചോദിക്കുവാനുമുള്ള മനസ്സ് കുടംബത്തിന്റെ ബലമാണ് (listening mind is the strength of the family). ഭവനത്തിന്റെ ഉയർച്ച താഴ്ചകളിലെല്ലാം ചിന്തിച്ച് പെരുമാറുന്നതിനും, അതിലെ അംഗങ്ങളെ ചിന്തിക്കാനായി പ്രേരിപ്പിക്കുന്നതിനും, കുടുംബം പരിശ്രമിക്കേണ്ടതുണ്ട്. അതിന് പകരം, പഴിചാരലുകളും, കുറ്റപ്പെടുത്തലുകളും, തിരസ്കരണങ്ങളും,കൊണ്ട് ഭവനത്തിന്റെ ലജ്ജകളെ തിരുത്താൻ ശ്രമിക്കുന്നത് അപകടകരമാണ്. വീടിനുള്ളിൽ അതിന്റെ ബൗദ്ധിക കഴിവുകൾ (head skills)പരിപോഷിപ്പിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്,

സ്വാഭിമാനവും (self respect) പരസ്പരബഹുമാനവും (mutual respect) അതിന് അനിവാര്യമാണ്. പാറമേൽ വീട് പണിത ബുദ്ധിയുള്ള കുടുംബം, എല്ലാ കുടുംബാംഗങ്ങളുടേയും ബുദ്ധിയുടെയും, തീരുമാനത്തിന്റെയും, സഹനത്തിന്റെയും അടയാളമാണ്. ഇന്ന് ഭവനത്തിനുള്ളിലെ ആലോചനകളെക്കാൾ ആഘോഷങ്ങൾക്ക് ആക്കം കൂടുകയാണ്. ആലോചനകളുടെ സമയവും (time) ഇടവും (space) താല്പര്യവും (interest) ഭവനത്തിനുള്ളിൽ കുറഞ്ഞു വരുന്നു. ഭവനത്തിന്റെ സംരക്ഷകരായിയിരിക്കുവാൻ (protection) നിയോഗിക്കപ്പെട്ടവർ സംഹാരകരായി (destruction) മാറുന്നത് ഒരു ആലോചനാവിഷയം (agenda) ആകേണ്ടതാണ്.

**കുടുംബം: വളർച്ചയുടെ തണലിടം**

കുടുംബം സ്നേഹത്തിന്റെയും, ശിക്ഷണത്തിന്റെയും നടുവിൽ വളരുന്ന സ്ഥാപനമാണ്. സ്നേഹം ഭവനത്തിന്റെ അകത്തെ ഇടത്തെ (inner space) ബലപ്പെടുത്തുമ്പോൾ, ശിക്ഷണം (discipline) അതിന്റെ അതിരുകളെ (boundaries) ബലപ്പെടുത്തും. ഭവനത്തിന്റെ അകത്തെ ഇടം ബന്ധങ്ങളുടെ (relationship) ഇടമാണ്. അത് വ്യവസ്ഥകളില്ലാത്ത സ്നേഹത്താൽ ബന്ധിതമാണ്. 'എന്നെ സ്നേഹിച്ചാലും ഇല്ലെങ്കിലും, ഞാൻ എന്റെ പങ്കാളിയെ സ്നേഹിക്കുമെന്ന്' ഭാര്യയും ഭർത്താവും കൈക്കൊള്ളുന്ന കടുത്ത തീരുമാനമാണ് അഥവാ സമർപ്പണമാണ് വിവാഹത്തിന്റെ കേന്ദ്രസ്ഥാനം.

ഈ വ്യവസ്ഥാരഹിതമായ സ്നേഹത്താൽ പരസ്പരം വിശുദ്ധീകരിക്കുന്നവരും, രൂപാന്തരം വരുത്തുന്നവരുമായി തീരുന്നതാണ് കുടുംബം. സ്നേഹമാണ് ഒരാളെ വിശുദ്ധീകരിക്കുക. സ്നേഹത്തെ ആഘോഷം ആക്കുന്ന കർമ്മമാണ് വിവാഹം. ദൈവത്തിന്റെ സ്നേഹം, മനുഷ്യന്റെ സ്നേഹം എന്നിവ ഇവിടെ ആഘോഷിക്കപ്പെടുകയാണ്. ദൈവത്തിന്റെ സ്നേഹത്തിന് ഭൂമിയിൽ സാക്ഷികളാകുന്നതിന്റെ ആഘോഷമാണത്; ഒപ്പം ദൈവം സ്നേഹമാണെന്ന് മക്കൾ തിരിച്ചറിയുന്നത് ദമ്പതികളുടെ സ്നേഹ

ത്താലാണ്. ഒരാളെ സ്ഥിരമായി സ്നേഹിക്കുക എന്നതാണ് ലോകത്തിലെ ഏറ്റവും വലിയ ബലി. അതാണ് ദാമ്പത്യ ബന്ധത്തിൽ സംഭവിക്കുന്നത്.

സ്നേഹം ഉള്ളിൽ സൂക്ഷിക്കാൻ മാത്രമുള്ളതല്ല, അത് പ്രകടിപ്പിക്കാനും, ജീവിക്കാൻ പ്രേരിപ്പിക്കാനും ഉള്ളതാണ്. അംഗീകരിക്കുക (accept) ബഹുമാനിക്കുക (respect) പ്രോത്സാഹിപ്പിക്കുക (encourage) ഇതിലൂടെയാണ് കുടുംബാംഗങ്ങളുടെ വളർച്ച (growth) സാധ്യമാകുന്നത്. കുടുംബാംഗങ്ങളെ കഴിവുള്ള, (competent) ക്രിയാത്മകമായ, (creative) സംതൃപ്തരായി (contented) വളർത്തിയെടുക്കുന്നതിന്, സ്നേഹത്തിന്റെ പ്രകടനങ്ങളും (expressions) പ്രവർത്തിയും (actions) അനിവാര്യമാണ്, ജീവിതത്തിന്റെ എല്ലാ വൈതരണിയുടെ മുഖങ്ങളിലും ഉണ്ടാകുന്ന തിരസ്കരണത്തെ (rejections) രക്ഷിക്കുന്നതാണ് സ്നേഹം.

**കുടുംബം: ഒരു ആത്മീയ തണലിടം**

മൂന്ന് ആത്മീയ തണലുകളാൽ അനുഗ്രഹീതമാണ് ഒരു ഭവനം. ഒരു സ്ലീബായുടെ അതിര് (Boundary of the cross) അതിന്റെ പ്രധാനകവാടത്തിൽ അതിന്റെ ഉള്ളിൽ വചനത്തിന്റെ അതിര് (Boundary of the word of God) അത് കുടുംബപ്രാർത്ഥനയിൽ വെളിപ്പെടുന്നു. കൂദാശയുടെ അതിര് (Boundary of the sacrament) അതിൽ പാർക്കുന്നവരെല്ലാം കൃപാമുഖാന്തരങ്ങളാകുന്ന കൂദാശകൾ അനുഭവിക്കുന്നവരും അതിനാൽ അനുഗ്രഹീതരുമാണ്.ഈ തണലിടങ്ങളുടെ മറവിലും, നിഴലിലും പാർക്കുന്നവരാണ് കുടുംബം,

എന്നാൽ ഇന്ന്, ഉയർന്നുനിൽക്കുന്ന വീടുകൾ വചനത്തോടും, പ്രാർത്ഥനയോടും, അകലംപാലിക്കുന്ന വീടുകളായി മാറുന്നുവോ? വീടിന്റെ പ്രതിരോധങ്ങളാണ് അതിന്റെ ആത്മീയ അതിരുകൾ. പ്രാർത്ഥനയും വചനധ്യാനവും നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരു കുടുംബത്തിന്റെ സന്തോഷത്തിനും. സംതൃപ്തിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ ദൈവം നമ്മുടെ പക്ഷത്താണ് എന്നതാണ്. നമുക്ക് ആശ്വാസവും ധൈര്യവും തരുന്ന ആത്മീയശീലങ്ങളുടെ തണലിടങ്ങളുടെ വീണ്ടെടുപ്പ് ഈ കാലത്തിന്റെ അനിവാര്യതയാണ്.

ഓരോ ക്രൈസ്തവകുടുംബവും ലോകത്തിന്റെ മുമ്പിൽ ദൈവസ്നേഹത്തിന്റെ തിളങ്ങുന്ന അടയാളമായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധത്രിത്വത്തിന്റെ ശാശ്വത സ്നേഹത്തിന്റെ പ്രതിബിംബമായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു •

**CLERGY TRANSFER LIST 2022** - CONTINUES...

| | | | |
|---|---|---|---|
| 1. | Thomas Mathew (Ayroor) | Pennukkara Immanuel | Amalloor Sehion |
| 2. | Thomas P. Chandy | Vadasserikkara St. Johns | Ayroor Carmel Mandiram |
| 3. | Thomas P. Koshy | Kuzhikala Ranni | Nazreth |
| 4. | Thomas P. T. Very Rev. | Bristol St.Thomas | Relieved |
| 5. | Thomas P.M. | Gajulappalli Mission | Venmony Asst. |
| 6. | Thomas P.P. Dr. | Trivandrum Trinity | Chittar St. Pauls |
| 7. | Thomas Philip | Perayam Poovathoor | Podimala |
| 8. | Thomas Rinu Varghese | Puthenpeedika St. Thomas | Study |
| 9. | Thomas T. S. | Goregaon | Dharma Jyothi |
| 10. | Titus Thomas | Puthencavu Mathilakom | Punnakkad |
| 11. | Tom John | Vikhroli | Vashi St. Pauls |
| 12. | Tony Varughese | Virar Christos | Wardha Mission |
| 13. | Varghese Cherian | Niranam St.Thomas Asst. | Kaviyoor Valiyapally |
| 14. | Varghese K. Mathew | Ulhasnagar St. James | Perumpetty |
| 15. | Varghese K. Thomas | Keekozhoor | Thadiyoor Bethel |
| 16. | Varghese L | Anchal St. Paul's | Chengamanad |
| 17. | Varghese M. C. | Chittar St. Pauls | Variyapuram St.Thomas |
| 18. | Varghese Mathai | Keezhvaipur St.Thomas | Mallappally Sehion |
| 19. | Varughese K. A. | Kottanad Trinity | Puthukkulam |
| 20. | Vinod Babu | Karavaloor Bethel Asst. | Chakkuvarackal Immanuel |
| 21. | Vinod K. George | Shahdol MTC | Thadiyoor Immanuel |
| 22. | Vinod Mathew | Chinthamani & KNS Mission | Erode Cong., Mission |
| 23. | Vinod Ninan | Areeplachy Ebenezer | Chenkulam Immanuel |
| 24. | Vinoy Daniel | Kottarakara Bishop's Sec | Chetpet |
| 25. | Vipin Kuruvilla | Chetpet Asst. | North Madras |
| 26. | Yesudasan V. T. | Mariapuram | West Kallada MTC & West Kallada Immanuel |
| 27. | Zachariah John | Vengal Salem | Retired |

ലേഖനം

# കുടുംബവും കുട്ടികളുടെ ആളത്ത വികാസവും

**റവ. എബ്രഹാം സ്കറിയ**
മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി
കോട്ടയം

കുടുംബങ്ങൾ സമൂഹത്തിന് നൽകുന്ന സംഭാവനകളിൽ ഏറ്റവും വലുത് ആരോഗ്യവും ധാർമിക ബോധവും സാമൂഹ്യ പ്രതിബദ്ധതയുള്ള പൗരന്മാരെ സൃഷ്ടിച്ചു നൽകുന്നതാണ്. വേദപുസ്തക കാഴ്ചപ്പാടിൽ സന്താനങ്ങൾ ദൈവാനുഗ്രഹമാണ് (ഉല്പ. 1: 28). കുട്ടികളുടെ വ്യക്തിത്വത്തെ മുറിപ്പെടുത്താതെ പത്ഥ്യോപദേശത്തിൽ പോറ്റി വളർത്തേണ്ടതാണെന്ന് വി. പൗലോസ് പഠിപ്പിക്കുന്നു (എഫെ.6:4) മനുഷ്യരുടെ സർഗ്ഗാത്മകത ഏറ്റവും നന്നായി വെളിപ്പെടുന്ന ഒരു രംഗമാണ് പ്രത്യുൽപാദനവും സന്താന പരിപാലനവും. ദൈവഹിതപ്രകാരം ഒരു പൈതലിനെ വളർത്തിയെടുക്കുന്നത് വളരെ ശ്രദ്ധയും ക്ഷമയും ഉൾക്കാഴ്ചയും സമർപ്പണവും ആവശ്യപ്പെടുന്ന ഒരു ഉത്തരവാദിത്തമാണ്. ഒരു കുഞ്ഞിന്റെ വ്യക്തിത്വ വളർച്ചയിൽ ജനനത്തിനു മുമ്പും ജനനത്തിനു ശേഷവും ശൈശവകാലത്തും മറ്റു വളർച്ചാ കാലഘട്ടങ്ങളെ അപേക്ഷിച്ച് കുട്ടിയുടെ മാതാപിതാക്കൾക്കും കുടുംബത്തിനും വളരെ നിർണായകമായ ഒരു പങ്ക് നിർവഹിക്കുവാനുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് വേഗതയും തിരക്കും ഒറ്റപ്പെടലും ഏറെ അനുഭവിക്കുന്ന ഇന്നത്തെ ചുറ്റുപാടിൽ പുതിയ കുടുംബങ്ങൾക്ക് വളരെയധികം വെല്ലുവിളികളെ നേരിടേണ്ടതായിട്ടുണ്ട്.

**ജനനപൂർവ്വ കാലം (Prenatal Period)**

ദമ്പതികളുടെ പൊതുവായ ആരോഗ്യനില, ഒരു ഒരു കുഞ്ഞിനെ സ്വീകരിക്കുന്നതിനുള്ള അമ്മയുടെ ഒരുക്കവും ആഗ്രഹവും, സ്വസ്ഥതയുള്ള ഭവനാന്തരീക്ഷം എന്നിവ ഒരു കുഞ്ഞിന്റെ ആദ്യഘട്ട വളർച്ചയെ സ്വാധീനിക്കുന്ന സുപ്രധാനമായ ഘടകങ്ങളാണ്. വിവാഹേതര ലൈംഗിക ബന്ധങ്ങളിലൂടെയൊ, നിർബന്ധിത ലൈംഗികബന്ധത്തിലൂടെയോ, ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യാത്ത സമയത്തൊ ഒരു കുട്ടി ജനിക്കുന്നപക്ഷം അത് മാതാവിനെ കടുത്ത സംഘർഷത്തിലും പിരിമുറുക്കത്തിലും ആക്കുവാനുള്ള സാധ്യതയുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ തീവ്രമായ ഉത്കണ്ഠയും വിഷാദവും കുറ്റബോധവും ലജ്ജയും അനുഭവിക്കുന്ന ഒരു അമ്മയുടെ ഉദരത്തിൽ വളരുവാൻ കുഞ്ഞ് വിധിക്കപ്പെടുന്നു. അമ്മയുടെനിരന്തരമായ പിരിമുറുക്കവും, നിഷേധ ചിന്തകളും കുട്ടിയുടെ ആളത്ത വളർച്ചയെ മുരടിപ്പിക്കുന്നതിനും വികലമാക്കുന്നതിനും കാരണമാകാം. ഇതിന്നു വിപരീതമായി പരസ്പര ധാരണയും സ്നേഹവും കരുതലുമുള്ള ദമ്പതി ബന്ധങ്ങളിൽ ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും പൂർത്തീകരണമായി ഒരു കുട്ടി ജനിക്കുമ്പോൾ അവാച്യമായ നിർവൃതിയും ആനന്ദവും മാതാപിതാക്കൾക്കും അവരോട് ബന്ധപ്പെട്ട എല്ലാവർക്കും ഉണ്ടാകും. നമുക്കെല്ലാം അറിയുന്നതുപോലെ ഒരു കുട്ടിയുടെ ജീവിത ഘടികാരം ഓടിത്തുടങ്ങുന്നത് അമ്മയുടെ ഉദരത്തിനുള്ളിലാണ്. 270-280 ദിവസങ്ങൾക്കുള്ളിൽ ഒരു ചെറു കോശം അത്ഭുതവും അതിശയകരവുമായി (സങ്കീ. 139: 14) വളർന്ന് എല്ലാ അവയവങ്ങളും ശേഷിയും ഉള്ള ഒരു മനുഷ്യക്കുഞ്ഞായി രൂപാന്തരപ്പെടുന്നു. മനുഷ്യരുടെ മുഴുവൻ ആയുസ്സുമായി തട്ടിച്ചു നോക്കുമ്പോൾ ഗർഭ കാലം വളരെ ചെറിയ ഒരു കാലഘട്ടമായി തോന്നുമെങ്കിലും ജീവിതത്തിന്റെ മറ്റു ഒരു ഘട്ടത്തിലും ഇത്രയും അധികം വികാസം നമ്മൾക്ക് ഉണ്ടാകുന്നില്ല. ഈ കാലയളവിൽ അമ്മയുടെ ശാരീരിക മാനസിക ആരോഗ്യം, കുടുംബ സാമൂഹ്യ അന്തരീക്ഷം,







പൊതുവായ സുസ്ഥിതി ഇവയെല്ലാം ജനിതക ഘടകങ്ങളെ പോലെ കുഞ്ഞിന്റെ വളർച്ചയെ അനുകൂലമായോ പ്രതികൂലമായോ ബാധിക്കാം എന്ന് പ്രശസ്ത മനശാസ്ത്രജ്ഞയായ Elizabeth Hurlock നിരീക്ഷിക്കുന്നുണ്ട്.

ദിവസത്തിന്റെ ഏറിയ പങ്കും പിരിമുറുക്കങ്ങളും സംഘർഷങ്ങളും ഉള്ള തൊഴിലിടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾ, കടുത്ത കുടുംബ വഴക്കുകളിൽ ഭാഗമാകുന്നവർ, പങ്കാളിയെയും കുടുംബത്തെയും പിരിഞ്ഞു ജീവിക്കേണ്ടി വരുന്നവർ, കടുത്ത രോഗമോ നഷ്ടമോ അഭിമുഖീകരികുന്നവർ എന്നിങ്ങനെയുള്ളവര്ക്ക് ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ, ഗർഭധാരണവും പ്രസവവും ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പങ്കാളിയുടെ സ്നേഹവും ഭവനാംഗങ്ങളുടെ കരുതലും ഒരു പരിധിവരെ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് സഹായിക്കും. എന്നാൽ അതിനു സാധ്യതയില്ലാത്തവരെ സഹായിക്കുന്നതിനു സമൂഹവും സഭകളും സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതു വളരെ ആവശ്യമാണ്. കുഞ്ഞുങ്ങളോടുള്ള സ്നേഹവും കരുതലും കുട്ടികൾ ജനിച്ചതിനു ശേഷമല്ല അവർ ജനിക്കുന്നതിന് മുമ്പ് തന്നെ പ്രകടിപ്പിച്ചു തുടങ്ങേണ്ടതാണ്.

**ശൈശവകാലം** (Infancy)

ഗർഭപാത്രത്തിന്റെ സുഖവും സുരക്ഷിതത്വവും വിട്ട് ബാഹ്യ ലോകത്തേക്കുള്ള കുട്ടിയുടെ പ്രയാണം അമ്മയെപ്പോലെ തന്നെ കുട്ടിക്കും വേദനയും ഉത്കണ്ഠയും ഉള്ള ഒരു പ്രക്രിയയാണ്. ജനനശേഷം കുട്ടിക്ക് ലഭിക്കുന്ന പരിചരണത്തിന്റെ മേന്മ (quality) കുട്ടിയിൽ സുരക്ഷിത ബോധവും പരിചരിക്കുന്നവരോടുള്ള വിശ്വാസവും (trust) വളർത്തുന്നു. ശൈശവത്തിന്റെ ആദ്യ കാലത്തു ഒരു ശിശു അതിന്റെ എല്ലാ ആവശ്യങ്ങളും കരച്ചിലിലൂടെയാണ് (distress alarm of the child) അറിയിക്കുന്നത്. അത്തരം കരച്ചിലുകളോട് വേഗത്തിലും ശാന്തതയോടും പ്രതികരിക്കുമ്പോൾ കുട്ടിയുടെ വിശ്വാസവും സുരക്ഷിത ബോധവും വർധിക്കുവാൻ ഇടയാകുന്നു. തൽഫലമായി മാതാപിതാക്കൾ സമീപത്ത് ഇല്ലാതിരിക്കുമ്പോഴും, പരിചരണത്തിൽ അല്പ്പമൊക്കെ താമസം നേരിട്ടാലും ഞാൻ സുരക്ഷിത/നാണെന്ന് വിശ്വാസിക്കുവാനും പരിചരിക്കുന്നവർക്കായി കാത്തിരിക്കുവാനുമുള്ള ശേഷി ശൈശവ കാലഘട്ടത്തിൽ തന്നെ കുട്ടികൾ ആർജിക്കുന്നു. കുട്ടിയുടെ ഈ കഴിവാണ് പിന്നീട് ദൈവവിശ്വാസത്തിൽ പ്രകടമാകുന്നതെന്ന് Erik Erickson അഭിപ്രായപ്പെടുന്നുണ്ട്. ഒരു കുട്ടിക്കു ശൈശവ കാലത്തുണ്ടാകുന്ന സുരക്ഷിത ബോധം ആ വ്യക്തിയുടെ ഭാവികാല വളർച്ചക്കുള്ള സുരക്ഷിത അടിത്തറ (secure base) നിർമ്മിക്കുന്നുവെന്ന് ദീർഘമായ പഠനങ്ങളുടെ വെളിച്ചത്തിൽ John Bowlby സമർഥിച്ചിട്ടുണ്ട്. കുട്ടിയുടെ ആവശ്യങ്ങൾ അവഗണിക്കുന്നതു (deprivation) പോലെ തന്നെ ആവശ്യത്തിൽ അധികം നല്കുമ്പോഴും (overindulgence) കുട്ടിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു എന്നുള്ള കണ്ടെത്തലും ഗൌരവമായി കാണേണ്ടതാണ്.

മാതാപിതാക്കൾ രണ്ടുപേരും ജോലി ചെയ്യുന്നതും, രണ്ടിടങ്ങളിലായി ജീവിക്കേണ്ടി വരുന്നതും, ദിവസേനയുള്ള യാത്രകളും തൊഴിലുമായി ബന്ധപ്പെട്ട മറ്റ് പിരിമുറുക്കങ്ങളും എല്ലാം കുട്ടികൾക്ക് ശൈശവകാലത്ത് മാതാപിതാക്കളിൽ നിന്ന് ലഭിക്കേണ്ട കരുതലിൽ കുറവ് വരുത്തുന്നതിന്നും അവരുടെ സുരക്ഷിത അടിത്തറയിൽ വിള്ളലുണ്ടാകുന്നതിന്നും കാരണമായേക്കാം. കുടുംബ ഉത്തരവാദിത്തങ്ങളുടെ പഴയ കാല വിഭജനത്തിൽ കുഞ്ഞുങ്ങളുടെ പരിപാലനം പൂർണമായും അമ്മക്കും കുടുംബത്തിലെ മറ്റ് സ്ത്രീകൾക്കുമായി വേർതിരിക്കപ്പെട്ടിരുന്നു. ഇന്നത്തെ മാറിയ ചുറ്റുപാടിൽ ഈ ക്രമീകരണത്തിന്നു മാറ്റം വന്നേ മതിയാകൂ. പങ്കാളികളുടെ കൂട്ടായ ചിന്തയും, സമയ ക്രമീകരണങ്ങളും, പരിചരണ ജോലികളുടെ ഫലപ്രദമായ പങ്കുവെക്കലുമെല്ലാം വളരെ പ്രാധാന്യമുള്ള കാര്യങ്ങളാണ്.

**ബാല്യകാലം** (Childhood)

കുട്ടികളുടെ രണ്ടു മുതൽ ആറു വയസ്സു വരെയുള്ള കാലഘട്ടത്തെയാണ് ബാല്യകാലത്തിന്റെ ആദ്യ ഭാഗമായി (Early Childhood) കണക്കാക്കുന്നത്. കുട്ടികൾ ഇക്കാലത്ത് മാതാപിതാക്കളോടുള്ള ആശ്രയത്വം കുറച്ചു സ്വതന്ത്രമായി പെരുമാറുന്നതിനും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ പ്രകടിപ്പിക്കുന്നതിനും ആരംഭിക്കും. എന്നാൽ ഈ സ്വാതന്ത്ര്യം പക്വതയോടെ പ്രയോഗിക്കാൻ അറിയാത്തതുകൊണ്ട് മാതാപിതാക്കളോടും സഹോദരങ്ങളോടും വീട്ടിലെ മറ്റു ആളുകളോടും പലപ്പോഴും വഴക്കും പിണക്കവും, പിടിവാശിയും, കാട്ടി മറ്റുള്ളവരുടെ അപ്രീതിക്കു പാത്രീഭൂതരാകാൻ സാധ്യതയുണ്ട്. ഇക്കാലത്ത് മറ്റുള്ളവർ കുട്ടിയെപ്പറ്റി പറയുന്ന നല്ലതും ചീത്തയുമായ (positive and negative) കാര്യങ്ങൾ അയാളുടെ സ്വയബോധ നിർമ്മിതിയിൽ വളരെ നിർണ്ണായകമായി മാറുന്നു. ചുറ്റുപാടിലുള്ള സകലത്തെയും അതീവ കൗതുകത്തോടെ നിരീക്ഷിക്കുന്നതും, ചില അനുകരണങ്ങൾക്ക് ശ്രമിക്കുകയും ചെയ്യുന്നത് ബാല്യകാലത്തിന്റെ പ്രത്യേകതയാണ്. അത്തരം അനുകരണങ്ങളും പരീക്ഷണങ്ങളും നടത്തുമ്പോൾ ചില അപകടങ്ങളും പരാജയങ്ങളും സംഭവിക്കുന്നതും സാധാരണയാണ്. വളർച്ചയുടെ ആദ്യ ഘട്ടങ്ങളിൽ സുരക്ഷിത ബോധവും വിശ്വാസവും ആർജിച്ച കുഞ്ഞുങ്ങൾക്ക് വീടിനു പുറത്തുള്ള കാര്യങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിനും, മറ്റു കുട്ടികളോടും അപരിചിതരോടും ആത്മവിശ്വാസത്തോടെ ഇടപെടുന്നതിനുമുള്ള ശേഷി താരതമ്യേന കൂടിയിരിക്കും. ഈ ഘട്ടത്തിൽ മാതാപിതാക്കൾ കുട്ടികളോട് ഒപ്പം നിന്ന് അവരുടെ പര്യവേഷണങ്ങൾക്ക് സഹായിക്കുകയും, പരാജയങ്ങളിൽ പ്രോത്സാഹനവും, ആധികാരികതയോടു കൂടെ (authoritative) ശിക്ഷണവും

നൽകുമെങ്കിൽ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ വളർച്ചയുടെ പുതിയ പടവുകൾ താണ്ടാനാകും. മൂന്ന് സുപ്രധാന കാര്യങ്ങൾ ഈ ഘട്ടത്തിൽ കുഞ്ഞുങ്ങൾക്ക് ആവശ്യമുണ്ട്: വാത്സല്യം(affection), അംഗീകാരം (acceptance) നേട്ടങ്ങൾ (achievements) എന്നിവയാണത്.

മാതാപിതാക്കൾ ആഗ്രഹിക്കാതെ ജനിച്ച കുട്ടികൾ, ശാരീരിക വെല്ലുവിളികൾ ഉള്ളവർ, സാംസ്കാരിക വേർതിരിവുകൾ അനുഭവിക്കുന്നവർ (ഉദാ. നമ്മുടെ നാട്ടിൽ പെൺകുട്ടികൾ കറുത്ത നിറമുള്ളവർ) എന്നിങ്ങനെയുള്ളവർക്കു ചെറിയ പ്രായം മുതൽക്കേ അവഗണനയും വേർതിരിവും വേദനയും അനുഭവപ്പെട്ടേക്കാം. തന്മൂലം അങ്ങനെയുള്ളവർ സ്വയം വെറുക്കുന്നതിനും, മറ്റുള്ളവരോട് വെറുപ്പും അകൽച്ചയും പ്രകടിപ്പിക്കുന്നതിനും, സാധ്യമായ നേട്ടങ്ങൾ പോലും നഷ്ടപ്പെടുത്തുന്നതിനും ഇടയായേക്കാം. എന്നാൽ മാതാപിതാക്കളുടെയും മറ്റുള്ളവരുടെയും സ്നേഹ വാത്സല്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾ സ്വയം ബഹുമാനമുള്ളവരും, സാമൂഹ്യ ബന്ധമുള്ളവരും, നേട്ടങ്ങൾ ഉണ്ടാക്കുന്നവരുമായി മാറുന്നതിനാണ് സാധ്യത. മാതാപിതാക്കളോടും ഭവനത്തോടുമുള്ള ബന്ധത്തിൽ നിഷേധ മനോഭാവം ഉണ്ടായിട്ടുള്ള കുട്ടികൾക്ക് നല്ല സൗഹൃദങ്ങളും, അധ്യാപക ബന്ധങ്ങളും സൗഖ്യദായകമാണ്. നമ്മുടെ സൺഡേ സ്കൂൾ, യുവജന സഖ്യം പോലെയുള്ള പ്രസ്ഥാനങ്ങൾക്കു ഈ ദിശയിലുള്ള സാധ്യതകൾ ആരായാവുന്നതാണ്

ഇന്നു നാം ജീവിക്കുന്ന സമൂഹം ആരോഗ്യമുള്ള വ്യക്തിത്വങ്ങൾ ഉണ്ടാകുന്നതിന് ചൂണ്ടിക്കാണിച്ചിട്ടുള്ള പല ഘടകങ്ങളിലും വളരെ പിന്നോക്കമാണ്. ഏറെക്കുറെ ഒറ്റപ്പെട്ടു കഴിയുന്ന അണു കുടുംബങ്ങൾ, പ്രകൃതിയിൽ നിന്നും അയൽക്കാരിൽ നിന്നും അന്യപ്പെട്ട് കെട്ടിടങ്ങൾക്കുള്ളിൽ വളരുന്ന കുട്ടികൾ, കുട്ടികളോടൊത്തു കളിക്കാനും അവരെ നയിക്കാനും കഴിയാതെ പോകുന്ന മാതാപിതാക്കൾ, ഡിജിറ്റൽ മാധ്യമങ്ങളുടെ അതിപ്രസരം, ഇവയെല്ലാം ദൂരവ്യാപകങ്ങളായ ഫലം ഉളവാക്കുന്നവയാണ്. കൗമാരക്കാർക്ക് ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരിയാസക്തി, ലൈംഗിക അരാജകത്വം, സ്വഭാവ വൈകൃതങ്ങൾ, അക്രമവാസന, ആത്മഹത്യാ പ്രവണത എന്നിവക്കെല്ലാം ഒരു വലിയ അളവിൽ പരിപാലന പിഴവുകളുമായി ബന്ധമുണ്ടാകാം. ദൈവത്തോട് ചേർന്ന് സാമൂഹ്യ പ്രതിബദ്ധതയുള്ള ഭാവിതലമുറയെ രൂപപ്പെടുത്തേണ്ടത് വിശ്വാസം ആവശ്യപ്പെടുന്ന സമർപ്പണമാണ്. ഇക്കാര്യത്തിൽ കുടുംബങ്ങളെ പരിശീലിപ്പിക്കുന്നതിനും സഹായിക്കുന്നതിനും കഴിയുന്ന തരത്തിൽ സഭാശുശ്രൂഷ രൂപപ്പെടേണ്ടത് ഇന്നിന്റെ ആവശ്യമാണ് •


# C.S.S. NEWS

ഇടവകയുടെ ആത്മീയ വളർച്ചയിൽ പങ്കാളികളാകുവാൻ,
കൂട്ടായ്മകളുടെ സജീവതയ്ക്കായി ഉത്സാഹിക്കുവാൻ,
സണ്ടേസ്കൂളുകളുടെ പരിപോഷണത്തിൽ സഹായിക്കുവാൻ,
യുവജനസഖ്യമായി നിങ്ങളാഗ്രഹിക്കുന്നുവോ?...
എങ്കിൽ അതിന് പുസ്തകവിതരണയജ്ഞത്തിലൂടെ
തിരുവല്ല സി.എസ്.എസ്. ബുക്ക്ഷോപ്പ്
നിങ്ങളെ സഹായിക്കുന്നു.

## ഇടവകകളിൽ പുസ്തകവിതരണയജ്ഞം

### ഒക്ടോബർ 1 - 31 വരെ

◆ യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ പുസ്തകങ്ങൾ ഇടവകയിലെ വായനക്കാരുടെ കൈകളിലെത്തിക്കുവാൻ നിങ്ങൾക്കു സാധിക്കും ◆ നിങ്ങളുടെ സഖ്യശാഖകൾ സംഘാടനത്തിലും കൂട്ടായ്മയിലും കൂടുതൽ സജീവമാകുന്നതോടൊപ്പം ഒരു കൂട്ടം മികച്ച ഗ്രന്ഥങ്ങൾ നിങ്ങൾക്കു ലഭിക്കും ◆ 2022 ഒക്ടോബർ 1 മുതൽ 31 വരെ, *സി.എസ്.എസ്. ബുക്ക്ഷോപ്പിൽ*നിന്ന് *സെയിൽ ഓർ റിട്ടേൺ* വ്യവസ്ഥയിൽ പുസ്തകങ്ങൾ സഖ്യം ശാഖകൾക്കു കൊടുത്തുവിടുന്നു ◆ വില്പനയ്ക്കുശേഷം, ബാക്കിവന്ന പുസ്തകങ്ങൾ നവംബർ 14 മുതൽ നിശ്ചയിക്കുന്ന തീയതികളിൽ തിരികെ ഏല്പിക്കേണ്ടതാണ് ◆ ഇടവകകളിലേക്കു പുസ്തകങ്ങൾ ഏറ്റുവാങ്ങാൻ വരുമ്പോൾ വികാരിയച്ചന്മാരുടെ *ഗ്യാരന്റി സർട്ടിഫിക്കറ്റ്* കൊണ്ടുവരേണ്ടതാണ്.

**ഏറ്റവും കൂടുതൽ വില്പന നടത്തുന്ന**
**മൂന്നു ഗ്രൂപ്പുകൾക്ക് 2000 രൂപ കാഷ് അവാർഡും**
**പ്രശസ്തിഫലകവും സമ്മാനം**

15,000 രൂപയിലധികം വിലയ്ക്കു
പുസ്തകവില്പന നടത്തുന്ന ശാഖകൾക്ക്
1500 രൂപയുടെ സി.എസ്.എസ് പുസ്തകങ്ങൾ
പ്രോത്സാഹന സമ്മാനമായി നല്കും.
(പുസ്തകങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കാവുന്നതാണ്.)

## സി. എസ്. എസ് ബുക്ക്ഷോപ്പ്

**കുരിശുകവല, തിരുവല്ല - 689 101**
**ഫോൺ: 0469 - 2630389**
**8921380556**
**csstiruvalla@gmail.com**

Advt.

ലേഖനം

# കുടുംബ സങ്കൽപം നേരിടുന്ന ഭീഷണികളും പരിവർത്തനത്തിന്റെ പുത്തൻ പാതകളും



**ചെറിയാൻ സി. ജോൺ,** മാരാമൺ

ഭാര്യയുടെ ക്രൂരതയുടെ പേരിൽ വിവാഹമോചന മാവശ്യപ്പെട്ട് ആലപ്പുഴക്കാരനായ 34-കാരൻ കേരള ഹൈക്കോടതിയിൽ നൽകിയ ഒരു ഹർജി തള്ളിക്കൊണ്ട് ഡിവിഷൻ ബെഞ്ച് നടത്തിയ ഒരു പരാമർശം വളരെ ശ്രദ്ധേയമാണ്. "ബാധ്യതകളും കടമകളുമില്ലാത്ത സ്വതന്ത്രജീവിതം നയിക്കുന്നതി നായി ഒഴിവാക്കേണ്ട ഒരു തിന്മയായിട്ടാണ് പുതിയ തലമുറ വിവാഹത്തെ കാണുന്നത്. ഭാര്യ എന്നതിന്റെ ഇംഗ്ലീഷ് വാക്കായ 'WIFE,' Worry Invited for Ever (എന്നത്തേക്കുമായി ക്ഷണിക്കുന്ന ആശങ്ക) എന്നാണവർ പറയുന്നത്, Wise Investment for Ever (എന്നത്തേക്കുമുള്ള വിവേകപൂർവമായ നിക്ഷേപം) എന്ന പഴയ കാഴ്ചപ്പാടിനെയാണ് ഇതിലൂടെ തിരുത്തുന്നത്. ഉപയോഗിച്ച് വലിച്ചെറിയുക എന്ന ഉപഭോക്തൃസംസ്കാരം വിവാഹബന്ധങ്ങളെയും സ്വാധീനിച്ചു എന്നുവേണം കരുതാൻ. വേർപിരി ഞ്ഞാൽ ഗുഡ് ബൈ പറയാൻ കഴിയുന്ന ലീവ് ഇൻ റിലേഷൻഷിപ്പാണ് ഇപ്പോൾ വർധിക്കുന്നതെന്നും കോടതി അഭിപ്രായപ്പെട്ടു. എന്നാൽ വിവാഹം പവിത്രമാണെന്നും അതാണ് ശക്തമായ സമൂഹത്തിന്റെ അടിത്തറയെന്നും കോടതി പറഞ്ഞു. മനുഷ്യനിലെ ധാർമികമൂല്യങ്ങളും സ്വഭാവരീതികളും കഴിവുകളുമൊക്കെ കുടുംബത്തിൽ നിന്നാണ് രൂപ പ്പെടുന്നത്. ലൈംഗിക പ്രേരണക്ക് സ്വാതന്ത്ര്യം നൽകുന്ന വെറും ആചാരമോ, ശൂന്യമായ ആഘോഷമോ അല്ല വിവാഹം. കോടതിയുടെ പരാമർശം തുടരുന്നു.

മുമ്പ് കെട്ടുറപ്പുള്ള കുടുംബബന്ധങ്ങളുടെ പേരിൽ കേരളം പ്രശസ്തമായിരുന്നു. എന്തുകൊണ്ടാണ് വേഴാമ്പലിനെ കേരളത്തിന്റെ സംസ്ഥാന പക്ഷിയായി തെരഞ്ഞെടുത്തിരിക്കുന്നത് കുടുംബത്തിന് അതീവ പ്രാധാന്യം നല്കുന്ന ഒരു പക്ഷി എന്ന നിലയിലാണ്. ഈ അറിവ് ഒരു നൊമ്പരത്തോടു കൂടി മാത്രമേ ന മുക്കു ഉൾക്കൊള്ളാൻ കഴിയൂ. കാരണം സാധാരണ പക്ഷികളും മൃഗങ്ങളും പോളിഗാമിയാണ്, ഒരു പക്ഷിക്ക് / മൃഗത്തിന് ഒന്നിലധികം ഇണകൾ ഉണ്ടാവും. എന്നാൽ വേഴാമ്പലിന്റെ ജീവിതായുസ്സിൽ അതിനു ഒരൊറ്റ ഇണ മാത്രമേയുള്ളൂ. വേഴാമ്പൽ ഇണചേർന്ന ശേഷം മരത്തിൽ പൊത്തുണ്ടാക്കി പെൺ പക്ഷി അതിൽ മുട്ടയിടുന്നു. പെൺപക്ഷിയെ പൊത്തിലിരുത്തി ആൺ പക്ഷി ഒരു ദ്രവം കൊണ്ട് പൊത്ത് അടയ്ക്കും.കൊക്കിടാൻ വേണ്ടി ഒരു ദ്വാരം ഉണ്ടാക്കിയ ശേഷം ആൺപക്ഷി കാടായ കാടൊക്കെ തേടിനടന്നു ഭക്ഷണം കൊണ്ടുവന്നു പെൺപക്ഷിക്ക് ആ ദ്വാരത്തിലൂടെ കൊടുക്കും. മുട്ട വിരിഞ്ഞു കഴിയുമ്പോൾ പെൺ പക്ഷി ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിക്കും. ഉടൻ തന്നെ ആൺപക്ഷി വന്നു കൂടു കുത്തിപ്പൊട്ടിക്കുകയും അമ്മയെയും മക്കളെയും സ്വാതന്ത്രരാക്കുകയും ചെയ്യും. ഒരു പക്ഷെ ഇരതേടിപ്പോകുന്ന വഴിക്കു അച്ഛൻ പക്ഷി മരിച്ചു വീണാൽ അമ്മക്കിളിയും കുഞ്ഞുങ്ങളും കൂട്ടിൽ കിടന്നു മരിക്കും. മനസ്സിൽ ഒരു നെരിപ്പോട് എരിയുന്ന പ്രതീതി. വഴിക്കണ്ണുമായി ഒരച്ഛനെ കാത്തിരിക്കുന്ന ഒരമ്മയും വിശന്നു കരഞ്ഞു

തളർന്ന ആ കുഞ്ഞുങ്ങളും നമ്മുടെ മനസ്സിൽ ഒരു നീറ്റൽ ഉണ്ടാക്കിയില്ലേ ? സ്വന്തം വീടുകളിൽ പോലും കുട്ടികൾ സുരക്ഷിതമല്ലാത്ത ഈ ലോകത്ത് വേഴാമ്പൽ എത്ര ഉദാത്തമായിട്ടാണ് കുടുംബം എന്ന സങ്കല്പം നമുക്കു കാട്ടിത്തരുന്നത്.

കുടുംബം എന്നത് ഒരു മാനുഷിക പദ്ധതിയല്ല തികച്ചും ദൈവീക പദ്ധതിയാണ്. താൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് തോന്നിയത് ആദമിനല്ല, ദൈവത്തിനാണ്. ഭൂമിയിൽ സന്തുഷ്ട കുടുംബങ്ങൾ ഉണ്ടോ എന്ന് ദൈവം ഉറ്റു നോക്കുന്നു, കുടുംബമാണ് സമൂഹത്തിന്റെ ആണിക്കല്ല്. കുടുംബ ബന്ധങ്ങളിൽ കടന്നുകൂടുന്ന ഏതൊരു അസ്വാസ്ഥ്യങ്ങളും തകർച്ചയും സാമൂഹത്തെ നാശത്തിലേക്കു നയിക്കും. എന്നാൽ ഈ കാലത്ത് സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനവും, വർധിച്ചു വരുന്ന പാശ്ചാത്യ ജീവിത അനുകരണങ്ങളും ഓരോ വ്യക്തിയെയും പാരമ്പര്യമായുള്ള മൂല്യ സങ്കൽപ്പങ്ങളിൽ നിന്ന് മാറ്റി ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. സ്വഭാവികമായും വ്യക്തി ബന്ധങ്ങളെല്ലാം സ്വാർഥവൽകരിക്കപ്പെട്ടു തുടങ്ങി. ബന്ധങ്ങൾ മൂലമുള്ള യാതൊരു കെട്ടുപാടുകളും ഇഷ്ടപ്പെടാത്ത, നൂല് പൊട്ടി കാറ്റത്ത് പറക്കുന്ന പട്ടത്തെ പോലെയാവാൻ വെമ്പുന്ന ഒരു സമൂഹത്തെയാണ് ഇന്ന് കൂടുതലും കാണുന്നത്. മാതൃത്വം എന്ന മഹനീയത പോലും ഇന്ന് കളങ്കമായികൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. സ്വന്തം സുഖം എന്ന അപകടകരമായ താൽപര്യങ്ങൾ ആ ബന്ധങ്ങളിലും കരിനിഴൽ വീഴ്ത്തുകയാണിന്ന്. വിദ്യാഭ്യാസത്തിലുണ്ടായ മുന്നേറ്റം സ്വയം പര്യാപ്തതയിലേക്ക് മനുഷ്യനെ എത്തിച്ചപ്പോൾ തൻമൂലമുണ്ടായ സാമ്പത്തിക കെട്ടുറപ്പുകൾ വ്യക്തിസ്വാതന്ത്ര്യം എന്ന ചിന്തയിലേക്ക് കൂടുതലായി നമ്മെ എത്തിച്ചു. അങ്ങനെ വന്നപ്പോൾ വിവാഹമെന്നത് പവിത്രമായി കരുതിയിരുന്ന സങ്കൽപ്പങ്ങൾക്ക് വിരാമമിട്ട് വിവാഹത്തെ വെറുമൊരു സാമൂഹിക വ്യവസ്ഥിതിയായി കാണാൻ തക്കവിധം ഇന്നത്തെ ആധുനിക ജീവിതരീതിയും, പാശ്ചാത്യ ചിന്തകളുടെ സ്വാധീനവും പ്രേരകഹേതുവാകുന്നു. വിവാഹമോചനമെന്ന ഏറ്റവും നിസ്സാര പ്രക്രിയയിലേക്ക് കൊണ്ടെത്തിച്ചതും ബന്ധങ്ങളിലെ ഇഴയടുപ്പം നഷ്ടപ്പെട്ടതാണ്. പല കുടുംബ ബന്ധങ്ങളിലും ഭാര്യാ ഭർത്താക്കൻമാർക്കിടയിൽ മാനസിക ഐക്യം കുറയുന്നു. ഇതിന് കാരണമാകുന്ന നിരവധി ഘടകങ്ങളുണ്ടാവാം.

പങ്കാളിയുടെ ഭാഗത്ത് നിന്നുമുണ്ടാകുന്ന സംശയകരമായ മാനസികാവസ്ഥയോ, മദ്യപാനത്തിന്റെ ആസക്തിയോ, മാനസികമായ അവഗണനയോ, ശാരീരികമായ പീഡനങ്ങളോ, ലൈംഗികമായ അടിച്ചമർത്തലുകളോ, അധിനിവേശമോ ഒക്കെ ഇതിന് കാരണം ആവാം. എന്നാൽ ഇത്തരം കാരണങ്ങൾ പലപ്പോഴും അവിഹിത ബന്ധങ്ങളിലേക്കും, കുടുംബം ഉപേക്ഷിച്ച് ഇറങ്ങിപ്പോകുന്ന അവസ്ഥയിലേക്കും, പങ്കാളികളിൽ ഒരാളുടെ കൊലപാതകത്തിലും വരെ എത്തുന്ന നിലയിൽ ആകുന്നു. ഇതിന്റെ പ്രത്യാഘാതം സമൂഹത്തിൽ സൃഷ്ടിക്കുന്നത് നാം ചിന്തിക്കുന്നതിലും ഏറെയാണ്. ചെറുപ്പത്തിൽ തന്നെ ജീവിതത്തിന്റെ ഇരുണ്ട മുഖം കണ്ടറിയുന്ന ബലിയാടായ കുട്ടികൾ പിന്നീട് നിസ്സഹായതയുടെ നെരിപ്പോടിലമർന്ന് ജീവിതത്തോട് പകയും, വെറുപ്പും വച്ച് പുലർത്തുകയും, പിന്നീട് അവരിൽ പലരും സാമൂഹ്യ വിരുദ്ധരായി മാറുകയും ചെയ്യുന്നു.

ലോകത്തിൽ നടപ്പാകേണ്ട ദൈവീക ഉദ്ദ്യേശത്തെ വിഫലം ആക്കാനുള്ള സാത്താന്യ തന്ത്രങ്ങൾ ആരംഭിച്ചത് കുടുംബത്തിലാണ്. ഇന്നും അത് തുടരുകയും ത്വരിതപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആഗ്രഹങ്ങളുടെ ആധിക്യവും അധികാരമോഹവും കുടുംബ ജീവിതത്തിന്റെ പ്രേരണ ശക്തികളായി മാറി. സുദൃഢ സഖിത്വത്തിന്റെ സ്ഥാനത്ത് നിസ്സംഗത മുഖമുദ്രയായി. പരസ്പര വിശ്വാസനഷ്ടത്തിലേക്ക് എത്തിക്കുന്ന മൂല്യച്യുതി, അമിതമായ സ്വാർത്ഥ-വ്യക്തിഗത താത്പര്യങ്ങൾ, പരസ്പര ബന്ധങ്ങളിൽ നഷ്ടംവന്ന ഊഷ്മളതയും വിശ്വാസ്യതയും, പങ്കുവെയ്ക്കാൻ സമയമില്ലായ്മ എന്നിവയാണ് ഇന്ന് കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയെ ഫലപ്രദമായി പ്രതിരോധിക്കുവാനും, യാഥാർത്ഥ്യബോധത്തോടെ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കാനും കുടുംബങ്ങൾക്കു സാധിക്കുന്നില്ല. സ്ത്രീയും പുരുഷനും യാതൊരു വിധത്തിലും ഒരുപോലെ ഉള്ളവരല്ലെന്നും അവർക്ക് അങ്ങനെ ആകാനും കഴിയില്ല എന്നും എന്നാൽ അവർ പരസ്പരപൂരകങ്ങളാണ് എന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു ഈ തിരിച്ചറിവ് തന്നെ കുടുംബജീവിതത്തെ മാറ്റിമറിക്കുവാൻ പര്യാപ്തമാണ്.

തിരക്കേറിയ നാഗരികജീവിത ക്രമത്തിൽ കുടുംബ പ്രാർത്ഥന ഏതാണ്ട് അന്യം നിന്നപോലെ ആയി. പ്രതിസന്ധികളോ, മാനസീക സംഘർഷങ്ങളോ ഉണ്ടാകുമ്പോൾ മാത്രമേ ദൈവത്തെ തിരയുന്നുള്ളൂ. മതങ്ങൾ ഒരു പരിധിവരെ വിശ്വാസത്തെ വാണിജ്യവത്കരിച്ചപ്പോൾ പൊതു ജീവിതത്തിൽ എന്നപോലെ കുടുംബജീവിതത്തിലും ദൈവത്തിനുള്ള സ്ഥാനം നഷ്ടപെട്ടപോലെയായി. കുടുംബത്തിന്റെ ഒത്തുചേരലിനും കുടുംബ ജീവിതത്തിന്റെ മനോഹരസംസ്കാരത്തിലൂന്നിയ സ്വഭാവരൂപീകരണത്തിനും കുടുംബപ്രാത്ഥന അനിവാര്യമായ ഒരു ഘടകമാണ്. ക്ലേശ രഹിതമോ, പ്രതികൂലങ്ങളുടെ അഭാവമോ, നശ്വര നേട്ടങ്ങളിലും മോടിയുള്ള ജീവിതത്തിലും അവസാനിക്കേണ്ടതോ അല്ല, ക്രിസ്തീയ കുടുംബ ജീവിതം. പിന്നെയോ

ക്രിസ്തീയ കുടുംബം എന്നത് ക്രിസ്തു വിഭാവന ചെയ്ത സമൃദ്ധമായ ജീവൻ എന്ന ആശയം ഉൾക്കൊള്ളുന്നത് ആകണം. ലൗകീകതയിൽ അടിസ്ഥാനമിട്ടിരിക്കുന്ന ഒരു കുടുംബത്തിനുമേൽ ചാർത്തി നിൽക്കുന്ന മത വിശ്വാസം നമ്മെ ഒരിടത്തും എത്തിക്കുന്നില്ല. സമ്പത്തും ഭൗതിക നേട്ടങ്ങൾക്കും വേണ്ടിയുള്ള ഓട്ടത്തിൽ സംഭവിക്കാവുന്ന ദോഷത്തിൽ നിന്നുള്ള ഒരു ഒളിച്ചോട്ടം മാത്രമാണ് ഈ മത ദുരുപയോഗം. ക്രിസ്തു കേന്ദ്രീകൃതം ആകുമ്പോഴേ ഒരു കുടുംബം ക്രിസ്തീയ കുടുംബം ആകുന്നുള്ളൂ അങ്ങനെയുള്ള കുടുംബം സമൂഹത്തിൽ സംസ്കാരവും സമൃദ്ധമായ ജീവനും ആത്മാവിന്റെ ഫലങ്ങളും പുറപ്പെടുവിക്കുന്നതാവും. കുടുംബമൂല്യങ്ങളായ ഐക്യം, വിശ്വസ്തത, സമർപ്പിത സ്നേഹം ഇവ കുടുംബങ്ങളിൽ വളരുന്നതിനു പരസ്പര ആദരവിന്റെ ഒരു സ്നേഹ സംസ്കാരം ബോധപൂർവ്വം വളർത്തണം. കുടുംബ ജീവിത അന്തരീക്ഷം മെച്ചപ്പെടുത്താൻ ഭീമാകാരമായ മാറ്റങ്ങൾ ഒന്നും തന്നെ ആവശ്യമില്ല എന്നതാണ് വാസ്തവം. ചെറിയ വ്യതിയാനങ്ങൾ നടത്തിയാൽ അത് വൻ മാറ്റത്തിന് തുടക്കമാകും. പിടിവാശികൾ ഒഴിവാക്കി, അല്പം കൂടി സ്നേഹം നൽകി, മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ചുകൊണ്ട് സ്വന്തം മുൻഗണനക്രമത്തിന് ചെറിയ മാറ്റം വരുത്തുവാൻ തയ്യാറാകുക.

നിങ്ങൾക്ക് പോകേണ്ടിവരുമ്പോൾ നിങ്ങൾക്കായി തുറക്കപ്പെടുന്നു ഒരു സ്ഥലമാണ് കുടുംബം. എന്ന അമേരിക്കൻ കവിയുടെ വാക്കുകൾ അന്വർത്ഥമാകുന്നതരത്തിൽ കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള ഭക്ഷണം പോലും ഇന്നുണ്ടാവുന്നില്ല. ഐക്യതയുടെയും പങ്കിടലിന്റേയും മൂല്യങ്ങളെ ഉയർത്തികാട്ടിയിരുന്ന ഒരു വലിയ അനുഭവമായിരുന്നു ഭഷണവേള. അതും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ഒരു നേരമെങ്കിലും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുവാൻ സമയം കണ്ടെത്താം. ഓരോരുത്തരും സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കുക എന്ന സ്വാർത്ഥ നയം ഉപേക്ഷിക്കുകയും കുടുംബത്തെ ഒന്നായി കണ്ട് പ്രാർത്ഥനയുടേയും ത്യാഗത്തിന്റേയും വഴികൾ സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇന്ന് സമൂഹത്തിൽ ഉണ്ടാകുന്ന കുടുംബ തകർച്ചയിൽ നിന്ന് കരകേറാൻ കഴിയൂ.

സഭ ഗൗരവമായി ചിന്തിക്കേണ്ട ചില കാര്യങ്ങൾ

1. മുതിർന്ന സൺഡേസ്കൂൾ ക്ലാസ്സുകളിൽ കുടുംബ ജീവിതത്തിന്റെ പ്രാധാന്യവും, മൂല്യങ്ങളും ഉൾപ്പെടുത്തിയുള്ള പാഠഭാഗങ്ങൾക്ക് രൂപം നൽകുക.
2. മൂന്ന് ദിവസങ്ങൾ എങ്കിലുമുള്ള വിവാഹപൂർവ കൗൺസിലിംഗ് നിർബന്ധമാക്കുക. ലൈസൻസ് എടുത്തോ , പിഴ ഈടാക്കിയോ അത് ഒഴിവാക്കി വിവാഹത്തിന് അനുമതി നൽകാതിരിക്കുക.
3. വിവാഹ നിശ്ചയത്തിന് ഒരു ലഘു ആരാധനാ ക്രമം തയ്യാറാക്കി പ്രയോജനകരമായ ഒരു പ്രബോധനം നല്കാൻ ശ്രമിക്കുക.
4. വിവാഹ ശുശ്രൂഷ ഒരു ചടങ്ങായി പരിണമിക്കാതെ ശുശ്രൂഷ മദ്ധ്യേ മുഖ്യ കാർമ്മികനോ, സഹ കാർമ്മികരോ ദമ്പതികൾക്ക് ഗുണകരമായ ഒരു പ്രബോധനം ക്രമീകരിക്കുക.
5. സഭയിൽ വിവാഹമോചനം അനായാസകരമാണ് എന്ന ചിന്ത ഒഴിവാക്കി വിവാഹ മോചന കേസുകളിൽ അവസാന ശ്രമം എന്ന നിലയിൽ സഭയുടെ ചുമതലയിൽ കൗൺസിലിംഗ്, മദ്ധ്യസ്ഥ ശ്രമങ്ങൾ എന്നിവ നടത്തുന്നതോടൊപ്പം പുനർ വിവാഹത്തിനുള്ള അംഗീകാരനടപടിക്രമങ്ങൾ ലളിതമായ ഒന്നായി തീരാതിരിക്കുകയും ചെയ്യുക •


## EUPHONY 2022 - ONLINE CHOIR COMPETITION

ദോഹാ ഇമ്മാനുവേൽ മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ഗോൾഡൻ ജൂബിലി പ്രവർത്തനങ്ങളുടെ ഭാഗമായി മാർത്തോമാ സഭയിലെ ഇടവകൾക്കായി ONLINE CHOIR COMPETITION നടത്തപ്പെടുന്നു. ഗാനത്തിന്റെ റെക്കോർഡ് ചെയ്ത വീഡിയോ ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോട് കൂടി സമർപ്പിക്കേണ്ടതാണ്. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 30. കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക.

Email : euphonyqatar22@gmail.com Whats App: **+974 77383732, +974 30368189**

**1st prize- RS 25000, 2nd prize-RS 15000, 3rd prize-RS 10000.**



ലേഖനം

# സമൂഹ്യ മാധ്യമങ്ങളും സമകാലിക കുടുംബ ബന്ധങ്ങളും

**റവ. ആൻസൻ തോമസ്**
കുലശേഖരം

ഇന്ത്യൻ സമൂഹത്തെയും അതിന്റെ 'സ്ഥാപനങ്ങളെയും' നിയന്ത്രിക്കുന്ന ഒരു 'ഇസം' ഉണ്ടെങ്കിൽ, അത് 'കുടുംബയിസം (Familism)' എന്നതാണെന്ന് 'ദി ഇന്ത്യൻസ്' എന്ന ലേഖനത്തിൽ സുധീർ കാക്കറുടെ പ്രസ്താവന നവമാധ്യമ വിചാരങ്ങളിൽ ഏറെ പ്രസക്തമാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സോഷ്യൽ മീഡിയ, മനുഷ്യർ ആശയവിനിമയം നടത്തിയിരുന്ന രീതികളെ ആകെ മാറ്റിമറിച്ചു. അവ ആശയവിനിമയത്തിന്റെ ഉറവിടം മാത്രമല്ല, ആശയവിനിമയ പാതകളുടെ വിശാലമായ ശ്രേണി തന്നെ മനുഷ്യർക്ക് വാഗ്ദാനം ചെയ്യുന്നു.

### നവ മാധ്യമങ്ങൾ

ടെലിഫോൺ, റേഡിയോ, ടിവി തുടങ്ങിയ പഴയ മാധ്യമങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ററാക്റ്റീവ്, ടു-വേ കമ്മ്യൂണിക്കേഷൻ ഉൾക്കൊള്ളുന്ന ഡിജിറ്റൽ മീഡിയകളെയാണ് 'ന്യൂ മീഡിയ' എന്ന പദം പൊതുവെ സൂചിപ്പിക്കുന്നത്. വിതരണത്തിനായി കമ്പ്യൂട്ടറുകളെ ആശ്രയിക്കുന്ന പുതിയ സാംസ്കാരിക രൂപങ്ങളാണ് നവമാധ്യമങ്ങൾ: ഫോട്ടോകൾ, വീഡിയോകൾ, ഓർമ്മകൾ, വാർത്തകൾ, ഇവന്റുകൾ, വിനോദ കാര്യങ്ങൾ എന്നിവ പങ്കിടുന്നത് പോലുള്ള രസകരമായ സവിശേഷതകളുള്ള ഒരു ബഹുമുഖ പ്ലാറ്റ്ഫോമാണ് ഇത്. ചില പഠനങ്ങൾ പ്രകാരം, ലോകമെമ്പാടും സോഷ്യൽ മീഡിയയിൽ 3.5 ബില്യൺ സജീവ ഉപയോക്താക്കളുണ്ട്, ഇതിൽ 90% ഉപയോക്താക്കളും യുവതികളും യുവാക്കളുമാണ്.

### ഇന്ത്യൻ സമൂഹവും സോഷ്യൽ മീഡിയയും

ഫേസ്ബുക്ക്, ടിറ്റർ തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ അസാധാരണമായ ഉയർച്ച ജനാധിപത്യ രാജ്യങ്ങളുടെ പ്രവർത്തനത്തിൽ ഇരുതല മൂർച്ചയുള്ള വാളാണെന്ന് തെളിയിക്കുന്നു. ഒരു വശത്ത്, ഇത് വിവരങ്ങളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിച്ചു, എന്നാൽ മറുവശത്ത്, അത് നമ്മുടെ ജനാധിപത്യത്തെയും ജനങ്ങളെയും നേരിട്ട് ബാധിക്കുന്ന പുതിയ വെല്ലുവിളികളും ഉയർത്തിയിട്ടുണ്ട്.

2020 ൽ ഇന്ത്യയിൽ ഏകദേശം 63.9 കോടി സജീവ ഇന്റർനെറ്റ് ഉപയോക്താക്കൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. സോഷ്യൽ മീഡിയ അറിവിന്റെയും വിശാലമായ ആശയവിനിമയത്തിന്റെയും ജനാധിപത്യവൽക്കരണത്തെ അനുവദിക്കുന്നു. സാങ്കേതിക വിദ്യയുടെ സഹായത്തോടെ, ആർക്കും കഴിവുള്ളതും ആധികാരികവും ഫലപ്രദവും പുതുമയുള്ളതുമായ ഓൺലൈൻ ഉള്ളടക്കം സൃഷ്ടിക്കാൻ കഴിയും എന്നത് സഭയ്ക്കും ഇതര വിശ്വാസ സമൂഹങ്ങൾക്കും ഏറെ പ്രതീക്ഷ നൽകുന്നതാണ്.

### കുടുംബങ്ങളിലെ നവ മാധ്യമങ്ങൾ

ഇന്ന് മിക്കവാറും എല്ലാ കുടുംബങ്ങളിലും അവരുടെ വീട്ടിൽ കുറഞ്ഞത് ഒരു സോഷ്യൽ മീഡിയ ഉപഭോക്താവ് എങ്കിലും ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കുമിടയിലുള്ള ബന്ധങ്ങളുടെ പ്രാധാന്യവും മുൻഗണനകളും സോഷ്യൽ മീഡിയ പുതിയ രീതിയിൽ വാർത്തെടുത്തു. സോഷ്യൽ മീഡിയ ടെക്നോളജിക്ക് ഗുണങ്ങളുണ്ട്, എന്നാൽ യഥാർത്ഥ ജീവിതത്തിൽ അത് ഉയർത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് ആളുകൾ വേണ്ടത്ര ജാഗ്രതയുള്ളവരാണോ എന്നത് സന്ദേഹമാണ്.സോഷ്യൽ മീഡിയ എങ്ങനെയാണ് കുടുംബ ബന്ധങ്ങളെയും ആശയ വിനിമയത്തെയും മാറ്റുന്നതെന്ന് നാം ശരിയായി അറിയേണ്ടതുണ്ട്.

ഈ നൂറ്റാണ്ടിൽ എല്ലാവർക്കും ജീവിതം എളുപ്പമാക്കുന്ന ഡസൻ കണക്കിന് മൊബൈൽ ആപ്ലിക്കേഷനുകളുമായും ഡെസ്ക്ടോപ്പ് ആപ്ലിക്കേഷനുകളുമായും ആശയവിനിമയം സോഷ്യൽ മീഡിയ ഏറ്റെടുത്തു. വീട്ടിൽ, ഓരോ വ്യക്തിക്കും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ സ്വയം ഇടപഴകാൻ സെല്ലുകളും ലാപ്ടോപ്പുകളും മറ്റ് ഉപകരണങ്ങളും ഉണ്ട്, എന്നാൽ സോഷ്യൽ മീഡിയ എങ്ങനെ കുടുംബ ബന്ധങ്ങളെ മാറ്റുന്നുവെന്ന് അവരിൽ ആരും തന്നെ അറിവുള്ളവരല്ല.

സമീപ വർഷങ്ങളിൽ സോഷ്യൽ മീഡിയയുടെ സ്വാധീനം കുടുംബ ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തുന്നതായി തിരിച്ചറിഞ്ഞിട്ടുണ്ട്.. സോഷ്യൽ മീഡിയയുടെ പോസിറ്റീവും നെഗറ്റീവും ആയ ഇഫക്റ്റുകളെക്കുറിച്ചും സോഷ്യൽ മീഡിയ എങ്ങനെ കുടുംബ ബന്ധങ്ങളെ മാറ്റുന്നു എന്നതിനെക്കുറിച്ചും വിശദമായ പഠനവും ചർച്ചകളും പൊതു ജനങ്ങളും വിശ്വാസ സമൂഹവും ഏറ്റെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അത്തരം ചില വിചിന്തനങ്ങൾക്ക് തുടക്കം കുറിക്കുവനാണ് ഈ കുറുപ്പിന്റെ താല്പര്യം.

**ആസക്തികളായി മാറുന്ന കുടുംബ അന്തരീക്ഷം**

കൈസർ ഫാമിലി ഫൗണ്ടേഷൻ നടത്തിയ മാധ്യമ സ്വാധീനത്തെക്കുറിച്ചുള്ള ഒരു പഠനമനുസരിച്ച്, 8-18 വയസ് പ്രായമുള്ള കുട്ടികൾ ഇലക്ട്രോണിക് മീഡിയയിൽ ഒരു ദിവസം 7 മണിക്കൂറിലധികം സമയം ചെലവഴിക്കുന്നതായി കണ്ടെത്തി. ഇത് ഒരു സ്ക്രീനിന് മുന്നിൽ ആഴ്ചയിൽ 50 മണിക്കൂർ വരെ തുല്യമാണ്. നിരവധി ഗവേഷണ പഠനങ്ങൾ കാണിക്കുന്നത് കുട്ടികൾ അവരുടെ സ്ക്രീനുകളിൽ ആയിരിക്കുമ്പോൾ അവർക്ക് നമ്മുടെ പരസ്പര ബന്ധത്തിന്റെ കഴിവുകൾ നഷ്ടപ്പെടുകയാണ് എന്നാണ്. അമിതമായ സ്ക്രീൻ സമയം അമിതവണ്ണത്തിലേക്കും (obesity), ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലെ (focusing difficulty) ബുദ്ധി മുട്ടിലേക്കും, ബന്ധങ്ങൾ നിലനിർത്തുന്നതിൽ പരാജയപ്പെടുന്നതിലേക്കും നയിച്ചേക്കാം

ഇത് കുടുംബങ്ങളുടെ ശ്രദ്ധയും, ആശയവിനി മയവും, കുടുംബം എന്ന ഘടകത്തിനുള്ളിലെ സുരക്ഷിതത്വബോധവും കവർന്നെടുക്കും. ഷെറി ടർക്കിളിന്റെ ഒരു പുസ്തകം, 'എലോൺ ടുഗെദർ', മാതാപിതാക്കളോടും കുട്ടികളോടും സാങ്കേതികവിദ്യയെക്കുറിച്ച് അവരുടെ അഭിപ്രായം ചോദിച്ച ഒരു പഠനത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

പഠനത്തിന്റെ ഫലങ്ങൾ അതിശയിപ്പിക്കുന്നതാ യിരുന്നു. പല കുട്ടികളും തങ്ങളുടെ മാതാപിതാ ക്കൾ തങ്ങളുടെ ഫോണിനോ കമ്പ്യൂട്ടറിനോ അഡിക്റ്റാണെന്ന് തോന്നിയതായി റിപ്പോർട്ട് ചെയ്തു. ഈ കുട്ടികൾ ആഗ്രഹിക്കുന്നത് ഗുണ നിലവാരമുള്ള സമയം (quality time) അവരുമായി ചെലവഴിക്കാനും, തങ്ങളുമായി ഇടപഴകാനുമുള്ള (interactive) മാതാപിതാക്കളെയാണ്. ഈ പഠനം കുടുംബങ്ങളിലെ സോഷ്യൽ മീഡിയ ആസക്തിയുടെ വളർച്ചയും കൂടുതൽ കുടുംബ സാമൂഹിക ഇടപെ ടലിന്റെ ആവശ്യകതയും കാണിക്കുന്നു.

**കുട്ടികളും നവമാധ്യമ കുടുംബവും**

രക്ഷിതാക്കൾ സ്ക്രീൻ സമയം വർദ്ധിപ്പിക്കുന്നതിന നുസരിച്ച് കുട്ടികളും അത് വർദ്ധിപ്പിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കുട്ടികൾ അവരെ പഠിപ്പിക്കുന്നത് അനുകരിക്കുന്നു, മാതാപിതാക്കൾ കുട്ടികളുമായി ഇരിക്കുമ്പോൾ അവർ കൂടുതൽ ശ്രദ്ധ ഇലക്ട്രോണിക്സ് gadgetsന് നൽകി അവ ഉപയോഗിക്കുമ്പോൾ, കുട്ടികളുടെ പെരുമാറ്റങ്ങളിൽ ദോഷകരമായ മാറ്റം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ ഗണ്യമായ സമയം ചിലവഴിക്കുന്ന കുട്ടികൾ തങ്ങളുടെ മാതാപി താക്കളുമായുള്ള ബന്ധവും അവരുടെ പിന്തുണയും വേണ്ടത്ര താല്പര്യപ്പെടുന്നവരല്ലാതായി മാറുന്നു.

മിക്കപ്പോഴും മാതാപിതാക്കൾ വീട്ടിൽ ജോലി ചെയ്യുന്നവരാണ്, കുട്ടികളുമായോ പങ്കാളികളുമായോ ഉള്ളതിനേക്കാൾ കൂടുതൽ സമയം ഇവർ സാങ്കേതികവിദ്യയിൽ ചെലവഴിക്കുന്നു. സെൽ ഫോണുകളും കമ്പ്യൂട്ടറുകളും ടിവിയും തങ്ങളുടെ ബന്ധത്തെ ഭൂരിഭാഗം സമയത്തും തടസ്സപ്പെടുത്തുന്നതായി ഇവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്റെ മറുവശമാണ് സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ സമയം ചെലവഴിക്കുകയും സ്ക്രീനിന് മുന്നിൽ ഇരിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് സഹ പാഠികളേക്കാൾ വികാരങ്ങൾ മനസ്സിലാക്കുന്നതിനും ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിനും ബുദ്ധിമുട്ടു ണ്ടെന്നും മറ്റുള്ളവരെ കൂടുതൽ ആശ്രയിക്കുന്ന വരാണെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു.

മനഃശാസ്ത്രപരമായി കുട്ടികൾ ആലിംഗനം ചെയ്യാനും, ശ്രദ്ധിക്കാനും, കുടുംബാംഗങ്ങളോടൊപ്പം ഗുണനില വാരമുള്ള സമയം ചെലവഴിക്കാനും ആഗ്രഹിക്കുന്ന കൂട്ടരാണ്. അവർ സ്ക്രീൻ സമയത്തിനെതിരെ മാതാപിതാക്കളുമായി സംഘർഷം ആഗ്രഹിക്കുന്നില്ല. സാങ്കേതികവിദ്യയില്ലാതെ ഗുണനിലവാരമുള്ള കുടുംബ സമയം വർദ്ധിപ്പിക്കുന്നതിന് പ്രവർ ത്തിക്കുന്നത് പ്രധാനമാണ്. കുടുംബ ഭക്ഷണം, കുട്ടികളുമൊത്തുള്ള വിനോദം, ഫോണുകൾ, ടിവി, കമ്പ്യൂട്ടറുകൾ എന്നിവയില്ലാത്ത പരസ്പരം സംസാരിക്കുന്നതിനുള്ള സമയം എന്നിവ കുടുംബങ്ങളിലെ ആരോഗ്യകരമായ വ്യക്തിബ ന്ധത്തിനും ആശയവിനിമയത്തിനും മുഖാന്തിരമായി ഭവിക്കും.

### വൈകാരിക ഇടം, യുവജനങ്ങളും നവമാധ്യമങ്ങളും

നവമാധ്യമങ്ങൾ കുടുംബ ആശയവിനിമയ സംസ്കാരത്തെ അഗാധമായ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്.

സമകാലിക യുവജനങ്ങൾ നവമാധ്യമ സാംസ്കാരിക പശ്ചാത്തലത്തിലാണ് വളരുന്നത്, അവരുടെ പല അനുഭവങ്ങളും അവസരങ്ങളും സോഷ്യൽ നെറ്റവർക്ക് സൈറ്റുകളുമായുള്ള അവരുടെ ഇടപഴകൽ വഴി രൂപപ്പെടുത്തുന്നതാണ്. സോഷ്യൽ മീഡിയയിൽ അവരുടെ ജീവിതം വളരെയധികം ഉൾച്ചേർന്നിരിക്കുന്നതിനാൽ കുടുംബജീവിതത്തിൽ അതിന്റെ പ്രത്യാഘാതങ്ങളും ഇന്ന് ഒരു യാഥാർഥ്യമാണ്. സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾ അവരുടെ വ്യക്തിത്വ വികസനത്തിൽ ചെലുത്തുന്ന സ്വാധീനങ്ങൾ ഗൗരവമായ പല ചോദ്യങ്ങളും ഉയർത്തുന്നുണ്ട്.

ഭാരത സമൂഹത്തിൽ കുടുംബ ബന്ധങ്ങൾക്ക് ബദലായി സമൂഹമാധ്യമ ഇടപെടലുകൾ ഉണ്ടെങ്കിലും, കുടുംബം അടുത്തില്ലാത്തപ്പോൾ സൃഷ്ടിക്കുന്ന ഏകാന്തത, വിരസത എന്നിവ ഒരു കടുത്ത യാഥാർഥ്യമായി യുവജനത നേരിടുന്നുണ്ട്. 'കുടുംബം' എന്ന ആശയത്തിനും അസ്തിത്വപരമായ പ്രാധാന്യത്തിനും നമ്മുടെ സമൂഹം നൽകുന്ന മുൻഗണനയെ ഇത് അടിവരയിടുന്നു. രോഗം, ഏകാന്തത, ദുരിതം, സന്തോഷം പങ്കിടൽ എന്നിവയിൽ വൈകാരികമായ അതിജീവനം നൽകുന്നതിൽ നവ മാധ്യമങ്ങളെക്കാൾ പ്രഥമ സ്ഥാനം എന്നും കുടുംബത്തിന് തന്നെയാണ്.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ്. അതിന് പുറത്തുള്ള ഒരു ജീവിതം സങ്കൽപ്പിക്കുന്നത് അയഥാർത്ഥമായി പലപ്പോഴും നമുക്ക് തോന്നുന്നു. ഇന്ന്, സോഷ്യൽ മീഡിയയിൽ നിന്ന് പുറത്തുകടക്കുന്നത് വളരെ ബുദ്ധിമുട്ടാണ്, അത് നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കിയേക്കാവുന്ന സ്വാധീനം സങ്കൽപ്പിക്കുക. സോഷ്യൽ മീഡിയ നന്നാക്കി എടുക്കാൻ പറ്റാത്ത വിധം (repair) കുടുംബ ബന്ധങ്ങളെ തകർച്ചയിലേക്ക് നയിക്കുന്നു. ഇതിനെക്കുറിച്ച് നിരന്തരം പരാതിപ്പെടുന്ന ദമ്പതികൾ ഇന്ന് ഒരു സാധാരണ കാഴ്ചയാണ്. മാത്രമല്ല, നമ്മുടെ ബന്ധങ്ങൾ എങ്ങനെ രൂപപ്പെടുത്തുകയും പരിപാലിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നു എന്നതിനെയും സോഷ്യൽ മീഡിയ സ്വാധീനിക്കുന്നു.

എല്ലാ ഡിജിറ്റൽ ഗാഡ്ജെറ്റുകളും നമ്മെ പരസ്പരം അടുപ്പിച്ചിട്ടുണ്ടാകാം, എന്നാൽ അത് വ്യക്തിപരമായ ഇടപെടലുകളെ ആഴത്തിൽ ഇളക്കി മറിച്ചു. നിങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ടവരോടൊപ്പം ആയിരിക്കുമ്പോൾ, നിങ്ങളുടെ മൊബൈൽ ഫോണുകൾ മാറ്റിവെക്കുക എന്നത് മാത്രമാണ് ഇതിന് പരിഹാരം.

### ഇന്റർനെറ്റ് / ഗെയിമിങ്ങ് അഡിക്ഷൻ

ഇന്റർനെറ്റ്, സോഷ്യൽ മീഡിയ ആസക്തി അനുഭവിക്കുന്ന ആളുകളുടെ എണ്ണവും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. മറ്റ് പല ആസക്തികളെയും പോലെ, ഇന്റർനെറ്റ് അഡിക്ഷനും കുടുംബത്തിൽ നേരിട്ട് സ്വാധീനം ചെലുത്തും. ഈ ആസക്തിയുടെ അനന്തരഫലങ്ങൾ കുടുംബത്തിൽ അനുഭവപ്പെടുക സാധാരണമാണ്.

ഇന്റർനെറ്റ് അഡിക്റ്റുകളുടെ കുടുംബാംഗങ്ങൾക്ക് ഒറ്റപ്പെടലിന്റെയോ ഉപേക്ഷിക്കലിന്റെയോ വികാരങ്ങൾ അനുഭവപ്പെട്ടേക്കാം. ഒരു ആസക്ത(ൻ) സോഷ്യൽ മീഡിയയും മറ്റ് ഇന്റർനെറ്റ് ഔട്ട്ലെറ്റുകളും അമിതമായി ഉപയോഗിക്കുമ്പോൾ, അവർ അവരുടെ ചുറ്റുപാടുകളുമായി പെട്ടെന്ന് വിച്ഛേദിക്കപ്പെട്ടേക്കാം. കുടുംബ പ്രവർത്തനങ്ങളിൽ നിന്നും സംഭാഷണങ്ങളിൽ നിന്നും അവർ പിന്മാറാം. എന്നാൽ അവരുടെ പ്രിയപ്പെട്ട ഒരാളുടെ ഈ ശീലം യഥാർത്ഥത്തിൽ ഒരു ആസക്തിയാണെന്ന് ഇതര കുടുംബ അംഗങ്ങൾ മനസ്സിലാക്കുന്നില്ല. ഇവർക്ക് സുഹൃത്തുക്കളുമായും പങ്കാളികളുമായും ഉള്ള ബന്ധങ്ങളിലും അസാധാരണമായി മാറ്റങ്ങൾ ഉണ്ടാകുന്നു.

ഇന്റർനെറ്റ്, സോഷ്യൽ മീഡിയ ആസക്തിയുമായി പൊരുതുന്ന പലരും വിഷാദവും ഉത്കണ്ഠയും അനുഭവിക്കുന്നു. ഈ മാനസികാരോഗ്യ പ്രശ്നങ്ങൾ കുടുംബാംഗങ്ങളെ പ്രതികൂലമായി ബാധിക്കും. വളരെയധികം സമയത്തെ 'സ്ക്രീൻ' ഉപയോഗം 'ഇന്റർനെറ്റ് അടിമകൾക്ക്' ഉറക്കമില്ലായ്മ അനുഭവപ്പെടുന്നത് സാധാരണമാണ്. ഇത് കുടുംബ ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തുക സ്വാഭാവികം. ഈ ആസക്തിയെ ചികിത്സിക്കുന്നതിന് വ്യക്തമായി നിർവചിക്കപ്പെട്ട ഒരു രീതി ഇല്ലെങ്കിലും, തെറാപ്പിയും കൗൺസിലിംഗും പൊതുവായ പരിഹാരങ്ങളാണ്. സഭ ഈ രംഗത്ത് പുതിയ (മിഷൻ ) പ്രവർത്തനങ്ങൾ ആരംഭിക്കേണ്ട സമയം ആഗതമായിരിക്കുന്നു.

ഡിജിറ്റൽ സാക്ഷരതയുള്ള സഭയും, സമൂഹവും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഉത്തരവാദിത്വത്തോടെയുള്ള സോഷ്യൽ മീഡിയ ഉപയോഗം നമ്മുടെ എല്ലാ ഭവനങ്ങളിലും പൊതു സാമൂഹ്യ ഇടങ്ങളിലും, വിശിഷ്യ ദേവാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വളർത്തി എടുക്കുക എന്നതാണ് സഭകൾ ഈ കാലത്ത് ഏറ്റെടുക്കേണ്ട പ്രസക്തമായ ക്രിസ്തീയ ദൗത്യം •



# ആളാംപ്രതി സുവിശേഷവേല സഭയുടെ ദൗത്യം

ലേഖനം

ഓരോ ക്രിസ്തുശിഷ്യനും ജീവിക്കുന്ന സുവിശേഷങ്ങളാകുവാൻ നിയോഗമേറ്റവരാണ്. ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകനാവണമെന്ന് ഭാഗ്യസ്മരണീയനായ ഏബ്രഹാം മാർത്തോമ്മാ തിരുമേനി ആവർത്തിച്ച് ഓർമ്മിപ്പിച്ചിരുന്നു. ഒരു ദിവസം ഒരാൾ മറ്റൊരാളോട് സുവിശേഷം പറയണമെന്നതാണ് ആളാം പ്രതിവേലയുടെ പൊതുവായ അർത്ഥം. ഒരു വ്യക്തിയെ ക്രിസ്തുവിനു പരിചയപ്പെടുത്തികൊടുക്കുകയോ അല്ലെങ്കിൽ ക്രിസ്തുവിനെ ഒരു വ്യക്തിക്ക് പരിചയപ്പെടുത്തുകയോ ചെയ്യുന്നതാണ് ഇതിലെ ദൈവശാസ്ത്രം. 'ഇവിടെയൊരു ബാലകനുണ്ട് അവന്റെ കൈയ്യിൽ അഞ്ചുയവത്തപ്പവും രണ്ടുമീനും ഉണ്ട്' (യോഹ 6:9) എന്നു ക്രിസ്തുവിനോട് വിളിച്ചു പറയുന്ന അന്ത്രെയാസ് ആളാംപ്രതി സുവിശേഷവേലയുടെ നേർചിത്രം നമുക്കു നൽകുന്നു. ആയിരക്കണക്കിനാളുകൾ സംബന്ധിക്കുന്ന യോഗത്തിൽ ക്രിസ്തു വചനം പറയുമ്പോഴും അന്ത്രെയാസ് ഒരു ചെറിയ ബാലനെപ്പോലും ശ്രദ്ധിച്ചിരുന്നു. അവനെ പരിചയപ്പെടുകയും അവന്റെ പക്കൽ ഉള്ളവയെ അറിയിക്കുകയും ചെയ്തു. അയ്യായിരത്തിലധികം ആളുകൾക്കു ഭക്ഷണം നൽകിയ അത്ഭുതത്തോടെയാണ് ആ യോഗം അവസാനിക്കുന്നത്. മലങ്കര മാർത്തോമ്മാ സുറിയാനി സഭ ആളാംപ്രതി സുവിശേഷവേലയെ വളരെ ഗൗരവമായി കാണുന്നു. സഭയുടെ എക്കാലത്തെയും ചരിത്രം അതിന് അടിവരയിടുന്നു.

**മലങ്കര സഭയിലെ ഉണർവ്വും സുവിശേഷയോഗങ്ങളും.**

ക്രിസ്താബ്ദം 1850 നു ശേഷം മലങ്കര സഭയിലുണ്ടായ ആത്മീയ ഉണർവ്വ് എടുത്തു പറയത്തക്കതാണ്. അഭിവന്ദ്യ തീത്തൂസ് പ്രഥമൻ മാർത്തോമ്മാ മെത്രാപ്പോലീത്താ സഭയുടെ ബാഹ്യമായ വളർച്ചയേക്കാൾ ആന്തരികമായ വളർച്ചയ്ക്കു മുൻഗണന നൽകിയിരുന്നു. ഇടവക പട്ടക്കാരനായി ദീർഘകാലം മാരാമൺ പള്ളിയിൽ സേവനം ചെയ്ത കാലത്തു സ്വന്തം ഇടവകയിലും സമീപസ്ഥലങ്ങളിലും ഉപവാസ യോഗങ്ങളും, ഉണർവ്വുയോഗങ്ങളും നടത്തുവാൻ തീത്തൂസ് എന്ന ദത്തോസച്ചൻ ശ്രദ്ധിച്ചിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനവും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയും സഭയിൽ ആത്മീയ



**റവ. പി. സി. സജി**
ജനറൽ സെക്രട്ടറി, മാർത്തോമ്മാ സന്നദ്ധസുവിശേഷക സംഘം

ഉണർവ്വിന്റെ സുവർണകാലമായിരുന്നു. സുപ്രസിദ്ധ മിഷനറിയും ഭക്തനുമായ റവ.റ്റി വോക്കർ സായ്പ് മാരാമണ്ണിൽ പ്രസംഗിക്കുന്നതിനു മുൻപും തിരുവിതാംകൂറിൽ ആത്മീയ അന്തരീക്ഷം സൃഷ്ടിക്കുവാൻ ചില സുവിശേഷകർ ശ്രമിച്ചിരുന്നു. സിലോൺ സ്വദേശികളായ വി. ഡി. ഡേവിഡ്, എൽ.എം വേർഡ്സ് വർത്ത് എന്നിവർ അവരിൽ ചിലരാണ്. വേദപുസ്തകപഠനം, പ്രാർത്ഥനായോഗങ്ങളുടെ നടത്തിപ്പ് തുടങ്ങി വിശ്വാസികളുടെ മനസ്സിൽ ശക്തമായ ഉൾപ്രേരണ ഉണ്ടാകുവാൻ ഇത് കാരണമായി. ക്രിസ്താബ്ദം 1900-ാം മാണ്ടിൽ (കൊല്ലവർഷം 1075) തീത്തൂസ് പ്രഥമൻ തിരുമേനി മാരാമണ്ണിൽ പ്രസംഗകനായി വോക്കർ സായ്പിനെ ക്ഷണിച്ചു. അനേക വർഷങ്ങളിലൂടെ അനേകായിരങ്ങൾ കർത്താവിങ്കലേക്ക് മടങ്ങിവന്നു. മാർത്തോമ്മാ സഭ വിശ്വാസികളുടെ സംഘബോധം പ്രബലപ്പെട്ട വിശ്വാസകൂട്ടായ്മയായി മാരാമൺ യോഗങ്ങൾ മാറി. പുഞ്ചമണ്ണിൽ മാമ്മൻ ഉപദേശി, മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി തുടങ്ങിയവരിലൂടെ കേരളക്കര മുഴുവൻ ഉണർവ്വ് യോഗങ്ങൾ ക്രമീകരിക്കപ്പെട്ടു. ജനങ്ങൾ മാറത്തടിച്ച് നിലവിളിച്ചുകൊണ്ട് പാപമേറ്റ് പറയുകയും, പുകയില തുടങ്ങിയ ലഹരിവസ്തുക്കൾ ഉപേക്ഷിക്കുകയും ചെയ്തതായി അക്കാലത്തെ രചനകളിൽ കാണുന്നു.

### മാരാമൺ കൺവെൻഷനും ആളാംപ്രതിസുവിശേഷവേലയും

മാരാമൺ മഹായോഗങ്ങളിൽ എത്തുന്നവർ ദിവസം മുഴുവനും പ്രാർത്ഥനയോടെ പന്തലിൽ തന്നെ ഇരിക്കുന്ന പതിവ് അക്കാലത്തുണ്ടായിരുന്നു. ഉപവാസത്തോടെ ഇരിക്കുന്നവരും, രാവിലെ പൊതിച്ചോറുമായി എത്തുന്നവരും, സമീപ ഭവനങ്ങളിൽ പാർത്തുകൊണ്ട് ആഴ്ച്ച മുഴുവനും യോഗങ്ങളിൽ പങ്കെടുക്കുന്നവരും മാരാമൺ യോഗങ്ങളുടെ പ്രത്യേകതയായിരുന്നു. യോഗങ്ങളുടെ ഇടവേളകളിലും അല്ലാതെയും രക്ഷിക്കപ്പെട്ട ഒരാൾ മറ്റൊരാളോട് സുവിശേഷം പറയണം എന്ന ശക്തമായ ആഹ്വാനത്തിൽ നിന്നുമാണ് ഇന്നു കാണുന്ന ക്രമീകൃതമായ ആളാംപ്രതിവേലയുടെ ആരംഭം. പന്തലിൽ വിവിധ ഭാഗങ്ങളിൽ നിരാശയോടെ ഇരിക്കുന്നവരും, ഭാരങ്ങളും, ദു:ഖങ്ങളും ഉള്ളവരുമായ അനേകർ കണ്ണീരൊഴുക്കുമ്പോൾ, ആശ്വസിപ്പിക്കുന്ന കരങ്ങളായി ആളാംപ്രതി വേലക്കാർ മാറി. അവർക്കൊപ്പമിരുന്ന് പ്രാർത്ഥിച്ചു ദൈവത്തിന്റെ വാഗ്ദാനങ്ങളെ ഓർമ്മപ്പെടുത്തി, വിശ്വാസമുറപ്പിച്ചു, ആവശ്യഭാരങ്ങളിൽ പ്രാർത്ഥിക്കാനെത്തിയവർ അടുത്ത വർഷം കണ്ടുമുട്ടിയപ്പോൾ സ്തോത്രപ്രാർത്ഥനയായി ഒരുമിച്ചു പ്രാർത്ഥിച്ചതും ഈ ശുശ്രൂഷയുടെ മഹത്വം വർദ്ധിപ്പിക്കുന്നു. ഓരോ മാരാമൺ കൺവെൻഷനിലും ആളാംപ്രതി ശുശ്രൂഷയ്ക്കായി അനേകർ ഒരുങ്ങി വരാറുണ്ട്. ആരും നയിക്കാതെ തന്നെ ഇത്തരം ശുശ്രൂഷകൾ ചെയ്യുന്ന സന്നദ്ധ ഭടന്മാർ ആരംഭകാലങ്ങളിലെ മറക്കാനാവാത്ത കാഴ്ച്ചകളായിരുന്നു. ഇന്നു മാരാമണ്ണിലെ സുവിശേഷ പ്രസംഗങ്ങളോടൊപ്പം തന്നെ ആളാംപ്രതി സുവിശേഷവേലയേയും പ്രാധാന്യത്തോടെ സഭ കാണുന്നു.

### സന്നദ്ധ സുവിശേഷക സംഘവും ആളാംപ്രതി സുവിശേഷ വേലയും

ഡോ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനിയുടെ ദർശനമാണ് സ്വമേധാ സുവിശേഷസംഘം എന്ന സന്നദ്ധ സുവിശേഷകസംഘം. കോഴഞ്ചേരി, കുറിയന്നൂർ, മാരാമൺ, അയിരൂർ എന്നീ ഇടവകകളിലെ സുവിശേഷ തൽപ്പരരായ സഹോദര, സഹോദരിമാരുടെ ഒരു കൂട്ടായ്മ 1099 ചിങ്ങം 9 (1923 ഓഗസ്റ്റ് 23) ശനിയാഴ്ച്ച അയിരൂർ ചായൽ പള്ളിയിൽ വെച്ച് സി.പി ഫിലിപ്പോസ് കശീശയുടെ അദ്ധ്യക്ഷതയിൽ കൂടി യോഗത്തിന്റെ അവസാനത്തിൽ അത് മാസം തോറും നടത്തണമെന്നു നിശ്ചയിച്ചു. 1924 ജൂലൈ മാസത്തിൽ ഈ കൂട്ടായ്മയുടെ വാർഷികയോഗം അയിരൂർ സെഹിയോൻ പള്ളിയിൽ വെച്ച് ഡോ. എബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. മൂത്താംപാക്കൽ കൊച്ചു കുഞ്ഞുപദേശി ജനറൽ സെക്രട്ടറിയായും കോളാകോട്ടു ജോൺ ഉപദേശി സഞ്ചാര സെക്രട്ടറിയായും ചുമതലയെടുത്തു. ആ യോഗത്തിൽ സ്വമേധാ സംഘത്തിനും നിബന്ധനകൾ ഉണ്ടായി. അതിൽ ഒരു നിബന്ധന ഇങ്ങനെയായിരുന്നു. 'ഓരോ അംഗവും വല്ല നിവൃത്തിയും ഉള്ള പക്ഷം സംവത്സരത്തിൽ പത്തുദിവസത്തിൽ കുറയാതെയെങ്കിലും സ്വന്ത ഇടവകയുടെ അതിർത്തിക്കുവെളിയിൽ കമ്മറ്റി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തു വേല ചെയ്യേണ്ടതാകുന്നു.' ആളാംപ്രതി സുവിശേഷവേല കൺവെൻഷൻ യോഗ സ്ഥലങ്ങളിൽ ഒതുങ്ങുന്നതല്ലെന്ന് ഈ തീരുമാനം വ്യക്തമാക്കുന്നു. അതിരുകൾക്കു വെളിയിൽ ഇറങ്ങി അതിരുകളിലേക്ക് നടന്നു ചെല്ലുന്ന സുവിശേഷവേലയാണത്. നമ്മെ ദൈവം എവിടെയാക്കുന്നുവോ അവിടെയാണ് നമ്മുടെ മിഷൻ ഫീൽഡ്. ഓരോ മാർത്തോമ്മാക്കാരനും അവരായിരിക്കുന്ന ഇടങ്ങളിൽ സുവിശേഷകരായി ശുശ്രൂഷ ചെയ്യണമെന്നതാണ് സന്നദ്ധസുവിശേഷക സംഘത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. ആ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുവാൻ സഭയ്ക്കാവില്ല.

### സഭയിൽ ആളാംപ്രതി സുവിശേഷവേല ഇന്ന്

ആളാംപ്രതി സുവിശേഷവേല മാരാമൺ മഹായോഗവുമായി മാത്രം ബന്ധിപ്പിപ്പിച്ച് ചിന്തിക്കാനാവില്ല. ഭദ്രാസന കൺവെൻഷനുകളും, സെന്റർ കൺവെൻഷനുകളും നടത്തപ്പെടുന്ന ഇടങ്ങളിൽ ഈ ശുശ്രൂഷയെ ആരും ഗൗരവമായി കാണുന്നില്ല. മാരാമൺ യോഗങ്ങളിലെ ഈ ശുശ്രൂഷയ്ക്കു

നേതൃത്വം ഇപ്പോൾ നൽകിവരുന്നത് സന്നദ്ധ സുവിശേഷക സംഘമാണ്. സെമിനാരി വിദ്യാർത്ഥികളും, ബൈബിൾ ഇൻസ്റ്റിട്യൂട്ടിലെ കുട്ടികളും മറ്റ് സന്നദ്ധ പ്രവർത്തകരും സുവിശേഷകരും അതിൽ പങ്കെടുക്കുന്നു. എല്ലാ വർഷവും ക്രമമായി ആളാംപ്രതി സുവിശേഷവേലയ്ക്കായി ഒരുക്കത്തോടെയെത്തുന്നവർ ഇപ്പോഴുമുണ്ട്. ഈ ശുശ്രൂഷയെ കുറെക്കൂടെ ഗൗരവമായി കാണുവാൻ ഇടയായാൽ അനേക വ്യക്തി ജീവിതങ്ങളെ കർത്താവുമായി ബന്ധിപ്പിക്കുവാൻ നമുക്കു കഴിയും. മാർത്തോമ്മാ സഭാ എക്കാലവും സുവിശേഷ പ്രഘോഷകരുടെ സഭ തന്നെയാണ്. കാലഘട്ടത്തിന്റെ മാറ്റത്തിൽ അതിനു കോട്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തേണ്ടത് നമ്മുടെ കടമയാണ്. എന്തുകൊണ്ടെന്നാൽ ലോകം നമ്മെ ഉറ്റുനോക്കുന്നുവെന്ന് നാം മറക്കരുത്. കണക്കു ബോധിപ്പിക്കേണ്ട നാളിൽ ഉടയവനോട് കണക്കു പറയാൻ നാം പ്രതിജ്ഞാബദ്ധരാണ്. സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല എന്നു പറഞ്ഞ വിശുദ്ധ പൗലോസിനെപ്പോലെ സുവിശേഷവേലയിൽ അഭിമാനത്തോടെ നമുക്കു മുന്നേറാം, അത് സഭയുടെ കടമയും ദൗത്യവുമാണ് •

കവിത

## ഈ രാത്രി കഴിയും, ഞാൻ ഉണരും

രാത്രി, കൂരിരുട്ട്, അതിഗംഭീരമായ കൊടുങ്കാറ്റ്!
മരണത്തിന്റെ വന്യമായ, ക്രൂരമായ വിജയഗാനം പോലെ,
ന്യായവിധിയുടെ കാഹളം പോലെ,
ഇരുണ്ട താഴ്‌വരയിൽ നിന്നാണോ ശക്തമായ ഇടിമുഴക്കം!
ചുഴലിക്കാറ്റിന്റെ വന്യമായ ക്ഷോഭം പോലെ എന്റെ ആത്മാവ് പ്രക്ഷുബ്ധമാണ്.
ഓ, ഭയാനകമായ ഈ രാത്രിയിലും മിന്നലിന്റെ പ്രകാശം പരന്നിട്ടുണ്ട്.
അതു കാണാൻ ഞാൻ അന്ധനായോ?
എന്റെ നെഞ്ചിന്റെ അരികിൽ രാവിന്റെ ഭയപ്പെടുത്തുന്ന നിഴലാണോ?
ദൈവമേ, നിന്നോടുള്ള ഒരു ശിശുസഹജമായ പ്രാർത്ഥന എന്നിൽ നിന്ന് ഉയരട്ടെ.
നിഷ്കളങ്കർക്കു വിശ്വാസത്തിലൂടെ കാണാൻ കഴിയുന്ന പാത എനിക്കു കാണിക്കേണമേ.
എങ്കിൽ ഞാൻ നിരാശനാകില്ല, ഞാൻ പ്രതീക്ഷയിൽ ഉറച്ചുനിൽക്കും.
എന്റെ ദൈവത്തിലുള്ള വിശ്വാസം എന്റെ ഹൃദയം ആർത്തു പറയട്ടെ !
കൊടുങ്കാറ്റ് അലറട്ടെ,
ഞാൻ ഉറങ്ങുകയും വിശ്രമിക്കുകയും ചെയ്യും.
തീർച്ചയായും ഈ രാത്രി കഴിയും, ഞാൻ ഉണരും.
ശിശുസഹജമായ വിശ്വാസത്തോടെ പുനർജനിക്കും.



റവ. തോമസ് പി. കോശി
റാന്നി നസറെത്ത്

കവിത

## പ്രവാചക മൃത്യു

ദേവന്മാരൊക്കെ കാവലിരുന്നിട്ടും
പ്രവാചകാ നിനക്കകാല മരണം
ദൈവീക പ്രമാണങ്ങളനുസരിച്ചിട്ടും
പ്രവാചകാ നിനക്കകാല മരണം

കാലത്തിന്റെ തികവിലെത്തി
കാലം തികയ്ക്കാതെ പോയതെന്തേ?
കോലങ്ങൾ തിരിക്കുന്ന കാലചക്രത്തിൽ
കോമാളികളായി വഴുതി വീണതെന്തേ?

കോമരം തുള്ളുന്ന കാപാലികർ
കോപ്രായം കാട്ടി രസിക്കുന്നു
കാലത്തിനു കാവലിരിക്കും പ്രവാചകാ
കാലവും നിന്നെ നോക്കി ചിരിക്കുമോ

പ്രവാചകാ നീ
ചിരിക്കാത്തതെന്തേ?
കാലത്തിനൊപ്പം
ചരിക്കാത്തതെന്തേ?
നീ നിന്റെ നാളെകൾ
ചരിക്കാത്തതെന്തെ?



റവ. സാബു ഐസക്ക് ആവണീശ്വരം




# അയൽപക്ക നിർമ്മിതിയും ക്രിസ്തീയ ശുശ്രൂഷയും

ഭാരതത്തിലെ സമകാലീന പൊതുമണ്ഡലത്തിൽ ചർച്ചകളുടെയും, മുദ്രാവാക്യങ്ങളുടെയും, വായ്ത്താരികൾ രൂപപ്പെടുന്ന ഇന്നും നമ്മോട് ചോദിക്കുന്ന ചോദ്യമാണ് എവിടെയാണ് നിങ്ങളുടെ അയൽപക്കം? ആരാണ് നിങ്ങളുടെ അയൽപക്കം? പുതിയ നിയമത്തിൽ ഉയർന്നു കേൾക്കുന്ന ഒരുചോദ്യം ആരാണ് നിങ്ങളുടെ അയൽക്കാരൻ? ആരാണ് നിന്റെ കൂട്ടുകാരൻ?

ഭാരതസമൂഹത്തിന്റെ മുഖമുദ്ര എന്ന് നമ്മൾ വിശേഷിപ്പിക്കാറുള്ളത് 'Unity through diversity' എന്നുള്ളത് ആണ് വ്യത്യസ്തത പുലർത്തുമ്പോൾതന്നെ ഒന്നായിരിക്കുക എന്നത് ആണ് ഇതു അർത്ഥമാക്കുന്നത്. കോവിഡ് എന്ന മഹാമാരിക്കാലം വിതച്ച സാമ്പത്തിക നഷ്ടം, ആരോഗ്യനഷ്ടം, ജീവനാശം എന്നിവയുടെ ഭീതി ഇപ്പോഴും ഉള്ളിൽ ഞരങ്ങുമ്പോൾ ആണ് വിദ്വേഷപ്രസംഗവും, കൊലവിളികളുംകൊണ്ട് നമ്മുടെ സമൂഹം അധഃപതിക്കുന്നത്. ഈ അടുത്ത കാലത്ത് പുറത്തിറങ്ങിയ ഒരു ഗാനത്തിന്റെ വരികൾ ഇങ്ങനെയാണ് 'അന്നും പല മതം ഉണ്ടായിരുന്നു അതിനപ്പുറം അൻപ് ഉണ്ടായിരുന്നു'. എവിടെയോ നഷ്ടമായ സ്നേഹബന്ധങ്ങൾ. ഈ കാലഘട്ടത്തിൽ സഭയുടെ ദൗത്യവും, ക്രിസ്തീയ ശുശ്രൂഷയുടെ ആവശ്യവും പ്രസക്തമാണ്. ആയതിനാൽ സഭയുടെ ദൗത്യം കാലഘട്ടത്തിന്റെ ചിഹ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുക എന്നതാണ്.

അപ്പോ. പ്രവ. 1.13–20 അദ്ധ്യായങ്ങളിൽ പൗലോസ് തന്റെ വിവിധ മിഷണറി യാത്രകളും അതിനോട് അനുബന്ധിച്ച് വിവിധ ദൗത്യരീതിശാസ്ത്രങ്ങളും അവലംബിക്കുന്നുണ്ട്. ദൗത്യമാണ് സഭയുടെ അമ്മത്തൊട്ടിൽ.

പുരാതന ഗ്രീക്ക് പ്രവിശ്യയായ അറ്റിക്കയുടെ തലസ്ഥാനമായിരുന്നു അഥേന/Athens. ഈ നഗരം അഥേന ദേവിയുടെ പേരിൽ അറിയപ്പെട്ടു. ക്രിസ്തുവിന് മുൻപ് നാലാം സഹസ്രാബ്ദം മുതൽ ഇവിടെ



റവ. അനിൽ എബ്രഹാം, പുല്ലാട്

ആൾപ്പാർപ്പ് ഉണ്ടായിരുന്നു. അഥേന ദേവിയുടെ മാത്രമല്ല എറോസ് ദേവിയുടെ ക്ഷേത്രങ്ങളും അവിടെ ഉണ്ടായിരുന്നു. ക്രിസ്തുവിന് മുൻപ് അഞ്ചാം നൂറ്റാണ്ട് മുതൽ ജനായത്ത ഭരണ സംവിധാനം, സാഹിത്യരചനകൾ, സോക്രട്ടീസിന്റെ പ്രഭാഷണങ്ങൾ എന്നിവ ഈ സമൂഹത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിന് മാറ്റുകൂട്ടി, തത്വശാസ്ത്രത്തിലും കലയിലും പ്രശസ്തിയാർജ്ജിച്ച മറ്റൊരു സമൂഹം അവിടെ ഉണ്ടായിരുന്നില്ല. പൗലോസിന്റെ കാലത്തും ബൗദ്ധിക ലോകത്തിന്റെ കേന്ദ്രം അഥേനയായിരുന്നു.

ഔഗസ്തോസ് കൈസർ അധികാരത്തിൽ വന്നപ്പോൾ അഥേന 14 റോമൻ ശില്പങ്ങൾക്ക് വഴിമാറി. മതബഹുലതയുടെയും സാംസ്കാരിക പഴമയുടെയും, വൈവിധ്യങ്ങളുടെയും നടുവിൽ പൗലോസ് തന്റെ ദൗത്യം നിറവേറ്റുകയാണ്. പൗലോസിനോട് അഥേനക്കാർ വൈമുഖ്യം കാണിച്ചു എങ്കിലും, പൗലോസ് ഇവിടെ ഉപയോഗിച്ച രീതി മാതൃകാപരവും അനുകരണീയവുമാണ്. അയൽപക്കത്തുള്ള, നല്ല സുഹൃത്തുക്കളെ, സഹോദരങ്ങളെ നഷ്ടപ്പെടുത്തുന്ന ഈ കാലത്ത് ഈ ഓർമ്മപ്പെടുത്തലുകൾ പ്രസക്തമാണ്.

**ക്രിയാത്മക സംവാദത്തിലൂടെ നിർമ്മിക്കേണ്ട അയൽപക്കം.**

അപ്പോ. പ്രവ.: 17:16–21 വരെ ഭാഗങ്ങൾ പരിശോധിക്കുമ്പോൾ പൗലോസ് ശ്ലീഹ അവിടെ ഉണ്ടായിരുന്ന സമൂഹത്തോട് സംഭാഷിച്ചുപോന്നു, പള്ളിയിൽ ചന്തസ്ഥലത്തു ദിവസേന യഹൂദന്മാരെയും, ദൈവഭക്തന്മാരെയും കണ്ടവരോടും സംഭാഷിച്ചുപോന്നു. കൂടാതെ തത്വജ്ഞാനികളായ എപ്പികൂരിയരോടും സ്തോയിക്കാരോടും അവൻ സംവദിച്ചു എന്നു കാണുന്നു.

യഹൂദന്മാർ ന്യായപ്രമാണ പുസ്തകങ്ങളിൽ അടിയുറച്ചുവിശ്വസിക്കുന്നവരും, ദൈവഭക്തന്മാർ 'very religious' ആയ ആളുകളും, 'ചന്തസ്ഥലം', 'അഗോറ' ഇതു ഒരു ശ്മാശന ഭൂമിയാണെന്നും വേദപഠിതാക്കൾ അഭിപ്രായപ്പെടുന്നു. എപ്പിക്യൂരിസിൽ നിന്നും ഉണ്ടായ എപ്പിക്യൂരിയൻ തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരു കൂട്ടം ജ്ഞാനികൾ ഇവർ ഉദ്യാനത്തിലെ ജ്ഞാനികൾ എന്നും അറിയപ്പെട്ടിരുന്നു. ഭൗതിക ജീവിതത്തിൽ ദൈവിക വിഷയങ്ങൾക്ക് ഒരു സ്ഥാനവും ഇല്ലെന്നും ഭൗതികമല്ലാത്തതായി ഒന്നും ഇല്ലെന്നും ഈ സമൂഹം വിശ്വസിച്ചു. 'തിന്നുക, കുടിക്കുക, ആനന്ദിക്കുക'. ഭാരതത്തിൽ കാണുന്ന 'ചാർവാക' സമൂഹത്തോട് സാമ്യം പുലർത്തുന്ന സമൂഹം. A kind of hedonistic approach towards life.

സൈപ്രസിലെ സെനൊയുടെ അനുഗാമികൾ ആയിരുന്നു സ്റ്റോയിക്കർ. യുക്തിക്കു അനുസാരമായി സമ്പാദിക്കുന്ന ജ്ഞാനം. പ്രകൃതിയുമായി പൊരുത്തപ്പെട്ടു ജീവിക്കുന്നതാണ് തത്വജ്ഞാനിയുടെ ലക്ഷ്യം എന്നതാണ് ഇവരുടെ വാദം.

ഇത്തരത്തിൽ പ്രബുദ്ധരായ ഒരു കൂട്ടം സമൂഹത്തോട് സുവിശേഷീകരണം നടത്തുവാൻ 'പൗലോസ്' ഉപയോഗിച്ച രീതീശാസ്ത്രം സംഭാഷണം ആണ്. പൗലോസ് യേശുവിനെയും, പുനരുത്ഥാനത്തെയും കുറിച്ച് സംസാരിക്കുന്നു എന്നു പറഞ്ഞ് പൗലോസിനെ ദുഷിക്കുന്നു. രണ്ടുകാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. യേശുവിനെക്കുറിച്ചു പറയുന്നു. ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചു ഉയിർത്തെഴുന്നേറ്റ യേശു ആണ് സുവിശേഷം 'Gospel is word'. വചനം ജഡമായതാണ് ക്രിസ്തു. ഈ വചനം ആണ് logos. logos ദൈവവചനവും ഒന്നാണ് എന്ന് സ്റ്റോയിക് തത്വശാസ്ത്രങ്ങൾ അവകാശപ്പെടുന്നു. logos എന്നതിൽ ദൈവിക നടത്തിപ്പും മാറ്റമില്ലാത്ത അവസ്ഥയും ഉണ്ട്. പുനരുത്ഥാനം എന്നത് ബുദ്ധിക്ക് അപ്പുറം നിൽക്കുന്ന ഒന്നല്ല പൂർണ്ണ ശരീരത്തോടുകൂടിയ പുനരുത്ഥാനം ആണ്. ഭൗതിക ശരീരത്തോടുകൂടിയുള്ള പുനരുത്ഥാനം ആണ് പൗലോസ് ഇവിടെ പ്രതിപാദിക്കുന്നത്. ഭൗതികതയിൽ ദൈവികതയില്ല എന്ന് പഠിപ്പിക്കുന്ന എപ്പിക്യൂര്യൻ പഠിപ്പിക്കലിനു എതിരെ ക്രിയാത്മകമായ സംവാദം നടത്തുന്നു.

മലങ്കര സഭയുടെ വലിയ മെത്രാപ്പോലീത്താ ദൃശ്യസ്മരണീയനായ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി ക്രിയാത്മക സംവാദങ്ങൾക്കു വലിയ ഒരു മാതൃകയാണ്. ഒരു ഉദാഹരണം 'കർണാടകയിലെ അങ്കോലയിൽ താമസിച്ച് തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ മുതൽ 'ദൈവജനം' എന്ന സമൂഹം ആരാണെന്ന് കണ്ടെത്തുവാൻ ശ്രമിച്ചു. ജനങ്ങളുടെ തൊഴിലിടങ്ങളിൽ ചെന്നു സുവിശേഷ ദൗത്യം ആരംഭിച്ചതിലൂടെ സുവിശേഷം സംവദിക്കുന്ന രീതിയും ഭാഷയും പുനഃസൃഷ്ടിക്കുവാൻ മാർ ക്രിസോസ്റ്റം ശ്രദ്ധ ചെലുത്തി. തിരുമേനി പറയുന്നു: My primary concern was to be with the people I understand my work with the people as a work of liberation. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനവും, രാഷ്ട്രസ്വാതന്ത്ര്യത്തിനുവേണ്ടി അനേകർ അണിനിരന്നതും ഈ കാലഘട്ടത്തിന്റെ സാക്ഷ്യത്തെ വിഭാവനം ചെയ്യാൻ കാരണമായി. (മാർ ക്രിസോസ്റ്റം ജീവിത ലോകവും വേറിട്ട സഞ്ചാരവും) നല്ല അയൽപക്കങ്ങളെ, നല്ല സ്നേഹിതരെ ക്രിയാത്മക സംഭാഷണത്തിലൂടെയും, സംവാദത്തിലൂടെയും നമുക്ക് ഈ വിഘടന പ്രവർത്തനങ്ങൾ നടത്തുന്ന കാലത്തും നേടിയെടുക്കാം.

**ആരാധനയിലൂടെയും ആദരവിലൂടെയും നിർമ്മിക്കപ്പെടേണ്ട ആയിട്ടുള്ളവ**

അഥേനയിലെ നീതിപീഠം സ്ഥിതിചെയ്യുന്ന ഇടമാണ് അരയോപക കുന്ന്. ഇവിടെ 'അജ്ഞാത ദേവനു' എന്നു എഴുതിയിരിക്കുന്ന വേദിക്കല്ല് കാണുകയും അഥേന ദേവിയും, എറിസ് ദേവിയും ഇതര വിശ്വാസ രീതികളും നിലനിൽക്കുന്ന പശ്ചാത്തലത്തിൽ. അവിടെ നിലനിന്നിരുന്നതായ ഒരു സമ്പ്രദായം ചൂണ്ടിക്കാണിച്ചുകൊണ്ട് സുവിശേഷ പ്രവർത്തനം നടത്തുന്നു. ഈ യവനായ സമൂഹത്തെ അതിഭക്തന്മാർ 'you too superstious' എന്നും സംബോധന ചെയ്യുമ്പോൾ പോലും നിങ്ങൾ സംബോധന ചെയ്യുന്ന 'heathen' 'pagon' ആണ് എന്നുപറഞ്ഞ് 'Mastor/slave' ബന്ധം ഉണ്ടാക്കാതെ ലോകവും. അതിലുള്ളത് ഒക്കെയും ഉണ്ടാക്കിയ ദൈവം, ഭൂമിയിൻ നാഥൻ കൈപണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല എന്നും പൗലോസ് പ്രസംഗിക്കുന്നു. ഇവിടെ പൗലോസ് സ്രഷ്ടാവായ ദൈവം ഒരുവൻ മാത്രമാണ് എന്നു സമർത്ഥിക്കുന്നു. അതുമാത്രമല്ല ദൈവം കാലങ്ങൾക്കും സമയത്തിനും അപ്പുറം പ്രവർത്തിക്കുന്നവനായതിനാൽ ശുശ്രൂഷിക്കപ്പെടുന്നവനല്ല. മനുഷ്യനെ ഉളവാക്കിയത് ദൈവം ആണ്. തുടർന്നു ന്യായവിധിയെയും പുനരുത്ഥാനത്തെയും കുറിച്ചു പ്രസംഗിക്കുന്നു.

ഇവിടെ 'അതിഭക്തന്മാർ' എന്നു പൗലോസ് നിശിതമായി വിമർശിക്കുന്നുണ്ട് എങ്കിലും താൻ വിശ്വസിച്ച ദൈവം സർവ്വത്തിന്റെയും നാഥനാണ് എന്നു അഥേനയിൽ കൂടിയിരുന്നവരുടെ ദൈവികബോധ്യങ്ങളെ നിഷേധിക്കാതെ അവരുടെ അജ്ഞതയെ ആദരവോടെ തിരുത്തുന്നു. ഇവിടെ ഞങ്ങളുടെ വിശ്വാസം, എന്റെ വിശ്വാസം എന്ന രണ്ടു പക്ഷം അല്ല, മറിച്ചു This sermon at Areopagus creates a space of co-existance and intersectionality'. സഹവർത്തിത്വത്തിന്റെയും കൂടിച്ചേരലിന്റെയും ആദ്ധ്യാത്മികതയുടെ ഒരു ഉദാഹരണം ആണ് പൗലോസിന്റെ ഈ പ്രഭാഷണം. സ്രഷ്ടാവായ ദൈവത്തെയും രക്ഷകനായ യേശുവിനെയും ഇവിടെ ആരാധിക്കുകയും, 'അജ്ഞാത ദേവനെ' വിദ്വേഷിക്കാതെ ആദരിക്കുകയും ചെയ്യുന്നു. ഇതു കേവലം inculturation അല്ല മറിച്ചു, ഒന്നിനെ മറ്റൊന്നുമായി കൂട്ടികലർത്താതെ എവിടെയൊക്കെ കൂടിച്ചേരാം എന്ന ചിന്തയാണ് മുമ്പോട്ടുവയ്ക്കുന്നത്. ഭാഗ്യസ്മരണീയനായ ജോസഫ് മാർത്തോമ്മാ തിരുമേനി പറയുന്നതുപോലെ 'ആരാധിക്കുന്നതിനെ ആരാധിക്കുക, മറ്റുള്ളവയെ ആദരിക്കുക'. ഞാൻ നിങ്ങൾ, എന്റെ/നിന്റെ എന്ന ദ്വന്ദവാദം അല്ല നമ്മൾ എന്ന മൂന്നാം ഇടം (third space) ആണ് ഇന്നത്തെ കാലഘട്ടത്തിനു ആവശ്യം. നല്ല സ്നേഹിതരെ, അയൽപക്കത്തെ നിർമ്മിക്കുവിൻ Existence produce essence


CSS

# സി. എസ്. എസ്. സാഹിത്യമത്സരങ്ങൾ

## പുസ്തക നിരൂപണ മത്സരം
## ചെറുകഥാ മത്സരം
## ബാല കഥാരചനാ മത്സരം*

**ഓരോ മത്സരത്തിനും**

**ഒന്നാം സമ്മാനം**
3000 രൂപ മുഖവിലയുള്ള
സി.എസ്.എസ് പുസ്തകങ്ങൾ

**രണ്ടാം സമ്മാനം**
2000 രൂപ മുഖവിലയുള്ള
സി.എസ്.എസ് പുസ്തകങ്ങൾ

**മൂന്നാം സമ്മാനം**
1000 രൂപ മുഖവിലയുള്ള
സി.എസ്.എസ് പുസ്തകങ്ങൾ

ഒപ്പം പ്രശസ്തിപത്രവും

**പുസ്തക നിരൂപണത്തിനുള്ള സി.എസ്.എസ്. പുസ്തകങ്ങൾ**

1. ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കുന്ന ക്രിസ്തുസ്നേഹം
2. കുരിശിന്റെ ഉടലടയാളങ്ങൾ

*രചനകൾ ലഭിക്കേണ്ട അവസാന തീയതി:*
**2022 ഒക്ടോബർ 30**

*രചനകൾ അയയ്ക്കേണ്ട വിലാസം:*
**സെക്രട്ടറി**
**ക്രൈസ്തവ സാഹിത്യ സമിതി**
**തിരുവല്ല – 689 101**

*കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:*
**റവ. ചാർളി ജോൺസ്**
**സി.എസ്.എസ്. തിരുവല്ല**
**ഫോൺ: 9591882998**

**ബാലകഥാരചനാമത്സരം സണ്ടേസ്കൂൾ അധ്യാപകർക്കാണ്*

# ട്രിനിറ്റി മാർത്തോമ്മാ ചർച്ച്, ഹൂസ്റ്റൺ

ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മാ ഇടവകയിൽ നിന്നും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക്, വിദ്യാഭ്യാസം (പ്രൊഫഷണൽ കോഴ്സ്), ഭവന നിർമ്മാണം, വിവാഹം എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കുന്നു.

***നിബന്ധനകൾ***

1. അപേക്ഷകർ മാർത്തോമ്മാ സഭാംഗങ്ങൾ ആയിരിക്കണം.
2. മാർത്തോമ്മാ സഭയിലെ സുവിശേഷകർക്കും, ഇടവക ശുശ്രൂഷകർക്കും, വിധവമാർ, സുവിശേഷ വേലയുടെ ഭാഗമായി സഭാംഗങ്ങൾ ആയവർ എന്നിവർക്ക് മുൻഗണന.
3. ഭവന നിർമ്മാണത്തിന് അപേക്ഷിക്കുന്നവർ സ്വന്തം പേരിൽ ഭൂമി ഉള്ളവരും, ഉടൻ നിർമ്മാണം ആരംഭിക്കുന്നവരും ആയിരിക്കണം. വിവാഹ സഹായത്തിന് അപേക്ഷിക്കുന്നവർ വിവാഹം നിശ്ചയിച്ച / ഉടൻ നടത്തുവാൻ തീരുമാനിക്കുന്നവർ ആകണം.
4. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർ മതിയായ രേഖകൾ സമർപ്പിക്കണം.

അർഹതപ്പെട്ടവർ, അപേക്ഷയും മതിയായ രേഖകളും ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം trinitymtcsecretary@gmail.com എന്ന e-mail address ലേക്ക് October 31 നു മുമ്പായി Scan ചെയ്ത അപേക്ഷ അയക്കേണ്ടതാണ്. Trinity mtc financial aid എന്ന email subject രേഖപ്പെടുത്തണം.
മേൽവിലാസവും മൊബൈൽ നമ്പരും അപേക്ഷയിൽ ഉണ്ടായിരിക്കണം.

ഇടവകയ്ക്കുവേണ്ടി,

**റവ. സാം കെ. ഈശോ** (വികാരി)

**റെജി ജോർജ്ജ്** (സെക്രട്ടറി)

**റവ.റോഷൻ വി മാത്യൂസ്** (അസി.വികാരി)

## അനുസ്മരണം



**പി. ഒ. ചാക്കോ**

മത്തായിമുക്ക് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ മിസ്സാർഹിൽ **പി.ഒ. ചാക്കോ**, (92) റിട്ട. ഡിസ്ട്രിക് റജിസ്റ്റാർ നിര്യാതനായി. സംസ്കാരശുശ്രൂഷ മത്തായിമുക്ക് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്ത അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഇടവക വൈസ് പ്രസിഡന്റ്, സെക്രട്ടറി, സണ്ടേസ്കൂൾ സെന്റർ ഇൻസ്പെക്ടർ, ഓർഗനൈസർ, മണ്ഡലാംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇടവകയുടെ ദൈവാലയ നിർമ്മാണത്തിലും, പാഴ്സനേജിന്റെ നിർമ്മാണത്തിലും മുഖ്യ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. ഭാര്യ. വിലങ്ങറ മാന്തോട്ടത്തിൽ മറിയാമ്മ തോമസ് (റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ റവ. ഡോ. സാംസൺ എം. ജേക്കബ് (ഭദ്രാസന സെക്രട്ടറി, ചെങ്ങന്നൂർ മാവേലിക്കര ഭദ്രാസനം, ഉമയാറ്റുകര മാർത്തോമ്മാ ഇടവക) ജോൺസൺ എം. ജേക്കബ് (തിരുവനന്തപുരം ഗൈഡൻസ് സെന്റർ ട്രഷറാർ) തോംസൺ എം. ജേക്കബ് (പേരൂർക്കട മാർത്തോമ്മാ യുവജനസഖ്യം വൈസ് പ്രസിഡന്റ്, എൻജീനയർ, VSSC) ഡോ. സൂസൻ എം. ജേക്കബ് (മണ്ഡലാംഗം). മരുമക്കൾ. റജി വർഗ്ഗീസ് (റിട്ട. പ്രിൻസിപ്പൽ, SSHS തിരുവല്ല) ജി ജോൺസൺ, സുമം എം. ജെ ഗവൺമെന്റ് എൻജീനയിറിംഗ് കോളേജ് തിരുവനന്തപുരം), അലകസ് പി. വി (റിട്ട. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,കൊല്ലം)

**റവ. ജി. വിൽസൺ**, വികാരി

## അനുസ്മരണം



വെരി റവ. ഡോ. പി. പി. ഏബ്രഹാം

മാർത്തോമ്മ സഭ സീനിയർ വികാരി ജനറലും അടൂർ ഇമ്മാനുവൽ മാർത്തോമ്മ ഇടവക അംഗവുമായ **വെരി റവ. ഡോ. പി. പി. ഏബ്രഹാം അച്ചൻ** ഓഗസ്റ്റ് 27ന് നിര്യാതനായി. ഓടനാവട്ടം, പൂയപ്പള്ളി, തലവൂർ, ജാലഹള്ളി,മൈസൂർ,ബാംഗളൂർ, കൈതക്കുഴി, നെടുംപ്രം,തിട്ടമേൽ, ലോസാഞ്ചലസ്,വഴുതക്കാട്, കോഴഞ്ചേരി മുതലായ ഇടവകകളിൽ ശുശ്രൂഷ ചെയ്തു.സുവിശേഷ പ്രസംഗ സംഘം ജനറൽ സെക്രട്ടറി,സഞ്ചാര സെക്രട്ടറി,ഗോസ്പൽ ടീം ഡയറക്ടർ, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് എ. എം. എം.ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പ്രിൻസിപ്പൽ,വൈദിക സെമിനാരി അധ്യാപകൻ എന്നീ നിലകളിലും സഭയുടെ വിവിധ സമിതികളിലും ശുശ്രൂഷ നിർവഹിച്ചു.മാരാമൺ കൺവൻഷനിൽ ഭാഷാന്തരം നിർവഹിച്ചിട്ടുണ്ട്. അനേകം പുസ്തകങ്ങളുടെ രചയിതാവാണ്. ബസ്ക്യാമ്മ: മുണ്ടിയപ്പള്ളിൽ ചേച്ചാക്കുന്നിൽ ഗ്രേസി ഏബ്രഹാം, മക്കൾ: ഉഷ, ഷൈനി, നിഷ, പ്രകാശ്.

**റവ. ബേബി ജോൺ**, വികാരി

---



അഡ്വ. പി. എ. സൈറസ്

ദരിദ്രരുടെ വിമോചനം സ്വപ്നം കണ്ട മാർത്തോമ്മ സഭയുടെ അഭിമാനം **അഡ്വ. പി. എ. സൈറസ്** നിര്യാതനായി. പേരൂർക്കട എബനേസർ മാർത്തോമ്മാ ഇടവകാംഗമായിരുന്നു. മാർത്തോമ്മ സഭ മാനവസേവ പുരസ്കാരം സ്വീകരിച്ച ശേഷമാണ് വിയോഗം. കേരളം, ഒഡീഷ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ആന്ധ്ര മുതലായ സ്ഥലങ്ങളിൽ ഋഷി തുല്യനായി ഗ്രാമങ്ങളുടെ ഉദ്ധാരണത്തിന് വേണ്ടി പോരാടി. ഫിലോസഫിയിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം നേടി ഏജീസ് ഓഫീസിൽ ലഭിച്ച ജോലി ഉപേക്ഷിച്ചാണ് കേരളമെങ്ങും സൗഹൃദ കൂട്ടായ്മകൾ ആരംഭിച്ചത്. ഗ്രാമങ്ങളുടെ വിമോചനത്തിന് നിയമം അറിയണം എന്ന തിരിച്ചറിവിൽ നിയമ ബിരുദം നേടി. വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ സ്കൂളുകളും ഹോസ്റ്റലുകളും തുടങ്ങി ദൈവരാജ്യ ദർശനത്തോടെ സുവിശേഷം ആയിത്തീർന്ന മുന്നണി പോരാളി. ഭാര്യ: അന്നമ്മ, മക്കൾ: എബി ഏബ്രഹാം, എസ്സി ആനി, മരുമക്കൾ: രേഖ ഏബ്രഹാം, രാജേഷ് കെ. അലക്സ്.

**റവ. ബിനോയ് ജെ. തോമസ്**, വികാരി

---



എം. ജോൺ

അടൂർ ഭദ്രാസന സെക്രട്ടറിയും അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക വികാരിയുമായ ബഹു. ബേബി ജോൺ അച്ചന്റെ പിതാവ് കടമ്പനാട് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗമായ പൊയ്കയിൽ **ശ്രീ. എം. ജോൺ** (76) ഓഗസ്റ്റ് 24- ന് നിര്യാതനായി. സംസ്കാര ശുശ്രൂഷ 26 -ാം തീയതി അഭിവന്ദ്യരായ തിരുമേനിമാരുടെ നേതൃത്വത്തിൽ കടമ്പനാട് ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു., ഭാര്യ: കുട്ടിയമ്മ ജോൺ, മക്കൾ: റവ. ബേബി ജോൺ, സ്റ്റാൻലി ജോൺ, അലക്സാണ്ടർ തരകൻ, മരുമക്കൾ: ദീപ ബേബി ജോൺ, സുനിത സ്റ്റാൻലി, വിദ്യ അലക്സാണ്ടർ

**റവ. റോണി ചെറിയാൻ**, വികാരി

---




റവ. കെ. എം.വർഗീസ്

അയിരൂർ കർമേൽ മാർത്തോമ്മ ഇടവക അംഗമായ **റവ. കെ. എം. വർഗീസ്** (91) 2022 ഓഗസ്റ്റ് 1 ന് നിര്യാതനായി. 4-ാം തീയതി നടത്തപ്പെട്ട സംസ്കാര ശുശ്രൂഷകൾക്ക് ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, തോമസ് മാർ തിമോത്തിയോസ്, ഡോ. ഗ്രീഗോറിയോസ് മാർ സ്തെഫാനോസ്, ഡോ. ഏബ്രഹാം മാർ പൗലോസ് എന്നീ അഭിവന്ദ്യ തിരുമേനിമാരും, അനേകം വൈദികരും, വലിയൊരു വിശ്വാസ സമൂഹവും പങ്കെടുത്തു. മൂന്നാർ, വെള്ളത്തൂവൽ, മന്ദമരുതി, ബെഹ്റൈൻ, ദോഹ, അയിരൂർ, ഇടപ്പാവൂർ, പഴവങ്ങാടിക്കര,പുല്ലാട് മുതലായ ഇടവകകളിൽ ശുശ്രൂഷ ചെയ്തു. 1997-ൽ സജീവ സേവനത്തിൽ നിന്ന് വിരമിച്ചു. ബസ്ക്യാമ്മ: പരേതയായ മേരികുട്ടി വർഗീസ്, മക്കൾ:ജെസ്സി, റോയ്, റെഞ്ചി, റോണി മരുമക്കൾ: റവ. കുരിയൻ ജോർജ്, ഷീബ,സിനി,സോഫിയ.

**റവ. ഫിലിപ്പ് ജോർജ്**, വികാരി

---



ബ്രദർ വി. എം. ചെറിയാൻ

**ബ്രദർ വി. എം. ചെറിയാൻ**, സിഹോറ കൃസ്ഥപന്ഥി ആശ്രമത്തിൽ 70 വർഷങ്ങൾ ശുശ്രൂഷ നിർവഹിച്ച സീനിയർ അംഗം 'കുഞ്ഞപ്പഞ്ചായൻ ' (95) 13/08 ൽ നിര്യാതനായി. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മെപ്രാൽ ഇമ്മാനുവൽ മാർത്തോമ്മ ഇടവകയിൽ ശ്രീ. മാത്യുവിന്റെയും സാറാമ്മയുടെയും മകനായി ജനിച്ചു സുവിശേഷ ദർശനം ഉൾകൊണ്ട് ആശ്രമത്തിന്റെ ഭാഗമായി പ്രവർത്തിച്ചു.

**റവ. മാത്യു കെ. ചാണ്ടി**, ആചാര്യ

# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

***സർക്കുലർ നമ്പർ: 64***

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു
പട്ടക്കാരും പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

2022 സെപ്റ്റംബർ 13, 14, 15 (ചൊവ്വ, ബുധൻ, വ്യാഴം) എന്നീ തീയതികളിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറേറാറിയത്തിൽ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലം എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് നാല് പേരെ കൂടി തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുകയും, എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് യോഗ്യതയുള്ള ആളുകളെ നിർദ്ദേശിക്കുന്നതിന് ഒരു എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡിനെ നിയമിക്കുകയും പ്രസ്തുത തീരുമാനവും നിയമനവും എപ്പിസ്ക്കോപ്പൽ സിനഡ് അംഗീകരിച്ച് 2022 സെപ്റ്റംബർ 16ാം തീയതിയിലെ 63ാം നമ്പർ കല്പന മൂലം നമ്മുടെ സഭയിൽപ്പെട്ട എല്ലാ ഇടവകകളെയും അറിയിച്ചിട്ടുള്ളതുമാണ്. മെത്രാപ്പോലീത്താ ഈ ബോർഡിന്റെ അദ്ധ്യക്ഷനും, എപ്പിസ്ക്കോപ്പൽ സിനഡ് നിർദ്ദേശിച്ചിരിക്കുന്ന ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ ഉപാദ്ധ്യക്ഷനും, സഭാ സെക്രട്ടറി സെക്രട്ടറിയും ആയിരിക്കും.

എപ്പിസ്കോപ്പൽ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് സഭയുടെ അതിഗൗരവമായ ഒരു ചുമതലയും ഭയഭക്തിപൂർവ്വം നിർവ്വഹിക്കേണ്ട ഒരു കൃത്യവു മാണെന്ന് നമ്മുടെ സഭാംഗങ്ങൾ ഏവരും ധരിച്ചിരിക്കണമെന്ന് ആഗ്രഹിക്കുന്നു. ഈ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെടുന്ന ആളുകളുടെ യോഗ്യതകളെപ്പററി സഭാ ഭരണഘടനയിൽ താഴെകാണുന്ന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

1. ഉത്തമസ്വഭാവം, നല്ല നടത്ത, പഥ്യോപദേശം, വിശ്വാസസ്ഥിരത, ദൈവ ഭക്തി, പക്വബുദ്ധി, കാര്യപ്രാപ്തി എന്നിവകൊണ്ട് പൊതുസമ്മതം ലഭിച്ചിരിക്കുക.

2. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അംഗമായിരുന്നു സഭയുടെ വിശ്വാസാചാരങ്ങളെയും മേലദ്ധ്യക്ഷാധികാരത്തെയും സ്വയംഭരണ സ്വാതന്ത്ര്യത്തെയും പരിപൂർണ്ണമായി അംഗീകരിക്കുക.

3. കാലാനുസൃതമായ ഉത്കൃഷ്ട വിദ്യാഭ്യാസവും വേദപാണ്ഡിത്യവും തൃപ്തികരമായ ശരീരാരോഗ്യവും ഉണ്ടായിരിക്കുക.

4. വേദോപദേശത്തിനെതിരല്ലാത്ത കീഴ്നടപ്പിനാൽ സ്ഥാപിതമായതോ പ്രതിനിധി മണ്ഡലത്താൽ അപ്പഴപ്പോൾ നിശ്ചയിക്കപ്പെടുന്നതോ ആയ മററു യോഗ്യതകൾ ഉണ്ടായിരിക്കുക.

5. നിർദ്ദേശിക്കപ്പെടുന്ന ആളിനു പതിനേഴാം വകുപ്പ് അനുസരിച്ച് എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് യോഗ്യതയുള്ളവരുടെ പേരുകൾ അറിയിക്കുന്നതിനു മെത്രാപ്പോലീത്താ ഇടവകകൾക്ക് അയക്കുന്ന കല്പനയിൽ അനുശാസിക്കുന്ന അവസാന തീയതിക്കോ, അതിനു മുൻപോ 40 വയസ്സും 15 വർഷത്തെ പട്ടത്ത സേവനവും പൂർത്തിയായിരിക്കേണ്ടതാണ്.

6. എപ്പിസ്കോപ്പാ വിവാഹിതനായിരിക്കാമെന്നു വേദപുസ്തകത്തിൽ അനുവദിച്ചിട്ടുണ്ടെങ്കിലും, മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ എപ്പിസ്ക്കോപ്പാമാർ അവിവാഹിതരായിരിക്കുന്ന പുരാതനമായ കീഴ്നടപ്പ് പാലിച്ചു കൊണ്ടുപോകുന്നത് ആവശ്യമുള്ളതിനാൽ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെടുന്നവർ അവിവാഹിതരായിരിക്കേണ്ടതാണ്.

ഇപ്രകാരമുള്ള നാല് പട്ടക്കാരെ തെരഞ്ഞെടുക്കുന്നതിന് അത്യന്താപേക്ഷിതമായ പരിശുദ്ധാത്മ നൽവരവും ദൈവിക നടത്തിപ്പും പരിജ്ഞാനവും തെരഞ്ഞെടുപ്പ് സംബന്ധിച്ച് ചുമതലയുള്ള ഏവർക്കും ലഭിക്കുന്നതിനും തെരഞ്ഞെടുപ്പ് സംബന്ധിച്ച സർവ്വകാര്യങ്ങളും ദൈവഹിതപ്രകാരം യോഗ്യമായ വിധത്തിൽ നടക്കുന്നതിനും ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൂടാതെ മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് യോഗ്യതയുള്ളവരുടെ പേരുകൾ സഭാ കൗൺസിലിനെ അറിയിക്കുന്നതിന് നമ്മുടെ സഭാംഗങ്ങൾക്കു സ്വാതന്ത്ര്യമുണ്ട് എന്നുള്ള വിവരം നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുന്നു. അങ്ങനെ ചെയ്യണമെന്നാഗ്രഹിക്കുന്നവർ നമ്മുടെ സഭാ സെക്രട്ടറി റവ. സി. വി. സൈമൺ, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല 689101, കേരളം എന്ന മേൽവിലാസത്തിൽ **2022 ഒക്ടോബർ മാസം 31ാം തീയതി തിങ്കളാഴ്ച 5.00 p.m.നകം** സഭാ ആഫീസിൽ ലഭിക്കത്തക്കവണ്ണം എഴുതി അറിയിക്കേണ്ടതാണ്. എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് യോഗ്യതയുള്ളവരുടെ പേരുകൾ നിർദ്ദേശിക്കുന്നവർ സഭാംഗം ആണെന്നു തെളിയിക്കുന്നതിന് ഇടവക വികാരിയിൽ നിന്നും സാക്ഷ്യപത്രവും കൂടി അയക്കേണ്ടതാണ്.

പ്രിയരെ, നമ്മുടെ സഭയുടെ മേലദ്ധ്യക്ഷന്മാരായി ഓരോ കാലഘട്ടങ്ങളിലും തക്ക ആളുകളെ എഴുന്നേല്പിച്ച് നമ്മെ നടത്തിയിട്ടുള്ള പരമ കാരുണികനായ ദൈവം നമ്മുടെ സഭയുടെ ഈ പ്രത്യേക ആവശ്യഘട്ടത്തിലും തക്ക നേതാക്കന്മാരെ നൽകി സഹായിക്കുമെന്ന് പ്രത്യാശിക്കുകയും അതിനായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും
2022 സെപ്റ്റംബർ 19–ാം തീയതി



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

---

## വാർഡനെ ആവശ്യമുണ്ട്

റാന്നി- നിലയ്ക്കൽ ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള ഇടക്കുളം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ് വനിതാ ഹോസ്റ്റൽ വാർഡന്റെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്രായം 45 ൽ കുറയരുത്. ഡിഗ്രി ഉള്ളവർക്കും മുൻ പരിചയം ഉള്ളവർക്കും പരിഗണനയുണ്ടായിരിക്കും. ആകർഷകമായ വേതനം ലഭിക്കുന്നതാണ്.

അപേക്ഷകൾ അനുബന്ധരേഖകളുടെ കോപ്പി സഹിതം ഭദ്രാസന സെക്രട്ടറിക്ക് **2022 ഒക്ടോബർ 20** നുള്ളിൽ ലഭിച്ചിരിക്കേണ്ടതാണ്.

**Rev. Raju P. George, Diocesan Secretary**
Ranni Nilackal Diocese, TMAM Mar Thoma Centre, Mandiram, Ranni - 689672
Email: ranninilackal@marthoma.in, Ph: 8281583752

## ആവശ്യമുണ്ട്

വൈ.എം. സി. എ. കേരള റീജിയന്റെ പ്രവർത്തനങ്ങൾക്ക് ബിരുദധാരിയായ ട്രെയ്നി സെക്രട്ടറിയെ ആവശ്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്
റീജിയണൽ സെക്രട്ടറി, വൈ. എം. സി. എ. ക്യാമ്പ് സെന്റർ
തോട്ടുമുഖം പി. ഒ., ആലുവ 683 105
ഫോൺ: **0484 2623193, 8281808931**

# WANTED

## APPLICATIONS ARE INVITED FOR THE FOLLOWING POST AT MAR THOMA SABHA OFFICE, TIRUVALLA

| | POST | NO. OF VACANCY | ELIGIBILITY |
|---|---|---|---|
| 1 | **CLERICAL STAFF** | 3 | Graduate with knowledge of computer DTP English and Malayalam, Tally are added qualifications.<br>Age – Below 35 years |
| 2 | **CLERICAL STAFF AT ACCOUNTS SECTION** | 1 | Graduate in Commerce Preference shall be given to candidates who have completed CA Articleship.<br>Age – Below 35 years |
| 3 | **COMPUTER ASSISTANT AT EDP SECTION** | 1 | Graduate in Computer Science or Electronics or Computer Application or Information Technology / PGDCA Preference shall be given to candidates having sound knowledge of Hardware and Software, Networking and Programming, Database Management, Digital Designing Social Media Management etc.<br>Age – Below 35 years |
| 4 | **ESTATE OFFICER** | 1 | (Contract Basis) - Age below 60 years and be able to handle property, building and matters regarding tenants. Retired hands can also apply. |
| 5 | **PEON** | 1 | Below graduate. Valid LMV License is desirable Age – Below 35 years |
| 6 | **PART TIME SWEEPER** | 1 | (Contract Basis) |

*Note :*

1. Only Marthomite candidates shall apply for the above posts.
2. Application shall contain the proof of age, self attested copies of certificates regarding educational qualifications, experience certificate and church membership certificate from the vicar.
3. Application shall reach Sabha Secretary, Mar Thoma Sabha Office, Tiruvalla, Kerala – 689 101 on or before 5.00 P M 31.10.2022

Tiruvalla
28.09.2022

Sd/-
**Rev. C. V. Symon**
Sabha Secretary

Registered with the Registrar of Newspapers of India under Licence No.7958/57 Postal Registration No.
KL/TLA/13/2021-23 Licenced to post without prepayment of postage
Published on 01-10-2022 Licence No. KL/TLA/WPP/22/2021-23

**തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മൂറോൻ കൂദാശ വിവിധ ദൃശ്യങ്ങൾ**








## അടുത്ത ലക്കങ്ങളിലെ ചിന്താവിഷയങ്ങൾ

നവംബർ: **ശൈശവം സാധ്യതകളിലേക്കുള്ള കുതിച്ചുചാട്ടം**

November: **Childhood-leaping towards possibilities**

ഡിസംബർ: **ക്രിസ്തുമസ്: ദൈവസ്നേഹത്തിന്റെ ജഡധാരണം**

December: **Christmas: Manifestation of God's love**

Printed and Published by Rev. Mammen Samuel on behalf of the Malankara Sabha Tharaka, Tiruvalla.
Owned by The Mar Thoma Syrian Church and printed at Mar Thoma Press, Thiruvalla - 689 101 and published at Mar Thoma Sabha Office, Thiruvalla - 689 101, Kerala. Chief Editor: Rev. Dr. Easow Mathew